Malayalanadu weekly Quilon.
July 20 1975
Phones: 2825, 3362

മലയാളനാട് വാരിക

പത്രാധിപർ,
എസ്. കെ. നായർ

താളുകൾ മറിക്കുമ്പോൾ

ലേഖനങ്ങൾ

മാനസികാപഗ്രഥനം—
സാഹിത്യവിമർശനത്തിൽ
— സെബാസ്റ്റ്യൻ പുത്തുവീട്ടിൽ 2

എന്താണ് ആധുനികത?
—എം. മുകുന്ദൻ 22

പുതിയ സംവിധായകരിൽ
പരസ്പരാധാരണ ഇല്ല
— രാജ്മാർബറോസ് 25

ഉത്തമായനം പഴയ
തലമുറയോട് ചെയ്ത
ഒരു നന്ദികേട്
— തായാട്ട് ശങ്കരൻ 35

യുഗസംക്രമം എവിടെവരെ
— വൈക്കം
ചന്ദ്രശേഖരൻനായർ 50

കവിതകൾ

ഉഷസ്സേ സുഹൃത്തേ
—ഏറുമാനൂർ സോമദാസൻ 7

ആഷാഢമേഘങ്ങളോട്
— ഹരീന്ദ്രനാഥകരുപ്പ് 38

കഥ.

ദൂതു —വിജയൻ കരോട്ട് 14

ഈ ജന്മം
—മുണ്ടൂർ സേതുമാധവൻ 18

അമാവാസി
— എ. എം. പ്രഭാവതി 46

മഞ്ഞിൽ നനയുന്നപൂക്കൾ
— ശാരി 53

നോവൽ:
വഷളൻ
—പമ്മൻ 30

ഗ്രഹാജീവികൾ
—ഇ. എം. കോവൂർ 41

പംക്തികൾ
സാഹിത്യവാരഫലം
—എം. കൃഷ്ണൻനായർ 10

കമ്പസാരം —എൽ. എസ്. 39

ഗ്രന്ഥനിരൂപണം
—എം. കെ. മേനോൻ 56

സിനിമ
— മംഗലശ്ശേരി 60

മുഖചിത്രം
ഫോട്ടോ: ആർ. രാജൻ

പുസ്തകം ഏഴ് ലക്കം പത്ത് 1150 കക്കിടകം 4

മാനസികാപഗ്രഥനം – സാഹിത്യവിമർശനത്തിൽ

സെബാസ്റ്റ്യൻ പുത്തുവീട്ടിൽ

ഒരാശയം മഹത്തായ ഒരു പ്രസ്ഥാനമായി വളർന്നവതിക; മനുഷ്യജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളിലും; സാർവജനീനമായിത്തന്നെ, അതു്, പ്രബലമായ പ്രതികരണം ഉളവാക്കുക. ജീവിതത്തിന്റെ നേക്കുള്ള സമീപനത്തിൽ അടിസ്ഥാനപരമായ പരിവർത്തനം വരുത്തുക; ലോകചരിത്രത്തിൽ അതിവിദൂരമായേ ഈ പ്രക്രിയ കാണുകയുള്ളൂ. പ്ലേറോവിന്റെ ആശയസിദ്ധാന്തമോ, അരിസ്റ്റോട്ടിലിന്റെ ശ്രുപസിദ്ധാന്തമോ ഒരു പ്രസ്ഥാനമായി വളർന്നില്ല: മതങ്ങൾ പൊതുവേ സംഘടിതപ്രസ്ഥാനങ്ങളായിത്തീർന്നെങ്കിൽ തന്നേയും, മഹത്തായ ഒരാശയത്തിന്റെ യുക്തിക്കിണങ്ങിയ വളർച്ചയായി അവയെ പരിഗണിച്ചുകൂടാ. എങ്കിലും ഡാർവിനിസത്തിനും മാർക്സിസത്തിനും മാനസികാപഗ്രഥനത്തിനും ഇതരമായ പ്രതികരണം ഉളവാക്കിയെന്നു് സുചിപ്പിച്ചുവല്ലോ. സാഹിത്യവിമർശനരംഗത്തും ഫ്രോയിഡിയൻ ചിന്ത ഒരു പുതിയ പാത വെട്ടിത്തുറന്നു. അതെപ്പറ്റി മാത്രം സംക്ഷിപ്തമായി പ്രതിപാദിക്കയാണു് ഈ ലേഖനത്തിന്റെ ഉന്നം.

കലാകാരന്മാർ പൊതുവേ സിരാരോഗികളും, കലാസൃഷ്ടി പ്രക്രിയ ഒരു തരം സ്വയം ചികിത്സാസമ്പ്രദായവുമാണെന്ന നിഗമനത്തിൽ അധിഷ്ഠിതമാണു്; സാഹിത്യസൃഷ്ടിയുടെ നേക്കുള്ള മാനസികാപഗ്രഥനപ്രസ്ഥാനത്തിന്റെ സമീപനം. എങ്കിൽ എല്ലാ സിരാരോഗികളും കലാകാരന്മാരാകുമോ എന്നൊരു മറുചോദ്യം ഉന്നയിക്കപ്പെട്ടേക്കാം. സിരാരോഗികളെല്ലാം കലാകാരന്മാരാവില്ല തന്നെ. അവർക്കു് സ്വയം ചികിത്സാരൂപമേ സായത്തമായിട്ടില്ലെന്നു് ചുരുക്കം. തന്നിമിത്തം ആത്മാവിഷ്കാരപര കലാകാരന്റെ സിരാരോഗത്തെ സൃഷ്ടിമുഖമായി തിരിച്ചുവിടുന്നു എന്നു മാത്രം. മാനസികാപഗ്രഥന സിദ്ധാന്തമനുസരിച്ചു് സിരാരോഗങ്ങൾ അബോധമനസ്സിൽ അടിച്ചമർത്തപ്പെട്ടുകിടക്കുന്ന അഭിലാഷങ്ങളുടെ പ്രതികരണമാണെന്ന വസ്തുത ശ്രദ്ധേയം: അപ്പോൾ സാഹിത്യസൃഷ്ടിയും അബോധമനസ്സിൽ അടിച്ചമർത്തപ്പെട്ടു കിടക്കുന്ന അഭിലാഷങ്ങളുടെ പ്രച്ഛന്നപ്രകടനയുള്ള ബഹിർപ്രകാശനമാണെന്നു് സിദ്ധിക്കുന്നു. കലയും സാഹിത്യവും മാത്രമല്ല, ശാസ്ത്രവും തത്വചിന്തയും മതവുമെല്ലാം ഇവ്വിധം സിരാരോഗങ്ങളുടെ ഉല്പന്നങ്ങളാണെന്നത്രെ ഫ്രോയിഡിന്റെ വാദം. എങ്കിൽ മാനസികാപഗ്രഥനവും സിരാരോഗത്തിന്റെ ഉല്പന്നമല്ലേ എന്നു ചോദിച്ചാലോ? അപ്രകാരം ഒരു ചോദ്യം ഫ്രോയിഡിനോടു് ആരെങ്കിലും ഉന്നയിച്ചിരുന്നതായി തോന്നുന്നില്ല. ഉന്നയിച്ചിരുന്നെങ്കിൽ ഫ്രോയിഡു് എന്തു മറുപടി നൽകുമായിരുന്നുവെന്നു നിശ്ചയവുമില്ല.

ഏതായാലും കലാസൃഷ്ടിയെപ്പറ്റി ഫ്രോയിഡിന്റെ അഭിപ്രായം കഴിയുന്നത്ര ലളിതമായി സംക്ഷിപ്തമാക്കാൻ ശ്രമിക്കാം. യഥാർത്ഥജീവിതത്തിൽ നുകർത്തുപ്പിപ്പെട്ടുവാൻ കഴിയാത്ത ചില രഹസ്യമായ കാമചോദനകളുണ്ടു്. ഈ വാസനകൾക്കു് സ്വപ്നം മനോരഥനിർമ്മിതമായ (സാങ്കല്പിക) ജീവിതത്തിൽ, സഹജവാസനയാലുടെ, ഉദാത്തമായ രൂപത്തിൽ സംതൃപ്തി നേടുവാൻ കലാകാരനു കഴിയുന്നു: ഇതിന്റെ അർത്ഥം കലാകാരൻ ഒരു സിരാരോഗി ആണെന്നു തന്നെ. സഹജമായ ചോദനകളെ ശമിപ്പിക്കാൻ കലാകാരനു കഴിവു നൽകുന്ന സ്വയം ചികിത്സാസമ്പ്രദായമാണു് കലാസൃഷ്ടി. കലാകാരന്മാരല്ലാത്ത മറ്റുസിരാരോഗികൾക്കാകട്ടെ സഹജമായ ചോദനകളെ ഈ വിധം ശമിപ്പിക്കാനോ നിയന്ത്രിക്കാനോ കഴിയുന്നതല്ല. മറ്റുവിധം പറഞ്ഞാൽ കലാകാരന്മാർക്കു് മറ്റു സിരാരോഗികളെ അപേക്ഷിച്ചു് നിയന്ത്രണങ്ങളും, വിലക്കുകളും കുറവാണെന്നർത്ഥം. "കഴുതക്കാമം കരഞ്ഞുതീർത്തു" എന്നു നാം പറയാറുണ്ടല്ലോ. കലാസൃഷ്ടി പ്രക്രിയയുടെ ഏറ്റവും താണ പടവിലുള്ള ഒരു ഘട്ടമായി കഴുതക്കരച്ചിലിനെ കരുതേണ്ടിവരും; കലാസൃഷ്ടിയാകട്ടെ ഈ കരച്ചിലിന്റെ—ആത്മാവിഷ്കാരത്തിന്റെ ഉദാത്തരൂപവും.

മൗലികമായ ലൈംഗിക ചോദനയെ ഈഡിപ്പസ് കാംപ്ലക്സ് എന്നാണു് ഫ്രോയഡ് നാമകരണം ചെയ്തിട്ടുള്ളതു്. സോഫോക്കിൾസിന്റെ സുപ്രശസ്തമായ "ഈഡിപ്പസ് റെക്സ്" എന്ന കൃതിയെ അവലംബമാക്കിയാണു് ഈഡിപ്പസ് കാംപ്ലക്സ് എന്ന പ്രയോഗം ഫ്രോയഡ് രൂപപ്പെടുത്തിയതെങ്കിലും, ഈഡിപ്പസ് കാംപ്ലക്സുമായി കലാസൃഷ്ടിപ്രക്രിയയെ ബന്ധപ്പെടുത്തുവാൻ അദ്ദേഹത്തിനു് പ്രേരകമായി ഭവിച്ചതു്. സ്റ്റെന്ഡാളിന്റെ (Stendhal) "ഹെൻറി ബ്രുലാർഡ്" (Henri Brulard) എന്ന ഗ്രന്ഥമാവണമെന്നത്രേ വിദഗ്ദ്ധാഭിപ്രായം. പ്രസ്തുത ഗ്രന്ഥത്തിലെ മൂന്നാം അദ്ധ്യായത്തിൽ നിന്നു് പ്രസക്തമായ ഭാഗം ഇവിടെ ഉദ്ധരിക്കാം:

"പിൽക്കാലത്തു് ആൽബർതാ ഡി റുദെം പയറെ(Alber the DeRudempre) വീകാതീവ്രതയോടെ ഞാൻ സ്നേഹിച്ചപ്പോഴുള്ള അതേ സ്വഭാവം തന്നെയാണു്, അമ്മയോടുള്ള സ്നേഹത്തിലും എനിക്കുണ്ടായിരുന്നതു്. അതിനുശേഷം ആനന്ദാതേടുന്നതിനുള്ള എന്റെ രീതിയിൽ കാര്യമായ മാറ്റമൊന്നും വന്നിട്ടില്ല..... ചുംബനങ്ങൾ കൊണ്ടു് അമ്മയെ പൊതിയാൻ ഞാൻ ആശിച്ചു; അവർ നഗ്നയായിരിക്കാനും; അവരും വികാരതീവ്രതയോടെ എന്നെ സ്നേഹിക്കയും ചുംബിക്കയും ചെയ്തുപോന്നു. ചിലപ്പോൾ എന്നിൽ നിന്നു് ഓടി അകലുവാൻ പോലും നിർബ്ബന്ധിതയായിത്തീരുമാറു്, അത്രയ്ക്കു തീഷ്ണതയോടെ ഞാൻ ചുംബനങ്ങൾ തിരിച്ചു നൽകി. എന്റെ ചുംബനങ്ങളെ തടസ്സപ്പെടുത്തിയപ്പോൾ, എന്റെ പിതാവിനെ ഞാൻ വെറുത്തു. അമ്മയുടെ വക്ഷസ്സിൽ ചുംബിക്കാനായിരുന്ന എനിക്കു കൗതുകം." *

പിതാവിനോടുള്ള അമർഷം പ്രകടിപ്പിച്ചുകൊണ്ടുതന്നെ അമ്മയോടുള്ള രതിവിശേഷം ഇത്രയും പ്രകടമായി ആവിഷ്കരിക്കുന്ന മറ്റൊരു ഗ്രന്ഥകാരനുണ്ടെന്നു

തോന്നുന്നില്ല. അബോധമനസ്സിൽ അമർന്നുകിടക്കുന്ന വികാരങ്ങൾ അതേപടിയായിരിക്കുകയില്ലല്ലോ ആവിഷ്കരിക്കപ്പെട്ടിരിക്കുക. ആവിഷ്കരണ ഗതിയിൽ ബോധമനസ്സിനുകൂടി സ്വീകാര്യമാംവിധം ചില പരിഷ്കരണങ്ങൾ അവയ്ക്കു കൈവരുത്തിയിരിക്കണം; ഇത്തരം മാനസിക വികാരത്തിനുള്ള ഏറ്റവും പ്രസിദ്ധമായ ദൃഷ്ടാന്തമാണ് സോഫോക്ലീസിന്റെ ഈഡിപ്പസ് റെക്സ്; സർവ്വമനുഷ്യരിലും മൗലികമെന്നു് ഫ്രോയിഡ് കരുതിയ മാനസികചോദനയ്ക്കു് നാമകരണം ചെയ്യേണ്ടിവന്നപ്പോൾ സോഫോക്ലീസിന്റെ ഗ്രന്ഥത്തെത്തന്നെ അദ്ദേഹം അഭയം തേടി. ഈഡിപ്പസിന്റെ പ്രസിദ്ധമായ കഥയിൽ, ബന്ധം അറിയാതെ നായകൻ പിതാവിനെ വധിക്കുകയും, മാതാവിനോടൊത്തു ശയിക്കുകയുമാണ് ചെയ്യുന്നതു്. പ്രായപൂർത്തിയായവർ, അവരുടെ ഈഡിപ്പസ് അനുഭവത്തിൽ ബോധവാന്മാരായിക്കയില്ലെന്ന വസ്തുതയുടെ കാവ്യാവിഷ്കരണമായിട്ടാണ് ഈ കഥയെ ഫ്രോയിഡു വ്യാഖ്യാനിച്ചതു്; ഈഡിപ്പസിന്റെ ചെയ്തിയെക്കുറിച്ചുള്ള വെളിപാടിന്റെ (Oracle) പ്രവചനമാകട്ടെ, ഇത്തരം ഒരനുഭവത്തിലൂടെ നാമേവരും കടന്നുപോയേ തീരൂ എന്ന അലംഘനീയവും അനിവാര്യവുമായ നിയമത്തിന്റെ പ്രതീകമായും ഫ്രോയിഡു് വ്യാഖ്യാനിച്ചു് ഈഡിപ്പസ് തന്നത്താൻ കണ്ടുകുത്തിപ്പൊട്ടിക്കുന്നതാകട്ടെ, സ്വയം വന്ധീകരണത്തിന്റെ കാവ്യാവിഷ്കരണമായിട്ടത്രെ ഫ്രോയിഡു കരുതിയതു്.

ഏതു സാഹിത്യകൃതിയും, എത്രയ്ക്കു് വികൃതരൂപത്തിലായാലും ഈഡിപ്പസ് സാഹചര്യത്തിന്റെ നേർക്കുള്ള ഗ്രന്ഥകാരന്റെ പ്രതികരണത്തെ പ്രതിഫലിപ്പിക്കുമെന്നുള്ളതിനാൽ, സാഹിത്യം എന്തുകൊണ്ടു ആസ്വാദ്യമായിത്തീരുന്നു എന്ന ചിരപുരാതനമായ പ്രശ്നത്തിനു് ഒരു ഉത്തരം കണ്ടുപിടിക്കപ്പെട്ടതായി ഫ്രോയിഡിയൻ ചിന്തകന്മാർ കരുതുന്നു. നമ്മുടെ തന്നെ ഏറ്റവും മൗലികമായ അഭിവാഞ്ഛയെ പ്രതിരൂപാത്മകമായി അവതരിപ്പിക്കുന്നതു കൊണ്ടത്രെ സാഹിത്യം ഹൃദ്യമായിത്തീരുന്നതു്. ഒരർത്ഥത്തിൽ അനുവാചകനും കാവ്യപ്രതിരൂപങ്ങളിലൂടെ, തന്റെ ഏറ്റവും പ്രബലമായ അനുഭവത്തെ വീണ്ടെടുക്കുകയാണു്.

അപ്പോൾ ഒരു പ്രശ്നം അവശേഷിക്കും. എല്ലാ സാഹിത്യകൃതികളും ഈഡിപ്പസ് സാഹചര്യമാണ് കൈകാര്യം ചെയ്യുന്നതെങ്കിൽ, എന്തുകൊണ്ടു് എല്ലാ സാഹിത്യകൃതികളും ഒരു പോലെ ഹൃദ്യമാകുന്നില്ല? ഇതിനുത്തരം നൽകാൻ 'ജീനിയസ്' എന്ന സങ്കല്പത്തെ ഫ്രോയിഡ് ആശ്രയിക്കുന്നു. 'ജീനിയസ്' എന്നതു് അനിർവചനീയമെന്നു് അദ്ദേഹം കരുതുന്നു: "Before the problem of creative artist, analysis must lay down its arms (Dostoerisky and parricide)" എങ്കിലും ഈഡിപ്പസ് സാഹചര്യത്തെ പ്രതിരൂപാത്മകമായി കൂടുതൽ പ്രകടമായി ആവിഷ്കരിക്കുന്ന കൃതികളാണു് അത്യുത്തമങ്ങളെന്നു് അദ്ദേഹം കരുതി; സോഫോക്കിൾസിന്റെ ഈഡിപ്പസ് റെക്സും, ഷേക്സ്പിയറുടെ ഹാംലറും, തമ്മിലുള്ള അബോധമായ ചോദനകളെ അത്രയ്ക്കാന്തരം വികൃതപ്പെടുത്താതെ വെളിപ്പെടുത്തുന്നു.

---

* In loving my mother I had exactly the same character as when later I loved Alber the de Rudempre with realpassion ··Since then my way of seeking happiness has changed little ····· I wanted to cover my mother with Kisses and for her to have no clothes on She loved me passionately and kissed me often· I returned her kisses with such ardor that she was some times obliged to run away' I abhorred my father when he came to interrupt our Kisses. I always wanted to kiss her bosom" ഫ്രഞ്ചു നോവലിസ്റ്റായ മേരി ഹെൻറി ബോയിലിന്റെ (Marie Henry Boyle) തൂലികാനാമമാണു് സ്റ്റെന്നാൾ എന്നതു്. ജനനം 1783 ജനു: 23- മരണം 1842 മാർച്ചു് 23. മനഃശാസ്ത്രപരമായ നോവലുകളുടെ ഉപജ്ഞാതാവായി ഇദ്ദേഹം അറിയപ്പെടുന്നു.

1975 ആഗസ്റ്റു് 10 മുതൽ

പ്രസിദ്ധീകരിച്ചു തുടങ്ങുന്നു

എൻ. കൃഷ്ണൻനായരുടെ

(I P S)

'വിലങ്ങുകളേ, വീട'

അടുത്ത ലക്കത്തിൽ ഈ നോവൽ അവതരിപ്പിച്ചു കൊണ്ടുള്ള ശ്രീ. പ്രൊഫസർ എം. കൃഷ്ണൻനായരുടെ ആമുഖം വായിക്കുക.

ഹ്രോയിഡിന്റെ ഉറ്റ സഹപ്രവർത്തകനും ജീവചരിത്രകാരനുമായ ഏണസ്റ്റ് ജോൺസ് "ഹാംലറ്റ് ആന്റ് ഈഡിപ്പസ് കാംപ്ലക്സ്" എന്ന ഗ്രന്ഥത്തിൻ ഈ രണ്ടു കൃതികളെയും പരിശോധിക്കുന്നു. മനഃശ്ശാസ്ത്രപരമായ ഗ്രന്ഥവിശകലനത്തിന്റെ പ്രഥമോദാഹരണമാണ് ഈ ഗ്രന്ഥം. ജോൺസിന്റെ അഭിപ്രായത്തിൽ ഈഡിപ്പസ് റെക്സിലെ ഇതിവൃത്തത്തിന്റെ ഒരു രൂപാന്തരം മാത്രമാണത്രെ ഹാംലറ്റിന്റെ ഇതിവൃത്തം. പിതൃവ്യനായ ക്ലാഡിയസ് ഹാംലറ്റിന്റെ പിതാവിനെ വധിക്കുകയും, മാതാവിനെ വിവാഹം കഴിക്കുകയും ചെയ്തു. ഈ രണ്ടു കുറ്റകൃത്യങ്ങളോടും ഉള്ള ഹാംലറ്റിന്റെ പ്രതികരണം അടിസ്ഥാനപരമായിത്തന്നെ ഭിന്നമത്രെ. ആദ്യത്തെ കുറ്റകൃത്യത്തിൽ അയാൾക്ക് അമർഷമുണ്ട്. പ്രതിഷേധം തന്റെ കടമയായി ഹാംലറ്റ് കരുതുകയും ചെയ്യുന്നു. പക്ഷേ, ക്ലാഡിയസുമായുള്ള മാതാവിന്റെ വേഴ്ചയിൽ അതുപോലുള്ളതന്നെ അഗാധമായ വേദനയും വെറുപ്പും ഹാംലറ്റിനു ഉളവാകുന്നില്ല. തന്റെ പിതാവു കൊല്ലപ്പെട്ട എന്നറിയുന്നതിനുമുമ്പുതന്നെ, അമ്മയും ക്ലാഡിയസും തമ്മിലുള്ള പ്രണയവേഴ്ചയെപ്പറ്റിയുള്ള ധാരണ ആത്മഹത്യക്കുമാത്രമെ പ്രേരകമാകുന്നുള്ളൂ.

O that this too too
solid wood melt,
Thaw, and resolve
it self into a dew;
Or that the Everlasting
had not fix'd
His canon 'gainst self slaughter
O God! God!
How weary, stale,
flat, and unprofitable
Seem to one all the uses
of this world!

എന്നു തുടങ്ങി for I must hold my tongue" എന്നു ഭാഗംവരെ ജോൺസ് തന്റെ വാദം സമർത്ഥിക്കാൻ ഉദ്ധരിക്കുന്നുണ്ട്.

ഇതുകൊണ്ട് ക്ലാഡിയസ് തന്നെയെന്ന് പൂർണ്ണബോധ്യമായപ്പോഴും വധാദ്യമത്തിൽ ഹാംലറ്റ് ശങ്കിച്ചുറച്ചു നില്ക്കുകയാണല്ലോ. ഇവിടെ പ്രതികാരമുത്തിയായല്ല ഹാംലറ്റ് പ്രത്യക്ഷപ്പെടുന്നത്; നേരെ മറിച്ച് പ്രതികാരം വിളംബപ്പെടുത്തുവാൻ വേണ്ട ഒഴിവുകഴിവുകൾ കണ്ടെത്താൻ ശ്രമിക്കുകയാണ് ഹാംലറ്റ്. ക്ലാഡിയസ്സിനെ വധിക്കാൻ തക്ക സന്ദർഭം ലഭിച്ചപ്പോൾ, തന്റെ കഴിവുകേടിനു യുക്തയുടെ പരിവേഷം നൽകാനായിരുന്ന ഹാംലറ്റിന്റെ ശ്രമം മുട്ടുകത്തി പ്രാർത്ഥിച്ചുകൊണ്ടിരിക്കവേ ക്ലാഡിയസിനെ വധിച്ചാൽ, ഒരുപക്ഷേ, അയാൾ നേരിട്ട സ്വർഗ്ഗത്തിലേക്കു പോയേക്കുമെന്നാണല്ലോ ഹാംലറ്റിന്റെ ശങ്ക. ജോൺസിന്റെ അഭിപ്രായത്തിൽ ക്ലാഡിയസ് അബോധമായിത്തന്നെ ക്ലാഡിയസുമായി താദാത്മ്യം പ്രാപിക്കുകയാണത്രെ ചെയ്തത്. ഹാംലറ്റിൽ ശുദ്ധമൂലമായിരുന്ന അഭിലാഷം തന്നെയത്രെ ക്ലാഡിയസ് സാക്ഷാത്കരിച്ചത്, പിതാവിനെ വധിച്ചു മാതാവിനെ പ്രേമിക്കുമാത്രമാണല്ലോ ക്ലാഡിയസ് ചെയ്തത്. തന്നിമിത്തം ക്ലാഡിയസിനെ വധിക്കുകയെന്നാൽ, മാനസികമായി, ആത്മഹത്യയ്ക്കു തുല്യമായിരിക്കും. ഒടുവിൽ നാടകത്തിന്റെ അവസാനം, ഹാംലറ്റിന്റെ സിരകളിൽ വിഷം കലർന്നശേഷം മാത്രമാണ് ക്ലാഡിയസിന്റെ നേർക്ക് —പ്രച്ഛന്നരൂപധാരിയായ തന്റെ നേർക്ക് തന്നെ (ക്ലാഡിയസ് ഹാംലറ്റിന്റെ പ്രച്ഛന്നരൂപമെന്ന് വിവക്ഷ) ഹാംലറ്റ് കൈകൾ ഉയർത്തുന്നത്.

പോരാ, ഹാംലറ്റിന്റെ മറ്റു ചെയ്തികളും ഈ പൊതു സ്വഭാവവുമായി പൊരുത്തപ്പെടാത്തതല്ല ഒഫീലിയയോടുള്ള ഹാംലറ്റിന്റെ പെരുമാറ്റം. സ്വന്തം മാതാവിനെ അസൂയാലുവാക്കാനുള്ള ശ്രമത്തിന്റെ ഭാഗമെന്നത്രെ ജോൺസ് അതിപ്രായപ്പെടുന്നത്. മാതാവിനെ സമീപത്തിരിക്കാൻ വിസമ്മതിച്ചുകൊണ്ട്, ഒഫീലിയയുടെ പാദങ്ങൾ പ്രണമിച്ച്,

"No good mother, here is metal more attractive എന്നു പറയുന്ന രംഗം ഇതിനു ദൃഷ്ടാന്തമായി ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. എത്രകണ്ടോ യാതൊരു വൈമനസ്യവും കൂടാതെ ഓഫീലിയയുടെ പിതാവിനെ ഹാംലറ്റ് വധിക്കുന്നു. കാരണം വ്യക്തമത്രെ. പോളോന്യസ് ഹാംലറിനു സ്വന്തം പിതാവിന്റെ "ഇമേജ്" മാത്രമാണ്; ഈ അർത്ഥാരോപണങ്ങളുടെ ഗുണദോഷങ്ങൾ എത്രമാകട്ടെ, അതു വിമർശിക്കപ്പെട്ടതും മുമ്പ് ശരിക്ക മനസ്സിലാക്കിയിരിക്കണമെന്ന മാത്രം. ഒട്ടേറെ വിമർശകന്മാർ ജോൺസിന്റെ അപഗ്രഥനത്തെ ശുദ്ധ അസംബന്ധമെന്ന നിലയിൽ തള്ളിക്കളഞ്ഞിട്ടുണ്ട്; ഹാംലറ്റ് രാജകുമാരൻ ഒരു കടലാസ് ജീവിയല്ലേ? അയാൾക്കുണ്ടോ ഈഡിപ്പസ് കോംപ്ലക്സ്? ഇതു കഥയില്ലാത്ത യുക്തിയാണ്. ഫ്രോയിഡും ജോൺസും പണ്ഡിതവിഡ്ഢികളായിരുന്നില്ലല്ലോ. ഹാംലറ്റ് നാടകത്തിലൂടെ വെളിപ്പെടുന്ന ജൂഡിപ്പസ് കാംപ്ലക്സ് അതിലെ കഥാപാത്രങ്ങളുടേതല്ല; നേരേമറിച്ച് രക്തവും മാംസവുമുള്ള ഒരു മനുഷ്യന്റേതാണ്. ഷേക്സ്പിയറുടേതു!

സാഹിത്യത്തിന്റെ വീക്ഷണകോടിയിൽനിന്നും ഈ വിശകലനത്തിൽ സ്വതേ പന്തികേടുണ്ട്; എന്തുകൊണ്ടെന്നാൽ ഇതു സാഹിത്യവിമർശനമല്ല; നേരെ മറിച്ച് സാഹിത്യകൃതിയിലൂടെ ഗ്രന്ഥകാരന്റെ മാനസികാപഗ്രഥനമാണ്; അതു അനുവദനീയമല്ലേ? ആകാം; വിരോധമില്ല എന്നേ പറയേണ്ടൂ; പക്ഷേ, അതിനെ സാഹിത്യവിമർശനം എന്നു വിവക്ഷിക്കാമോ? സംശയമാണ്. 'സാഹിത്യകാരന്റെ മാനസികാപഗ്രഥനം എന്നു വേണമെങ്കിൽ പറയാം പക്ഷേ, ഈ മാനസികാപഗ്രഥനം സാഹിത്യവിമർശകനുണ്ടോ സാധിക്കുന്നു? അല്ലെങ്കിൽ വിമർശകനും മാനസികാപഗ്രഥന വിദഗ്ധനാകണം. മറ്റൊരു പ്രത്യേകത ഇടി ശുദ്ധയമാണ്. ഫ്രോയിഡിൻ മാതൃകകളെല്ലാം തന്നെ, മനുഷ്യപ്രകൃതിയുടെ സാമാന്യവൽക്കരണമാകയാൽ, നാടകത്തിലേയോ

ഇനി യാത്രയാകാമുഷസ്സേ, സുഹൃത്തേ!

ഏറുമാന്നൂർ സോമദാസൻ

ഇനി യാത്രയാകാമുഷസ്സേ, സുഹൃത്തേ!
ഇന്നിന്റെ തീരത്തുകൂടെ, നമു–
ക്കിനി യാത്രയാകാം സുഹൃത്തേ!
ഇളം ചൂടിലുരുകും
നെരിപ്പോടിനരികേ
ഉളവീണ കമ്പിളിക്കുപ്പായമോടെ
ഉരുമ്പാന്ന കല്ലിച്ച ഹൃദയങ്ങളോടെ
ചെങ്ങിയ കണ്ണുകളുന്നിയിരിയ്ക്കുന്ന
ചങ്ങാതിമാർനാ, മുഷസ്സേ!
ചാരം പുതഞ്ഞതുപോലെ, വഴി
ച്ചാലുകൾ കാണുന്നകലെ.. മഞ്ഞു–
ചൂഴും മലയടിവാരങ്ങളിൽ നമ്മ–
ളുരിയെറിഞ്ഞതാമെല്ലിൻ കഴലുകൾ
ചുളം വിളിയ്ക്കുന്ന കാറിൽ.
ഇരുളിൻ ഉളുമ്പി–
ച്ചുരത്തും മുലക്കൺകൾ
മൊത്തിക്കുടിച്ചുനാം മെയ്യോടു മെയ്യു ചേ–
ന്നൊട്ടിപ്പിടിച്ചു മയങ്ങിക്കിടക്കെ,
ആറാത്തൊരഗ്നിപരാഗം നമു–
ക്കാത്മാവിലാളിപ്പടർന്ന
നിഴലായുരിഞ്ഞും നിറം കെട്ടുവീണും,
ഉലയുതിയുൾക്കാ–
മ്പുകുടിപ്പുകഞ്ഞും,

വഴുതുന്ന കാലുന്നി മുന്നിലേക്കാഞ്ഞും
ഇന്നിന്റെ തീരത്തുകൂടെ, നമു–
ക്കിനി യാത്രയാകാ, മുഷസ്സേ, സുഹൃത്ത
ളുതിയുടെ പാറയിൽ തട്ടി, സ്വയം
ചിതറിവീഴുമ്പൊഴും നമ്മൾ
പുത്തൻ പ്രവിതൻ ഭൂലിഴയാലേറ്റു
കെട്ടുന്ന നമ്മളേ വീണ്ടും.
ആവിയായ് പൊട്ടിത്തിളച്ചും, പിന്നെ
ആഴത്തിൽ മഞ്ഞായുറഞ്ഞും
ഇളം ചൂടുപകരും
നെരിപ്പോടിനരികിൽ
ഇരുപോലെ നാളെയും
നാമൊത്തുചേരും!!

...o...

നോവലിലേയോ നായകന്റെ വ്യക്തിത്വം പാടേ അവഗണിക്കപ്പെടുന്നു. ഫാംലറിനെ സംബന്ധിച്ചിടത്തോളം ജോൺസ് പറയുന്നതു് ശരിയെന്നു് സമ്മതിച്ചാൽത്തന്നെയും, സാഹിത്യത്തിൽ നാം കാണുന്ന മറ്റു ഈഡിപ്പസ് കാംപ്ലസുകളെ അപേക്ഷിച്ചു് എന്തോ ഒരു മേന്മ ഹാംലറിൽ നാം ദർശിക്കുന്നു. ഫ്രോയിഡ് തന്നെ 'ജീനിയസ്' എന്ന സംജ്ഞ കൊണ്ടു് വിവക്ഷിക്കുന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഈ സവിശേഷത വിശകലനക്ഷമമാകൂ. അതിനു് മാനസികാപഗ്രഥനം സഹായകമാകയില്ലെന്നതു് വ്യക്തം. ജീനിയസിനേയും ജീനിയസിന്റെ സൃഷ്ടികളേയും വിലയിരുത്താൻ നാം വേറെ മാനദണ്ഡം ആരായേണ്ടിവരും. അതായിരിക്കും സാക്ഷാത്തായ സാഹിത്യവിമർശനം.

ഫ്രോയിഡിനു ശേഷമുള്ള മാനസികാപഗ്രഥന വിശാരദന്മാർ, മാനസികാപഗ്രഥനത്തിന്റെ പരിഷ്കരിച്ച പതിപ്പുകൾ അനുസരിച്ചു് ഗ്രന്ഥവിശകലനരീതിക്കു മാറ്റം വരുത്തിയിട്ടുണ്ടു്: കഥാപാത്രങ്ങളുടെ വിശകലനത്തിനു് ആഡ്‌ലയർ പക്ഷക്കാർ "ഉൽക്കർഷാപകർഷതാബോധം" ഉപാധിയാക്കി ഒരുക്കിയെടുത്തു. യുങ്പക്ഷക്കാരാകട്ടെ കഥാപാത്രങ്ങളിലൂടെ പ്രകടമാകുന്ന വർഗ്ഗത്തിന്റെ സമൂഹാവബോധത്തിനു് പ്രാമുഖ്യം നൽകി. ഏറ്റവും പുതിയ പ്രവണതയാകട്ടെ, ഈ സിദ്ധാന്തത്രയത്തിൽനിന്നു് സൗകര്യത്തിനൊപ്പിച്ചു് ഓരോ അംശം അടർത്തിയെടുത്തു് മാനദണ്ഡങ്ങൾ ഒരുക്കിയെടുക്കുകയാണെന്നു തോന്നുന്നു.

വിയന്നാ സൈക്കോ അനാലറ്റിക്കൽ ക്ലിനിക്കിലെ ഒരു മുൻ ഡയറക്ടറായ ഡാ: എഡ്മണ്ടു് ബർഗ്ളർ മാനസികാപഗ്രഥനാടിസ്ഥാനത്തിലുള്ള ഗ്രന്ഥവിശകലനത്തിനു് ഒരു പുതിയ സിദ്ധാന്തം ആവിഷ്കരിക്കുകയുണ്ടായി. സർഗ്ഗാത്മക സാഹിത്യകാരന്മാർ അവരുടെ അടിച്ചമർത്തപ്പെട്ട അഭിലാഷങ്ങളെ പ്രച്ഛന്നരൂപത്തിൽ അവതരിപ്പിക്കുകയാണെന്ന ഫ്രോയിഡിന്റെ സിദ്ധാന്തത്തെ അദ്ദേഹം തിരസ്കരിക്കുന്നു. സമകാലികരായ മുപ്പത്തിയാറു സാഹിത്യകാരന്മാരുടെ ഗ്രന്ഥങ്ങൾ വിശകലനം ചെയ്തശേഷമാണു് അദ്ദേഹം ഈ നിഗമനത്തിൽ എത്തിച്ചേർന്നതു്: അടിച്ചമർത്തപ്പെട്ട അഭിലാഷങ്ങളുടെ സ്ഥാനത്തു്, വക്ഷോജങ്ങളിലുള്ള ആഭിമുഖ്യത്തെ ബർഗ്ളർ പ്രതിഷ്ഠിക്കുന്നു. എല്ലാ ശിശുക്കളിലും സഹജമാണല്ലൊ ഈ വക്ഷോജപ്രിയം: സ്തന്യം നിരസിക്കപ്പെടുമ്പോൾ ആ നിരസനത്തിൽനിന്നു് ശിശു ഒരേസമയം സുഖവും ദുഃഖവും അനുഭവിക്കുമത്രെ. തന്നിമിത്തം മാതാവിന്റെ നേർക്കു് ശിശുവിനു് ഒരുതരം സഹപീഡനരീതിയാണുള്ളതെന്നു് ബർഗ്ളർ കരുതുന്നു. ഈ സഹപീഡനരതിയിൽ (masochistic attachment) നിന്നത്രെ കലാസൃഷ്ടി ഉടലെടുക്കുന്നതു്. ഒരുതരം രോഗം തന്നെ; "മുട്ടശാന്തിരോഗ"മെന്നു് വേണമെങ്കിൽ പറയാം: ബർഗ്ളറുടെ വാക്കുകളിൽ പറഞ്ഞാൽ writing is a self creative alibi Sickness അത്രേ എഴുത്തുകാരൻ പാലിനും പദത്തിനും അബോധമായി കല്പിക്കുന്ന നിർഭേദഭാവം ഇതിനു പോത്ബലമായി ബർഗ്ളർ ചൂണ്ടിക്കാണിക്കുന്നു. കടലാസിലേക്കു് വാക്കുകൾ ചൊരിയുമ്പോൾ എഴുത്തുകാരൻ ഇപ്രകാരമത്രെ പറയുന്നതു്. "നോക്കു് അമ്മെ, എനിക്കു് നിങ്ങൾ പാലുതരുന്നില്ലെങ്കിൽക്കൂടി എനിക്കതു് സുലഭമാണു്" ഈ രീതിയിൽ അമ്മയോടുള്ള ആശ്രിതഭാവം അയാൾ നിരസിക്കുന്നു.

ബർഗ്ളറുടെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ആർതർ വോം ഹൗഡ് (Arthur worm Houdt) എന്ന ഗ്രന്ഥകാരൻ പ്രമുഖരായ ഏതാനും റൊമാന്റിക് കവികളുടെ കൃതികളെ വിശകലനംചെയ്തു ശ്രദ്ധേയമായൊരു പഠനം നടത്തിയിട്ടുണ്ടു്. "ദി ഡെമൺ ലൗവർ" The Demon Lover) എന്നാണു് പ്രസ്തുതഗ്രന്ഥത്തിന്റെ നാമം. കോളറിഡ്ജ്, വേഡ്സ് വെത്തു്, ബയറൺ, കീറ്റ്സ്, ഷെല്ലി എന്നീ പ്രമുഖന്മാരുടെ കൃതികളാണു് വിശകലനത്തിനു് തെരഞ്ഞെടുത്തതു്. ഈ റൊമാന്റിക്ക് കവികളിലെല്ലാം തന്നെ, ബർഗ്ളർ ചൂണ്ടിക്കാണിക്കും പോലുള്ള വക്ഷോജാഭിമുഖ്യം (Brest Complex) ഉത്കടമായിരുന്നതായി തെളിവുസഹിതം അദ്ദേഹം സമർത്ഥിക്കുന്നു.

(ശേഷം 64-ൽ)

മലയാളനാട്ടു്

അടുത്തലക്കം

സംശയം ചോദ്യത്തിലേക്കും ചോദ്യം അന്വേഷണത്തിലേക്കും അന്വേഷണം സത്യത്തിലേക്കും നയിക്കുമെന്നാണു് മീമാംസകരുടെ വിശ്വാസം: ലക്ഷ്യത്തെത്തേടിയുള്ള മാർഗ്ഗമാണു് അന്വേഷണം. അന്വേഷണത്തിന്റെ അർത്ഥം അന്വേഷണം തന്നെ. അന്വേഷണം അസ്തിത്വത്തെ സാർത്ഥകമാക്കുന്നു.

എം. ജി. ശശിഭൂഷൻ
എഴുതിയ ലേഖനം.
'അന്വേഷണം എന്ന
മാരണമായ സങ്കല്പം'

□

എം. കൃഷ്ണൻനായരുടെ
സാഹിത്യവാരഫലം

□

പുതിയ സിനിമയും" നിശ്ചിതമായ പെരുമാറ്റച്ചട്ടമോ ഐകരൂപ്യമോ ഇല്ലെന്നു് പുതിയ സിനിമയും സംവിധായകരും എന്ന പരമ്പരയിൽ മായാദർപ്പൺ എന്ന ചിത്രത്തിന്റെ സംവിധായകനായ
കമൽ ഷാഹ്നി

□

ഭൈരവക്കം
ചന്ദ്രശേഖരൻനായരുടെ
'യുഗസംക്രമം എവിടെവരെ?'
എം. മുകുന്ദന്റെ
എന്താണാധുനികത അവസാനിക്കുന്നു:

□

വയലിനുകളെയുള്ള സൂര്യവട്ടപ്പുക്കളുള്ള വീടു്. വീട്ടിലെ ചിരികൊണ്ടു് സംസാരിക്കുന്ന ചന്ദ്രയുടെ മറുപടി പറയുന്ന കളരിനിറക്കാരിയെക്കാണാൻ പോകുമ്പോൾ വരമ്പിൽ വഴി മറിത്തരുന്നതിൽ കവിഞ്ഞു് നമ്മൾ തമ്മിൽ ഒരു ബന്ധവും പരിചയവുമില്ലായിരുന്നല്ലോ.

എം. ശ്രീജയന്റെ കഥ
'കാലത്തിന്റെ അവയവങ്ങൾ'

ഉരുളൻ കല്ലുകളിൽ ഉയിർത്തെഴുന്നേറ്റിരിക്കുന്ന ഇരുണ്ട രൂപം അയാളുടെ ബോധമണ്ഡലത്തിൽ വിശ്രാന്തിയായി ഉരുണ്ടുകയറി ചലനശേഷി മറന്നയാൾ നിന്നു.

ജോയിക്കുട്ടി പാലത്തുങ്കലിന്റെ
കഥ
'താഴ്വര'

കെ. അരവിന്ദാക്ഷന്റെ
കിഷ്ണചരിതം കൂടി.

മുണ്ടൂർ സേതുമാധവന്റെ
"ഈ ജന്മം"

□

നീലമ്പേരൂർ, ജിനൻ
എന്നിവരുടെ കവിതകൾ.

□

പമ്മൻ, ഈ: എം: കോവൂർ,
എന്നിവരുടെ നോവലുകൾ

□

വി. ബി. സി. നായരുടെ
മുഖഭാഗചിത്രങ്ങൾ
മംഗലശ്ശേരിയുടെ സിനിമ

□

ഗ്രന്ഥനിരൂപണം, കത്തുകൾ.
ഒരു പുതിയ കമ്പസാരകഥ
ആരംഭിക്കുന്നു.

EPN and S

ഡണ്ടൊരു രത്നവ്യാപാരി ഉണ്ടായിരുന്നു. എനിക്കു നേരിട്ടു പരിചയമുള്ള രത്നവ്യാപാരി. അയാളെന്തു കാൽപ്പിന്നെ ഉത്സാഹമാണ് എല്ലാ ആളുകൾക്കും. മനോഹരങ്ങളായ രത്നങ്ങൾ വെള്ളപ്പുട്ടിൽ അയാൾ നിരത്തിവയ്ക്കും. ഓരോന്നിനേറയും ഗുണഗണങ്ങൾ അയാൾ വാഴ്ത്തുമ്പോൾ അതുതവും ആഹ്ലാദവും കൊണ്ടു വിടർന്ന കണ്ണുകളോടെ ഞങ്ങൾ നോക്കിനില്ലും. ഒരെണ്ണം തൊടാൻപോലും അയാൾ സമ്മതിക്കില്ല. വാങ്ങുന്ന കാര്യം ഞാൻ പറയേണ്ടതില്ലല്ലോ. വിലകൂടിയ രത്നങ്ങൾ വാങ്ങാൻ ഇന്നുപോലും കഴിവില്ല. ബാല്യനായിരിക്കുമ്പോഴത്തെ സ്ഥിതി ഊഹിക്കുകയും ചെയ്യാം: അങ്ങനെയിരിക്കുമ്പോൾ അയാളെ കാണാതെയായി. ഞങ്ങൾക്കുണ്ടായ താൽകാലികമായ വൈഷമ്യം മാറി. പൊടുന്നനവേ അയാൾ പ്രത്യക്ഷനായി: പക്ഷേ, രത്നങ്ങൾ വച്ചിരുന്ന ചെറിയ പെട്ടിക്കുപകരം ഒരു വലിയ ഭാണ്ഡം പുറത്തേറ്റിക്കൊണ്ടാണ് അയാളുടെ പ്രത്യക്ഷപ്പെടൽ. ഞാനും കൂട്ടുകാരും ചോദിച്ചു:- "എവിടെയായിരുന്നു ഇത്രയും കാലം? എന്താണ് ഈ വലിയ കെട്ട്?" രത്നവ്യാപാരി മറുപടി നൽകി. "രത്നങ്ങളൊക്കെ നഷ്ടപ്പെട്ടുപോയി കുട്ടികളേ! ഇപ്പോൾ ഇതാണ് വ്യാപാരം, E.P.N and S." അതിനേറ അർത്ഥം ചോദിക്കുന്നതിനുമുമ്പ് അയാൾ വിശദീകരണം നൽകി. "ഇലക്ട്രോ പ്ലേറേറഡ് നിക്കൽ ആൻഡ് സിൽവർ." ശ്രീ: ഐ: കെ. കെ. എം. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ "ദെവൽഡ് ഫ്ളവർ" എന്ന ചെറുകഥ വായിച്ചപ്പോൾ എന്റെ ബാല്യകാലത്തിൽ ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന രത്നവ്യാപാരിയെയാണ് ഓർമ്മിച്ചുപോയത്. കഥാരചനങ്ങൾ പ്രദർശിപ്പിച്ച് അനുവാചകരെ വിഭ്രമിപ്പിച്ചിരുന്ന അദ്ദേഹം ഇപ്പോൾ ഇലക്ട്രോ പ്ലേറേറഡ് നിക്കൽ ആൻഡ് സിൽവർ ഉപകരണങ്ങളുംകൊണ്ട് ഇറങ്ങിയിരിക്കുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾക്കു നനവില്ലെങ്കിലും വായനക്കാരായ ഞങ്ങളുടെ മിഴികളിൽ ജലം നിറഞ്ഞിരിക്കുന്നു. കലാകാരന്റെ അധഃപതനം കണ്ടാൽ ദുഃഖിക്കുന്നവരാണ് സഹൃദയർ. അന്തരിച്ചുപോയ രംഗിണിയെ ഓർമ്മിച്ചുകൊണ്ട് ഒരു പുരുഷൻ നടത്തുന്ന ദുഃഖനിവേദനമോ പരിദേവനമോ ആണ് ഇക്കഥ. രണ്ടുപേരും കാറിൽ പോകുകയായിരുന്നു. കീഴ്ക്കാംതൂക്കായ കുന്നുകളും ആപത്തു പതുങ്ങിയിരിക്കുന്ന ഗർത്തങ്ങളും ഉള്ള ഒരു കൊടും കാട്ടിൽ വച്ചപ്പോൾ "ഇഞ്ചിൻ ട്രബിൾ" ഉണ്ടായി. സഹായത്തിനു ആളെ അന്വേഷിച്ചു കുന്നു ഇറങ്ങിപ്പോയ രംഗി മടങ്ങിവന്നില്ല. ഇരുട്ടിന്റെ കനം കൂടി. അയാൾ പേടിച്ചുവിറച്ചു കാറിൽ ഇരിക്കുമ്പോൾ ഭയങ്കരമായ ഒരു സത്വം കാറിൽ വന്നുവീണു ഡോർ തുറക്കാൻ ശ്രമിച്ചു. "നീ എവിടെപ്പോയി? നീ ഏതോ മറവിൽനിന്നുകൊണ്ടു ചിരിക്കുന്നതായി എനിക്കു തോന്നുന്നു. ഇപ്പോഴും. എവിടെപ്പോയാലും" എന്നു അയാൾ പറയുമ്പോൾ കഥ അവസാനിക്കുന്നു. കഥ പറയുന്നയാൾ കണ്ട രൂപം അയാളുടെ പേടി ജനിപ്പിച്ച മതിവിഭ്രമത്തിന്റെ ഫലമാകാം; എന്തായാലും ഇക്കഥ വായിക്കുന്ന അനുവാചകൻ ഒരു ചലനവും കൂടാതെയാണ് ഇതിന്റെ അന്ത്യംവരെ എത്തുന്നതു്. ഇംഗ്ലീഷിൽ Horror Stories എന്നു വിളിക്കുന്ന ഇമ്മാതിരി കഥകൾ നാമൊക്കെ ധാരാളം വായിച്ചിട്ടുണ്ട്; അവയിലൂടെ കടന്നുപോകുമ്പോൾ നാംസവിശേഷതയാന്ന അന്തരീക്ഷത്തിനു അടിമപ്പെട്ടുപോകുന്നു. ഐ കെ. കെ. എമ്മിന്റെ വാക്കുകൾകൊണ്ടുള്ള ജാലവിദ്യകൾ കാണിക്കാൻ മാത്രമേ കഴിയുന്നുള്ളു. അന്തരീക്ഷം സൃഷ്ടിച്ച് വായനക്കാരനു പ്രകമ്പനം ഉളവാക്കാൻ സാധിക്കുന്നില്ല. വാക്കുകളെയും രത്നങ്ങളായി ഞാൻ കരുതിക്കൊള്ളട്ടെ. അവ കോർത്തെടുത്തു് നിങ്ങളുടെ പ്രിയതമയുടെ കഴുത്തിലണിയിക്കു. അവളുടെ കണ്ണുകൾ തിളങ്ങും. മുണ്ടുകൾ ശോഭിക്കും. മുത്തുകൾപോലുള്ള പല്ലുകൾ കാണിച്ചു് അവൾ ചിരിക്കുമ്പോൾ അതിനേക്കാൾ മനോഹരമായ കാഴ്ച വേറെയില്ലെന്നു നിങ്ങൾക്കു തോന്നും. എന്നാൽ ആ രത്നങ്ങൾതന്നെ ഒരു മൃതദേഹത്തിലണിയിച്ചാലോ? വൈരൂപ്യമനുഭവിക്കും. ഐ. കെ. കെ. എം. വാക്കുകളെടുത്തു ചാർത്തുന്നതു് ആത്മാവില്ലാത്ത കഥാഗാത്രത്തിലാണു്.

* * *

വേമ്പനാട്ടുകായലും അറേബ്യൻ സമുദ്രവും പരസ്പരാശ്ലേഷത്തിലമർന്നുകിടക്കുന്നതു് എപ്പോഴും കണ്ടുകൊണ്ടിരിക്കുന്ന ഈ നഗരത്തിന്റെ ഒരു ഭാഗത്തു് ആലസ്യത്തോടെ ഞാനിരിക്കുന്നു. ഇവിടിരുന്നു് ജന്നലിലൂടെ നോക്കുമ്പോൾ കാണുന്നതത്രയും മലിനജലം ഒഴുകുന്ന ചാലുകൾ. ഈ അഴുക്കു ചാലുകളിലെ ജലത്തിനും ആഴ്ഫം കായലിൽ—സമുദ്രത്തിൽ—ചെന്നു ചേരാനാണു്. ആ അഭിലാഷം സഫലീഭവിക്കുന്നതുണ്ടു്. മാലിന്യത്തിൽനിന്നു് വിശുദ്ധിയിലേക്കു പോകാനാണു് ഏതിനും ആഗ്രഹം. മാലിന്യമില്ലാത്ത വസ്തുവിനു കൂടുതൽ വിശുദ്ധിയാർജ്ജിക്കാൻ കൗതുകം. അതു ആ കാണുന്ന യാനപാത്രങ്ങളെ നോക്കൂ. ചലനമാറാണു് അവയുടെ കിടപ്പു് എങ്കിലും അവയുടെ ആശ സമുദ്രത്തിലേക്കു കുതിച്ചു ചെല്ലാനാണു്. നീലാന്തരീക്ഷത്തിൽ ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്ന കൃഷ്ണപ്പരുന്തു് പൊടുന്നനവേ കൂടുതൽ ഉയർച്ചയിലേക്കു് പോയതു് എന്തിനാണു്? ആകാശനീലിമ നല്കുന്ന അനുഭൂതി കൂടുതൽ നേടാനല്ലേ? മനുഷ്യനും ഇങ്ങനെതന്നെ. പക്ഷേ, സാഹിത്യത്തിൽ—വിശേഷിച്ചും അത്യന്താധുനിക സാഹിത്യത്തിൽ—പ്രത്യക്ഷനാകുന്ന മനുഷ്യൻ മാത്രം അഹ്ലാദത്തെ വിട്ടു് ദുഃഖത്തെ ഉപാസിക്കുന്നു; വിശുദ്ധിയെവിട്ടു് മാലിന്യത്തെ തേടുന്നു. ഇതു് എത്രകണ്ടു ശരിയാണെങ്കിൽ എത്രകണ്ടു് തെറ്റു് എന്നു് അനുവാചകനു നോക്കേണ്ടതില്ല. നിർവ്വേദമാവിഷ്കരിക്കുന്ന കലാകാരനും സഹൃദയനെ നല്കുന്നതു് രസാനുഭൂതിയാണു്. അങ്ങനെ നോക്കുമ്പോൾ ശ്രീ. ഏ രവീന്ദ്രൻ വിഷാദമനുഭവിക്കുന്ന മനുഷ്യസമുദായത്തിനാകെ പ്രതിനിധിത്വംവഹിച്ചു നില്ക്കുന്ന ഒരു യുവാവിനെ സാഹിത്യത്തിൽ ചിത്രീകരിച്ചതിൽ തെറ്റു പറയാനില്ല (മാതൃഭൂമിയിലെ രാജാവു് എന്ന ചെറുകഥ നോക്കുക) വിദേശത്തു്, ക്ഷുദ്രമെന്നു വിളിക്കാവുന്ന ഒരു ജോലി ചെയ്തു് കഴിഞ്ഞുകൂടിയ യുവാവു്. അയാൾ തിരിച്ചു നാട്ടിൽ വരുന്നു. തീവണ്ടിയിലിരുന്നു് അയാൾ പലതും വിചാരിക്കുന്നു. ട്രെയിൻ പ്ലാറ്റ്ഫോമിൽ വന്നു നിന്നപ്പോൾ അയാൾ ഇറങ്ങി. പക്ഷേ, ക്രിസ്തുവെന്നപോലെ ഒരപമാനനം. കൂടെയാത്രചെയ്തിരുന്ന ഒരുവൻ ഭാര്യയുടെ നമ്പർ കേട്ടിട്ടു് അയാളുടെ കോളറിനു് പിടിച്ചു വലിച്ചു് അടിക്കാൻ ഭാവിച്ചു. കതിർ മാറി. അയാൾ തിരിഞ്ഞുനോക്കാതെ നടന്നു. അപമാനിതനായ മനുഷ്യൻ തിരിഞ്ഞുനോക്കാറില്ലെന്നു വിക്തർ യൂഗോ

'പാവങ്ങളിൽ' പറഞ്ഞിട്ടുള്ളതു് എത്ര സത്യം. ഇതുപോലെ വേദനയനുഭവിക്കുന്ന അനേകം പുരുഷന്മാരുടേയും സ്ത്രീകളുടെയും അനുഭവങ്ങളെ ഒരു കഥാപാത്രത്തിന്റെ അനുഭവത്തിലൂടെ ആവിഷ്കരിച്ചതിന്റെ ഭംഗിയാണു് ഇക്കഥയുള്ളതു്. പറയാനുള്ളതു വളച്ചുകെട്ടാതെ നേരേയങ്ങു പറയുന്നതിന്റെ സുഖവും ഈ കഥ വായിച്ചാൽ കിട്ടും.

* * *
* * *

വസന്തകാലത്തു പുന്തോട്ടത്തിൽ പനിനീർ പൂക്കൾ വിടർന്നു നില്ക്കുന്നതുകാണുമ്പോൾ കതിരലത്തിയിട്ടുതുകൊണ്ടാണു് ആ പൂക്കൾക്കു് അത്രയ്ക്കു മനോഹാരിതവന്നതെന്നു് ആരെങ്കിലും ആലോചിക്കാറുണ്ടോ? താമരപ്പൂവിന്റെ സൗരഭ്യത്തിനു ഹേതു ജലാശയത്തിന്റെ അടിത്തട്ടിലുള്ള ചെളിക്കെട്ടാണെന്നു് ആരെങ്കിലും മാർക്കിക്കാറുണ്ടോ? താജ്മഹലിന്റെ രാമണീയകം അതിന്റെ ശ്വേതശിലകളിലാണല്ലോ. ആ ശിലകൾ ഏതു വൃത്തികെട്ടനിലയിൽ കിടന്നിരുന്നുവെന്നു് ആരെങ്കിലും സൂരിക്കാറുണ്ടോ? ഇല്ല. മാർക്കിക്കാത്തതു് നന്നു്. മാർക്കിച്ചാൽ ആസ്വാദനത്തിനു് പ്രതിബന്ധം വരും. ശ്രീ. ടി. വി. വിജയൻ "മലയാളനാട്ടി"ലെഴുതിയ "നിശ്ശബ്ദതയുടെ താഴ്വര" എന്ന ചെറുകഥ പനിനീർപ്പൂപോലെ സുന്ദരമാണു്. അതിന്റെ അടിത്തട്ടു് അനാദരണീയമായ ജീവിതവും. ആ ജീവിതത്തെ കലാത്മകമായി വരച്ചുകാണിച്ചു് വിജയൻ നമ്മെ ആഹ്ലാദത്തിന്റെ മണ്ഡലത്തിലേക്കു് ഉയർത്തുന്നു. കഥാകാരനു് ആഖ്യാനപാടവമുണ്ടെങ്കിലും മയൂരനാഥൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവം ആലേഖനം ചെയ്യുവാനാണു് അദ്ദേഹത്തിനു് കൂടുതൽ കൗശലം. അതിൽ അദ്ദേഹം വിജയംപ്രാപിക്കുകയും ചെയ്യുന്നു. മയൂരനാഥൻ ഈ കാലഘട്ടത്തിലെ യുവാക്കന്മാർക്കു് പ്രാതിനിധ്യം വഹിക്കുന്നു. അവരുടെ സ്വാതന്ത്ര്യവാഞ്ഛയും മൂല്യനിരാസകൗതുകവും മറ്റെല്ലാം അയാൾ പ്രദർശിപ്പിക്കുന്ന കഥ വായിച്ചുതുടങ്ങുന്ന സഹൃദയൻ പൊട്ടുന്നതിനുമുമ്പുതന്നെ എല്ലാം മറന്നു് ആ കഥാപാത്രത്തിന്റെ രാഗദ്വേഷങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നു. അതുകൊണ്ടു് അയാളുടെ ദുരന്തം വായനക്കാരനെ സ്പർശിക്കുന്നു; വേദനാചിത്രീകരിക്കാൻവേണ്ടി കഥാകാരൻ പീഡാജനകങ്ങളായ സന്ദർഭങ്ങൾ സൃഷ്ടിക്കുന്നില്ല. മനോരാജ്യം ആവിഷ്കരിക്കാൻവേണ്ടി തന്റെ കഥാപാത്രത്തെ വിജയൻ "എക്സിസ്റ്റെൻഷ്യൽ ഔട്ട്സൈഡറാ"ക്കുന്നില്ല നർമ്മരാസുരങ്ങളായ സന്ദർഭങ്ങളിൽ കഥാപാത്രത്തെ കൊണ്ടുചെന്നു നിറുത്തിയിട്ടാണു് വിജയൻ ഈ കൃത്യം അനുഷ്ഠിക്കുന്നതു്. അങ്ങനെ അദ്ദേഹം "ഒറിജിനാലിറ്റി" പ്രദർശിപ്പിക്കുന്നു. മനോഹരമായ ഈ കഥ മാതൃഭൂമി ഒരുകാലത്തു് നിരസിച്ചതാണെന്നു് പത്രാധിപരുടെ കുറിപ്പിൽനിന്നു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. പ്രൂസ്റ്റിന്റെ മഹാനോവലിന്റെ ഒന്നാംഭാഗം ആദ്യം നിരസിച്ചതാണു് ഉടനെ എനിക്കോർമ്മവന്നതു്.

* * *
* * *

ടി. വി വിജയന്റെ ഈ കഥയ്ക്കു് ശ്രീ. നമ്പൂരി വരച്ചുചേർത്ത ചിത്രങ്ങൾ നൊന്തരമായിട്ടുണ്ടു്. എന്നാൽ എ. രവീന്ദ്രന്റെ "രാജാവു്" എന്ന കഥയ്ക്കു് അദ്ദേഹം വരച്ച ചിത്രം ഭാവവ്യഞ്ജകമല്ലതാനും. കഥയുടെ അന്തരീക്ഷത്തിനു വിരുദ്ധമായ ഒരു പ്രതീതി അതുളവാക്കുന്നു.

* * *

സെൽവരാജിനെ മൂന്നുപേർ മതംമാറ്റുകയാണു്. അയാൾ ആൻറണിയാണെന്നു് ഒരുവൻ; സൈഗാളിന്റെ പാട്ടുകൾ പാടുന്ന മി. നായരാണെന്നു വേറൊരുവൻ; ഗംഗാധരൻ മാസ്റ്ററാണെന്നു് ഒരു യുവതി. മൂന്നുപേരോടും താൻ സെൽവരാജാണെന്നു അയാൾ പറഞ്ഞു. അവർ മൂന്നുപേരും പൊട്ടിച്ചിരിച്ചപ്പോൾ അയാൾ ഉച്ചത്തിൽ ഘോഷിക്കുകയാണു് താൻ സെൽവരാജ് അല്ലെന്നു്; നേരേമറിച്ചു് ആൻറണിയും മി. നായരും ഗംഗാധരൻ മാസ്റ്ററും ആണെന്നു്; ഇതാണു് ശ്രീ. ശ്രീവത്സം ബാലകൃഷ്ണൻ മലയാളനാട്ടിലെഴുതിയ-"സെൽവരാജു്" എന്ന ചെറുകഥയുടെ സാരം. ഇക്കഥ വായിക്കാൻ ഒരു രസമൊക്കെയുണ്ടു് എങ്കിലും Loss of identity എന്ന എക്സിസ്റ്റെൻഷ്യലാശയത്തിനു പിന്നെയും പിന്നെയും ആവിഷ്കാരം നല്കുന്നതു് അത്ര പ്രയോജനമുള്ള കാര്യമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. അതല്ല. അതിനു സ്ഫുടീകരണം നല്കുകയാണെങ്കിൽ വായനക്കാരന്റെ ജീവിതാവബോധത്തിനു തീഷ്ണതയുണ്ടാകണം. ശ്രീകോവിൽ അടച്ചുകഴിഞ്ഞാലും വിഗ്രഹത്തിനു ചുറ്റും എരിഞ്ഞുകൊണ്ടിരിക്കുന്ന ദീപങ്ങളുടെ പ്രഭ പുറത്തേക്കു പ്രസരിക്കാറുണ്ടല്ലോ. കലയുടെ സ്വർണ്ണദീപം ബാലകൃഷ്ണന്റെ കഥയെ ശോഭിപ്പിക്കുന്നില്ല; കെട്ടിനിക്കിന്റെ മനോഹരമായ വാതിൽ മാത്രം അടഞ്ഞുകിടക്കുന്നു.

* * *

ഇതെഴുതുന്ന ആളിനു കട്ടം ഇഷ്ടമില്ലാത്ത ഒരു നിരൂപകനുണ്ടു്. അദ്ദേഹമാണു് എഫ്. ആർ. ലീവിസ്. ആക്ഷേ രസിക്കാത്ത കൃതികളൊക്കെ അത്യൽകൃഷ്ടങ്ങളാണെന്നു് അദ്ദേഹം പറയും. എല്ലാവർക്കും ഇഷ്ടമുള്ള ഗ്രന്ഥങ്ങൾ വിലക്ഷണങ്ങളാണെന്നു പ്രഖ്യാപിക്കും. എങ്കിലും അദ്ദേഹം എഴുതിയതെല്ലാം ഞാൻ വായിച്ചിട്ടുണ്ടു്. ജോർജ്ജ് എല്യറ്റ് എന്ന ബ്രിട്ടീഷ് നോവലെഴുത്തുകാരിയെക്കുറിച്ചു് എഴുതുന്ന വേളയിൽ അദ്ദേഹം പറയുന്നു, ഫ്ളോബേറിനെക്കാൾ സർഗ്ഗശക്തി ജോർജ്ജ് എല്യറ്റിനുണ്ടെന്നു്. (But George Eliot was a greater Creative Power than Flaubert…) ഞാൻ ഈ വാക്യം കണ്ടതുകൊണ്ടാണു് ജോർജ്ജ് എല്യറ്റിന്റെ പ്രധാനപ്പെട്ട നോവലുകൾ വായിച്ചതു്. അവയിൽ ഒന്നെണ്ണം (Adam Bede) ആരംഭിക്കുന്നതു് ആകർഷകമായ രീതിയിലാണു്. ഒരു കല്ലാടിയിൽ ഒരുതുള്ളി മഷി ഇട്ടുകൊണ്ടു് ഈജിപ്റ്റിലെ മന്ത്രവാദി യാത്ത്സിക്കായി മുന്നിലെത്തുന്ന ഏതൊരാളുടെയും ഭൂതകാലം മുഴുവൻ തുറന്നുകാണിക്കും. ഇതുതന്നെയാണു് വായനക്കാർക്കുവേണ്ടി താൻ അനുഷ്ഠിക്കുന്നകൃത്യമെന്നു് അവർ പറഞ്ഞു. പേനയുടെ അറ്റത്തുള്ള ഒരുതുള്ളി മഷികൊണ്ടു് ആ നോവലെഴുത്തുകാരി ഒരാശാരിയുടെ ജീവിതകഥ മുഴുവൻ ചിത്രീകരിച്ചു.

NBS NEWS

അനുഭവങ്ങൾ

നന്തനാർ

നന്തനാരുടെ ആത്മരക്തം പുരണ്ട അവസാനകൃതിയാണു് അനുഭവങ്ങളെന്ന ഈ നോവൽ. വില 9-75.

പ്രഭാഷണകല

എം. ആർ. വേലപ്പൻ

പ്രഭാഷണകലയുടെ വിവിധ വശങ്ങൾ സുവ്യക്തമായി വിവരിച്ചിട്ടുള്ള ഈ കൃതി നമ്മുടെ വിദ്യാഭ്യാസമണ്ഡലത്തിനു് ഒരു മികച്ച സംഭാവനയാണു്. വില 7 രൂ.

നിങ്ങളുടെ കുട്ടികൾ

സൈക്കോ

കുട്ടികളെ വളർത്തുക എന്ന കലയെക്കാര്യം ചെയ്യേണ്ടതെങ്ങനെയെന്നു ശക്തമായ ഭാഷയിൽ ബോധനമാണു് സൈക്കോവിന്റെ ഈ ഗ്രന്ഥം. വില 4-25

സ്വർണ്ണരേഖകൾ

പി. ജയന്തൻനമ്പൂതിരി

അനന്യസാധാരണമായ ഭാവസംവേദനശക്തിയും പ്രകാശിപ്പിക്കുന്ന ഇരുപത്തെട്ടു കവിതകളുടെ സമാഹാരം.

വില 3-25

നാഷനൽ ബുക്ക് സ്റ്റാൾ

കോട്ടയം

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാടു്, കണ്ണൂർ, കൊല്ലം, കോഴിക്കോടു്, ആലപ്പുഴ.

പിന്നീട് തോമസ് ഫാർഡിക്ക് 'ഒട്ടസ്സ്' എന്ന നോവലെഴുതാനുള്ള പ്രചോദനം നല്കുകയുണ്ടായി. ജോർജ്ജ് എലിയറ് എന്ന പ്രതിഭാശാലിനി ഒരു മദ്ധ്യവയസ്കയുടെ മനഃശാസ്ത്രം മുഴുവൻ പ്രതിപാദിച്ചു. നമുക്കു ചുറ്റും എഴുത്തുകാരാവട്ടെ കുപ്പിക്കണക്കിനു മഷിയെടുത്തു കടലാസ്സിൽ ഒഴിക്കുന്നു. എന്നിട്ട് ഒന്നുമാവുന്നില്ലതാനും. ശിശുസാഹിത്യത്തിലെ പ്രതിഭാശാലികളെക്കുറിച്ചു പറഞ്ഞിട്ട് ഉടനെ ഇവിടത്തെ ചെറിയ സാഹിത്യകാരന്മാരെക്കുറിച്ചു പറയുന്നതു് ശരിയല്ലെന്നു് മലയാളനാട്ടു് പതിവായി വായിക്കുന്ന ഒരു പെൺകുട്ടി — കുമാരി ബേബി ജേക്കബ്ബ് — എനിക്കു് എഴുതി അയച്ചിരിക്കുന്നു. നന്ദൻകോട്ടു് ആരും ഈ അഭിപ്രായത്തെ എന്നെ അറിയിച്ചിട്ടുണ്ടു്. അവരുടെ ആ മതം അംഗീകരിച്ചുകൊണ്ടു് പറഞ്ഞുകൊള്ളട്ടെ. കുങ്കുമം വാരികയിൽ കുമാരി ലത എഴുതിയ ഉഷ്ണക്കാറ്റു് എന്ന ചെറുകഥ വായിക്കുക. കുപ്പികൾ എന്ന കണക്കിനല്ല, ബാരൽ എന്ന കണക്കിനാണു് ലത മഷിയെടുത്തു് പത്രക്കടലാസ്സിൽ ഒഴിക്കുന്നതു്. എന്നിട്ടോ? മഷി മാത്രമേ വായനക്കാരൻ കാണുന്നുള്ളു. വിവാഹിതനായ ഒരുവൻ വളരെ പ്രയാസപ്പെട്ടു് യൂറോറിയൽ കോളേജിൽ അധ്യാപകന്റെ ജോലി സമ്പാദിക്കുന്നു. പതിവായി കോളേജിൽ താമസിച്ചു ചെല്ലുന്ന അയാളെ പ്രിൻസിപ്പൽ ശകാരിക്കുന്നു. അയാൾ രാജിക്കത്തു് എഴുതിക്കൊട്ടത്തിട്ടു് അഭിമാനബോധത്തോടെ നടക്കുന്നു. പ്രസവമടുത്ത ഭാര്യയാണു് ഈ രാജികൊണ്ടു കഷ്ടപ്പെടാൻ പോകുന്നതു്. എങ്കിലും അയാൾ അഭിമാനത്തിനു ക്ഷതം പറ്റാൻ സമ്മതിക്കുന്നില്ല. ഈ ചിത്രം വരച്ചതാണു് ലതയുടെ ശ്രമം പക്ഷേ, ചിത്രം തെളിയുന്നില്ല. പടർന്ന മഷിമാത്രമേ ഞാൻ കാണുന്നുള്ളു; നിത്യജീവിതസംഭവങ്ങളെ കലയായി ഉയർത്തണമെങ്കിൽ പ്രതിഭവേണം എന്നമാത്രം പറഞ്ഞുകൊണ്ടു് നിറുത്തട്ടെ.

* * *

ഹൈൻറിക് ബോയ്ൽ (1972-ൽ നോബൽസമ്മാനം കിട്ടിയ ജർമ്മൻ നോവലിസ്റ്റ്) എഴുതിയ "The Clown" എന്ന

ഒരുപാടു ചിത്രത്തിന്റെ താളത്തിനൊത്തുകൊണ്ടുള്ള ചിറകടിക്കുന്ന ഇരുട്ടിന്റെ ആഴത്തിൽ നെടുവീർപ്പുകളുതിർത്തു ഉഴലുന്ന സാധുമനസ്സിന്റെ കണ്ണാടിയിൽ ആലീസ്സേ,

മനോഹരമായ നോവൽ ഞാൻ വായിച്ചുകൊണ്ടിരിക്കുമ്പോഴാണു് ഒരു സുഹൃത്തു് ഈ നഗരത്തിലെ ലോഡ്ജിൽ വന്നതു്. അദ്ദേഹം പറഞ്ഞു:- "സാഹിത്യവാരഫലം വളരെ "ചീപ്പാ"ണെന്നു് എന്റെ സഹപ്രവർത്തകർ പലരും പറയുന്നു." ഞാൻ മറുപടിനൽകി:- "അതേ. ലേഖനത്തിന്റെ പേരുതന്നെ അതു സൂചിപ്പിക്കും. വിലകുറഞ്ഞ — മൂല്യമില്ലാത്ത — ഈ ലേഖനങ്ങൾ നിരൂപണങ്ങളല്ല, വിമർശനങ്ങളല്ല. കഴിയുന്നതും ബഹിർഭാഗസ്ഥനായ ഇവ പ്രത്യക്ഷപ്പെടാവു എന്നും നിർബ്ബന്ധമുണ്ടു്. ധൈഷണിക ജീവിതം നയിക്കുന്ന ആ സഹപ്രവർത്തകർക്കുവേണ്ടിയല്ല ഞാൻ ഇതു് എഴുതാറുള്ളതു്."

അന്നു വൈകുന്നേരം ഈ നഗരത്തിലെ ബസ്റ്റാൻഡിലുള്ള ദേശാഭിമാനി ബുക്ക്സ്റ്റാളിൽനിന്നു് ഞാൻ ആഫ്രിക്കൻ നോവലെഴുത്തുകാരൻ "Chukwuemeka Ike എഴുതിയ Toads for Supper" എന്ന നോവൽ മറിച്ചുനോക്കുകയായിരുന്ന സ്ഥൂലഗാത്രനായ ഒരു മധ്യവയസ്കൻ എന്റെ തോളിൽ തട്ടിയിട്ടു് "Are you Mr M. Krishnan Nair?" എന്നു ചോദിച്ചു. അദ്ദേഹം തുടർന്നു പറഞ്ഞു:- "നിങ്ങളുടെ പടം രണ്ടുപ്രാവശ്യം മലയാളനാട്ടിൽ കണ്ടു. ഞാൻ അങ്ങനെയാണു് ആളെ മനസ്സിലാക്കിയതു്. ബോംബെയിൽ താമസിക്കുന്ന എന്റെ പേരു് സി. പി. ജോർജ്ജ് എന്നാണു്. ഞാൻ സാഹിത്യവാരഫലം പതിവായി വായിക്കുന്നു: താങ്കൾക്കു നന്ദി." ശ്രീ. സി. പി. ജോർജ്ജിനു ഞാനും നന്ദിപറയുന്നു. □

കഥ: വിജയൻ കരോട്ടു്

നീ. നിമാത്രം ..

അരുതായ്മകളുടെ ഉച്ചകളിൽ ബോൾഗാട്ടിപ്പാലസ്സിലെ തണൽമരങ്ങൾക്കിടയിൽ, പട്ടുകുടുത്തിലെ പകലിരുട്ടിൽ, സമൃദ്ധത്തിനിടയിലെ ചുടുകാറ്റിൽ, സപർണ്ണത്തിരമാലകളുടെ സംഗീതത്തിലലിഞ്ഞലിഞ്ഞു് തോളുരുമ്മി നീയും ഞാനും.

എന്നിലുറങ്ങുന്ന പോക്രി ഉണർന്നു് ചുരമാന്തി:

ചിത്രശലഭം പറക്കുന്ന സാരിചേലത്തു് എന്റെ വിറയാൻ കൈപ്പത്തി നിന്റെ കൈത്തണ്ടയിലും ചുമലിലും മാപിമാറിയ മന്ത്രപ്പോൾ:

"പൊന്നേ, ചതിക്കല്ലേ? എന്നും ഈ ശരീരവും ആത്മാവും ശശിക്കള്ളതാണു്."

വാഗ്ദാനമുഹൂർത്ത പരമ്പരകൾ...

ഓർമ്മകളുടെ രാജപഥങ്ങളലങ്കരിക്കുന്ന നിമിഷാദ്ധ്യങ്ങൾ...നഷ്ടസുസ്മൃതികളുടെ മായാമാനങ്ങളിൽ മേയുന്ന ചക്രവാളപ്പക്ഷിയുടെ മേഘമല്ലാർ. അതിന്റെ, അതിന്റെയുമാത്രമായി എല്ലാം നഷ്ടം. നീയും ഞാനും എന്നോർമ്മ; സങ്കീർത്തനഗാനാലാപനസാഗരകരകൾ തകർത്തു. കമ്പി പൊട്ടിയ വീണ, ഞാൻ. രാഗതാളശ്രുതികളുടെ സൈകത ഭൂമി പോയ്പോയ രാജകുമാരൻ.

എന്നോമനേ, ഒരു കണ്ണീർക്കണം ഞാനിവിടെ നിനക്കായി പൊഴിക്കട്ടെ...

കീഴില്ലത്തെസ്സ്യയച്ച ആവത്തന പരമ്പരകളുടെ വാഗ്ദത്ത ഗാഥകൾക്കു് അത്ഭുതഭംഗം വരുത്താത്ത കറുത്ത താടിക്കാരനെ കീഴില്ലത്തെ മാടപ്രാവുകളിലിരുന്നു് നിനക്കോർക്കാൻ മഹാരാജാസ് മൈതാനത്തെ ചോലമരച്ചോട്ടുകളിലെ സായാഹ്നങ്ങൾ. മഹാരാജാസ് മൈതാനത്തോടു വക്കുത്ത തപാലാപ്പീസിലെ സദാതമസ്സു് ചേക്കേറുന്ന, നീ ക്ലാസ്സുകളെ ചെയ്തുള്ള മദ്ധ്യാഹ്നങ്ങൾ. എയർഗൾ തിയറ്ററിലെ ബെഞ്ചുകൾ കൈകൾ കഴത്തിൽ മാലകോത്തിട്ടിരുന്ന ഞായറാഴ്ച പ്രഭാതങ്ങൾ. ബ്രോഡ്വേ കഫേയിലെ ഫാമിലി റൂമിൽ ഐസ്ക്രീം നുണഞ്ഞ അധരത്തിലമർന്ന ഉമ്മകളുടെ സായുജ്യം.

മതി, ഏതെങ്കിലും ഒന്നു്.

എഴുപതും ആവർത്തിക്കുന്ന ഈ അന്ത്യമാല്യം കോത്ത ദൂതിനു് ഉത്തരം കാണില്ല എന്ന നിനവോടെ വിഹായസ്സിൽ നിസ്സഹായനായിപ്പറക്കുന്ന വേഴാമ്പൽപ്പക്ഷിയുടെ ദുഃഖ, വിരഹഗാനം ഒരു നിമിഷം, വർഷങ്ങളകന്നകന്നകന്നകലുമ്പോളോർക്കൽ, മുള്ളുറുകാരനെറയോ മറേറതെങ്കിലും തൃഗുയുടേയോ ഓമനപ്പേരിലിനി താഴുമ്പോൾ, കാത്താൽ ധന്യത!

വിട;

ഫേരീദാബാദിലെ ഗോതമ്പു വയലുകളിലേക്കു്, ഡർബാറിലെ ചവുണ്ട ജയുക്കാളത്തിൽ സംഭവിച്ച ഒരു ഭോഗത്തിന്റെ ഓർമ്മയുടെ കുമിളയും ചുമന്നു്... ചുമന്നു്...

വീണ്ടും, ഒരിക്കൽ കണ്ടുമുട്ടുമെന്ന വിശ്വാസത്തോടെ, ആശംസകളുടെ പൂക്കൾ ചൊരിഞ്ഞു്...

യാത്ര! □

6

പതിവിനു വിപരീതമായി രാവിലെ തന്നെ വക്കീലിനെ കാണാൻ പുറപ്പെട്ടതായിരുന്നു അയാൾ. തലേദിവസം സന്ധ്യക്കാണു് ഒരാൾ കുറിപ്പു കൊണ്ടുവന്നതു്. കേസ്സിന്റെ തീയതി അടുത്തുവെന്നും രാവിലെത്തന്നെ അദ്ദേഹത്തെ ചെല്ലേണമെന്നും വക്കീൽ എഴുതിയിരിക്കുന്നു.

ഉളുന്നു കിടക്കുന്ന താടിയും വാടിക്യം വേരോടിയ മുഖവുമായി പുറത്തു കടന്നപ്പോഴേക്കു്, കിഴക്കു് ജനനത്തിന്റെ രക്തസ്രാവം.

ചൂരം കടന്നുവരുന്ന വേനലിന്റെ ഉള്ളുകയറുന്ന കാറ്റിനെതിരെ നടന്നു് പടിക്കലെത്തിയപ്പോൾ പാതമുറിച്ചുകടന്നു് ഒരാൾ ഇങ്ങോട്ടു വരുന്നു: അധികാരി.

രാവിലെ പതിവില്ലാത്തവിധം അധികാരിയെ കണ്ടപ്പോൾ അയാൾ സംശയിച്ചു. വീടൊഴിയണമെന്നു് വീണ്ടും പറയാനുള്ള വരവാണോ? കുറുപ്പിന്റെ മരണശേഷം അധികാരിക്കു് വീടു് നന്നാക്കാൻ ധൃതിയായിരിക്കുന്നു. വഴിക്കുവെച്ചു് കണ്ട എല്ലാ തവണയും അധികാരി ആ കാര്യം സൂചിപ്പിക്കുകയുണ്ടായി. ഉടൻ തന്നെ ശരിപ്പെടുത്താമെന്നാണു് എല്ലാ തവണയും പറഞ്ഞിരുന്നതു്.

"മേനോൻ എവടക്കാ നേത്തേ?"

"പട്ടണത്തിലേക്കു്."

"ഉം. വീണ്ടും കമ്പനിയിൽ പോയി തുടങ്ങിയോ?

"ഇല്ല. ഒരാളെ കാണാനുണ്ടു്."

"ഒരു മിനുട്ടു് കേറിരിക്യാ; പൊറപ്പെട്ടതിനു് തടസ്സാവ്വോ? എനിക്കൊരു കാര്യം സംസാരിക്കാനുണ്ടു്."

"ആവാലോ"

അയാൾ തിരിഞ്ഞുനടന്നു. അപ്പോൾ മനസ്സിൽ കലി തോന്നുകയും ചെയ്തു ഇനി ഉപദേശം തുടങ്ങും: ജോലിയില്ലാതെ എങ്ങനെയാ കഴിയുക? കേസു് നടത്താൻ പണം ആരാ തരാ? വീട്ടുകാരെ എന്താ വിവരറിയിക്കാത്തതു്?—

അയാൾ വാതിൽ തുറക്കുന്നതിനിടയിൽ അധികാരി ചോദിച്ചു:

"ഇനീപ്പോ ജോലീല്ലു് ചേരണംങ്കിൽ കേസു് കഴിയേണ്ടി വരേപോ?"

"അറിയില്ല."

"കേസെന്നു എന്താവുംന്നു് ആർക്കാല്ലെ അറിയ്യാ." കസാലയിൽ ചെന്നിരുന്നുകൊണ്ടു് അധികാരിതുടർന്നു: "ജീവിതത്തിൽ ഇന്നിന്ന ദുരിതം അനുഭവിക്കണംന്നുണ്ടാവുലോ."

അയാൾ അധികാരിക്കരികിൽ ഒരു ബീഡി കത്തിച്ചു് പുക വിട്ടുകൊണ്ടു് കാര്യം കേൾക്കാനിരുന്നു.

ജനലിലൂടെ കടന്നുവന്ന കാറ്റു് മേശപ്പുറത്തെ കടലാസ്സുകളെ എട്ടുത്തെറിപ്പിച്ചു.

"ഛെ: എന്തു കാറാറാ. ഒന്നു പൊറത്തിറങ്ങാൻ പാറാത്തകാലം."

അയാൾക്കു മറുപടിയുണ്ടായിരുന്നില്ല. അയാൾ കാര്യം കേട്ടു് പുറപ്പെടാനുള്ള ധൃതിയിലായിരുന്നു. വക്കീൽ കോടതിയിലേക്കു് പോകുന്നതിനു മുമ്പു് പട്ടണത്തിലെത്തണം.

"നിങ്ങടവടീം ഇങ്ങനെ കാറുണ്ടാവേപോ ഇക്കാലത്തു്?"

"അധികാരി പറയാനുണ്ടെന്നു പറഞ്ഞ കാര്യം എന്താ? എനിക്കു കൊറച്ചു് ധൃതീണ്ടു്."

"ങ്ഹാ. പറയാം" ഒരു നിമിഷം ധ്യാനിച്ചിരുന്നശേഷം അധികാരി പറഞ്ഞു. "മേനോൻ ഈയിടെ കുറുപ്പിന്റെ വീട്ടിൽ പോയിരുന്നോ?"

"ഉവ്വു്." അയാൾ സാധാരണ മട്ടിൽ പറഞ്ഞു.

"എന്താ പ്രത്യേകിച്ചു് കാര്യം വല്ലതും—?"

"കാര്യമില്ലാത്തതു കൊണ്ടാണു് പോയതു്." ആ ഉത്തരം കേട്ടു് അധികാരി ഞെട്ടുന്നതു് അയാൾ കണ്ടു. "ഏതായാലും ഞാൻ കുറുപ്പിനെ കൊന്നതല്ല. ഒന്നറിഞ്ഞേ പോകാമെന്നു കരുതി."

"മേനോനെന്താ അങ്ങനെ സംസാരിക്കണു്?"

"പിന്നെ. ഞാനവിടെ പോയതു് നിങ്ങളെ എങ്ങനെ ഇത്രവേഗം ചൊടിപ്പിച്ചു?"

"ഹേയ്. ഞാൻ ചോദിച്ചുന്നേയുള്ളു. നിങ്ങളാവഴിക്കൊന്നു പോയീച്ചാ എനിക്കെന്താ വിരോധം?"

ജനലിലൂടെ കടന്നുവന്ന ചുവന്ന വെയിലിന്റെ നനുത്ത നാക്കുകൾ മുറിയിൽ പുളഞ്ഞു. അയാൾ അധികാരിയെത്തന്നെ ശ്രദ്ധിച്ചിരുന്നു.

"ഞാൻ മൊന്നും പറയാനല്ലാട്ടോ വന്നതു്." അധികാരി പറഞ്ഞു. "കുറുപ്പിനെ കൊന്നതു് നിങ്ങളാവില്ലാന്നു് ഞങ്ങൾക്കൊക്കെ അറിയാം."

"നല്ലതു്" അയാളുടെ ചുണ്ടിൽ വിളർത്ത ചിരി.

"നിങ്ങൾക്കു് കുറുപ്പിനെ കൊന്നിട്ടു് ഒരു കാര്യോല്ലാന്നു് ആക്കാ അറിയാത്തതു്."

നീണ്ടകഥ

മുണ്ടൂർ സേതുമാധവൻ

"ഉം. പറയു"

"പക്ഷെ." അധികാരി നിർത്തി. ഒരേ ഇരുപ്പിരിക്കുന്ന അയാളെ നോക്കി സ്വരം താഴ്ത്തിപ്പറഞ്ഞു: "കോടതിക്കു കൂടി അതു ബോദ്ധ്യാവണല്ലൊ. അതല്ലെ വിഷമം."

"എന്തു വിഷമം""

അപ്പോഴും ചിരിച്ചുകൊണ്ടിരിക്കുന്ന അയാളെ ആശങ്കയോടെ നോക്കിക്കൊണ്ടു് അധികാരി പറഞ്ഞു:

"അബദ്ധത്തിൽ വിധി നിങ്ങൾക്കു് എതിരായ്ത്തീന്നാലോ"

"എങ്കിൽ നിങ്ങൾക്കു് വീടു് വേഗം നന്നാക്കാമല്ലൊ"

അതിനു മറുപടിയില്ലാത്തതിനാൽ അധികാരി അയാളെ നോക്കിയിരുന്നു. അയാൾ ചോദിച്ചു.

"അധികാരി ഇനിയും കാര്യം പറഞ്ഞില്ലല്ലൊ."

"പറയാം. മേനോൻ എനിക്കു മകനെപ്പോലെയാണു്, അതുകൊണ്ടാണു് ഞാനീ പ്രകാശത്തിനു് ഓടിയെത്തിയതു്."

"രക്ഷിക്കാനാണോ വന്നിരിക്കുന്നതു്?"

"എന്നെ തന്നെ കരുതിക്കോളൂ" അധികാരി നിറുത്തിനിറുത്തികൊണ്ടു പറഞ്ഞു: "ഈ കിഴവനും ചിലതൊക്കെ കഴിയും"

"അതിലെനിക്കു് ഒരു സംശയോം. ഈ നാട്ടിലെ അധികാരിക്കു് കഴിയാത്തതു് പിന്നെ ആർക്കാ കഴിയ്യാ?"

"ആ. നാൽ കേട്ടോളൂ." അധികാരി അയാളുടെ അടുത്തേക്കു കസാല വലിച്ചിട്ടു. "നിങ്ങൾക്കെതിരെയുള്ള കേസ്സിലെ രണ്ടാം സാക്ഷി ആരന്നറിയ്യോ?"

"ആരാണു്?' അയാൾ അറിയാത്തതുപോലെ ചോദിച്ചു.

"ആരായിരിക്കും ആലോചിച്ചു പറയു. നിങ്ങൾ കുറുപ്പിനെ കണ്ണന്നതു കണ്ട ആളന്നു് ആരു് പറഞ്ഞാലാണു്" കോടതിക്കു് ബോദ്ധ്യമാവുക?"

"ആരു പറഞ്ഞാലാണു്?"

"കുറുപ്പിന്റെ ഭാര്യ." ഇപ്പോൾ മനസ്സിലായോ എന്ന അർത്ഥത്തിൽ അധികാരി അയാളെ നോക്കി.

"അപ്പൂ ശരി." ഒന്നും സംഭവിച്ചിട്ടില്ലാത്തപോലെ അയാൾ ഒരു ബീഡി കത്തിച്ചു.

"ഇനി പറയു രക്ഷപ്പെടാനുള്ള മാർഗ്ഗമെന്താണു്?"

വരണ്ടുണങ്ങിയ വെൺമേഘക്കീറുകൾ തെരുവു തെണ്ടുന്ന കിഴക്കെ ആകാശച്ചെരുവിൽ കണ്ണുനട്ടുകൊണ്ടു് അയാൾ പറഞ്ഞു.

"പറഞ്ഞു തരു "

'കുറുപ്പിന്റെ ഭാര്യ ഒന്നും പറഞ്ഞിട്ടില്ല്യ?'

"ഇല്ല്യ."

"എന്നാൽ എന്നാട്ടു പറഞ്ഞു." അധികാരി പറഞ്ഞു. "നിങ്ങടെ ശിക്ഷക്കന്നുകൊണ്ടു് അവർക്കെന്താണു് നേട്ടം?"

'എന്താണു്?'

'ഒന്നുമില്ല്യ. ഇതു് അവർതന്നെയാണു് പറഞ്ഞതു്. ചെറുപ്പായത്തിലുള്ള നിങ്ങളുടെ ജീവിതം തുലക്കാൻ ഒരു പെരുതുള്ളു കഴിയുമോ എന്നാണു് അവർ ചോദിക്കുന്നതു്.'

'അതിനു്?'

'അതിനു'." അധികാരി പെട്ടെന്നു നിറുത്തി തല ചരിച്ചു് പുറത്തേക്കു ശ്രദ്ധിച്ചശേഷം പറഞ്ഞു. "അതിനു അവർ നിങ്ങൾക്കെതിരായി സാക്ഷിപറയാതിരിക്കും."

'നല്ലതു'" അയാൾ താഴ്ന്നസ്വരത്തിൽ പറഞ്ഞു: "അവക്കു നന്മവരട്ടെ."

"പക്ഷേ, അതുകൊണ്ടു് അവക്കും ഋണമുണ്ടാവണം."

"ഋണമോ?"

"അവരിന്നു പെരുവഴിയിലാണു്. കയ്യിൽ മൂന്നാലു പിഞ്ചുകുട്ടികൾ. അവർ നിങ്ങൾക്കു തരാൻപോകുന്നതു് ഒരു ജന്മമാണു്. അതിനുപകരമായി നിങ്ങളും വല്ലതും ചെയ്യണം."

അയാൾ ഒരു ചോദ്യമായി അധികാരിയെ നോക്കി.

"നാഥനില്ലാത്ത ആ കുടുംബത്തിനു് ചെറിയൊരു സഹായം." അധികാരി തുടർന്നു. "അധികമൊന്നും വേണ്ട. അയ്യായിരം രൂപ."

വളരെക്കാലത്തിനുശേഷം അയാൾ പൊട്ടിച്ചിരിച്ചു. ചിരിയിൽ എല്ലുംതോലുമായ അയാളുടെ ശരീരം കിലുങ്ങി. അയാളുടെ താണുപോയ കണ്ണുകൾ കത്തി. അയാൾ അധികാരിയെനോക്കി ചോദിച്ചു.

"അയ്യായിരം കൊട്ടത്തിലില്ലെങ്കിൽ അവർ പൊറുതിമുട്ടുമല്ലോതാവുമോ?"

"ഞാനീ കാര്യം അങ്ങനെ എടുക്കരുതു്. നിങ്ങൾ ചെന്നുപെട്ടിരിക്കുന്ന കുടുക്കു് എത്ര ഭയാനകമാണെന്നകാര്യം മറക്കരുതു്. ഞാൻ ഒരു നിർദ്ദേശംവെച്ചു. നിങ്ങളുടെ നന്മക്കു്. ആ സ്ത്രീയുടെ നന്മക്കു്. ഈ നാട്ടിന്റെ മുഴുവൻ നന്മക്കു്. ഇനി എന്താണു് വേണ്ടതെന്നു് തീർച്ചയാക്കേണ്ടതു് നിങ്ങളാണു്, എന്നാലും ഇതു് നമ്മൾമാത്രം അറിഞ്ഞാൽമതി."

പ്രധാന നിരത്തിൽ വാഹനങ്ങളുടെ വിലാപം. അയാൾ ഞെട്ടിയെഴുന്നേറ്റു. വക്കീൽ പോകുന്നതിനുമുമ്പു പട്ടണത്തിലെത്തണം.

"അധികാരി നടക്കൂ. ഞാനാലോചിക്കട്ടെ."

പഞ്ചായത്തുനിരത്തിൽവെച്ചു് അവർ പിരിഞ്ഞു. പിന്നീടു് പട്ടണത്തിലേക്കുള്ള ബസ്സുകാത്തുനിൽക്കുമ്പോഴും ബസ്സിലിരിക്കുമ്പോഴുമെല്ലാം അയാൾ അതുതന്നെ കാര്യം. അയ്യായിരം രൂപ. അധികാരിയുടെ നിർദ്ദേശത്തിൽ കാമ്പില്ലാതില്ല. കുറുപ്പിന്റെ ഭാര്യ പിന്നോക്കംപോയാൽ കേസ്സിന്റെ നട്ടെല്ലൊടിയും.

പക്ഷേ, അയ്യായിരം രൂപ. അതിനെത്ര വഴി? ആരോടു ചോദിക്കും? ഇത്ര വലിയൊരു ഉപകാരം തനിക്കെടുത്തുതരാൻ ആരാണു തയ്യാറാവുക?

അപ്പോൾ, മുന്നിൽ ഭാനുവിനെക്കണ്ടു. അയാളുടെ മനസ്സിൽ തീവീണു. ഒടുവിൽ കിട്ടിയ അവളുടെ കത്തു്. അവളുടെ അവസ്ഥ എന്തായിരിക്കും? ദിവസം ചെല്ലുന്തോറും വയറിൽ വളർന്നുകൊണ്ടിരിക്കുന്ന ചോദ്യം. പട്ടണത്തിലെ ഇടുങ്ങിയ വീട്ടിനുമുന്നിൽ രാവും പകലും അവൾ കാത്തിരിക്കുകയായിരിക്കുമോ?

അയ്യായിരം രൂപകൊടുത്താൽ മോചനം. പിന്നെ ഭാനുവിനെ കാണണം. അവളെ മോചിപ്പിക്കണം; അവളുടെ രക്ഷകനാകണം. വിവാഹം. വിവാഹത്തെ സപ്നംകണ്ടു് ഞെട്ടിയുണരുന്ന ചെറുപ്പക്കാരൻ. തന്റെ വിവാഹം.

ഓർത്തപ്പോൾ എന്തിനു ധൃതിപിടിക്കണമെന്നു തോന്നി. എങ്ങോട്ടാണു് ഈ പോക്കു്? ഒരു കൂരുക്കിൽനിന്നു് മറ്റൊന്നിലേക്കു്. ഒരു ചോദ്യത്തിൽനിന്നു് മറ്റൊന്നിലേക്കു്.

അല്ലെങ്കിൽ, ഈ കേസ്സിൽനിന്നും രക്ഷപ്പെട്ടാൽ മറ്റെല്ലാം ശരപ്പെട്ടത്താൻ കഴിഞ്ഞേക്കാമെന്നും അയാൾക്കു തോന്നി. ഭാനുവിനു് കാര്യം പറഞ്ഞാൽ മനസ്സിലാകും.

എങ്ങനെയും അയ്യായിരം രൂപയുണ്ടാക്കണം. കുറുപ്പിന്റെ ഭാര്യയെ സ്വാധീനിക്കണമെന്നു് രണ്ടുമൂന്നുവട്ടമായി വക്കീൽ പറയുന്നു. ഇടയിടെയായി താനവിടെ ഇടക്കിടെ പോകാറുണ്ടു്; അവിടെയെത്തുമ്പോൾ പക്ഷേ, പറയാനുള്ളതെല്ലാം ചോർന്നുപോകുന്നു. നിസ്സഹായയായ ഒരു സ്ത്രീ അവർ ആഹാരം കഴിച്ചുവോ വസ്ത്രം ഉടുത്തുവോ കുട്ടികളെ രക്ഷിച്ചുവോ എന്ന കാര്യങ്ങൾ അന്വേഷിക്കുവാൻ ഈ ലോകത്തിൽ ആരുമില്ല. ഉണ്ടായിരുന്ന ആൾ ഒരു ശ്രാന്തൻ രാത്രിയെപ്പോലെ പെരുവഴിയിൽ ദേഹം വലിച്ചെറിഞ്ഞു.

ആരാണു് കാരണം?

പേരറിയാത്ത അവ്യക്തമായ കുറ്റബോധം മനസ്സിലേക്കു് തള്ളിക്കയറുകയും കയ്യിലുള്ളതു് കൊടുത്തുതു് ഇറങ്ങുകയുമാണു് പതിവു്. കേസ്സിനെക്കുറിച്ചു് ഇതുവരെ ഒന്നും പറയാൻ കഴിഞ്ഞിട്ടില്ല.

കുറുപ്പിന്റെ മക്കൾക്കു് ഇപ്പോൾ താൻ അപരിചിതനല്ല. തന്നെ കണ്ടാൽ അവരുടെ മുഖം തിളങ്ങുന്നു. കീശയിൽ ഉറുപ്പികയുണ്ടെന്നു. തന്റെ കൈ നിറയുന്നതു കാണാൻ അവർ ഉറക്കത്തിനു പുറത്തു് കണ്ണും തുറന്നിരിക്കുന്നു. അവർക്കു് അച്ഛൻ ചോറാണു് അതിനാൽ, അവർ നാഴികക്കുരിക്കുവേണ്ടി തെണ്ടിനടന്നിരുന്ന തങ്ങളുടെ അച്ഛനെ മറന്നിരിക്കണം.

ആലോചനകൾ അന്ത്യത്തിലെത്തിയപ്പോൾ വീണ്ടും അധികാരിയുടെ നിർദ്ദേശം മനസ്സിൽ ഉയർന്നുവന്നു. ഉടൻതന്നെ സംശയവുമായി. ഇതു് കുറുപ്പിന്റെ ഭാര്യ അറിഞ്ഞിരിക്കുമോ? അധികാരിയുടെ വഞ്ചനയായിരിക്കുമോ? ഈ ദുർഘടസന്ധിയിൽനിന്നു് അധികാരിമുതലെടുക്കാൻ ശ്രമിക്കുകയാണോ? അല്ല. സത്യമാണെന്നുതന്നെ കരുതുക. അയ്യായിരം എങ്ങനെ ഉണ്ടാവും?

ചിന്തകൾക്കു തീപിടിച്ചപ്പോൾ അയാൾ മോചനത്തിനു കൊതിച്ചു. വളർന്നുകാടുകെട്ടിയ താടി തലോടിക്കൊണ്ടു്. ജീവിതത്തിന്റെ സ്വതന്ത്രവീഥിയിൽ പതിയിരിക്കുന്ന ചെകുത്താന്മാരെ നോക്കി അയാൾ നടുങ്ങി.

പട്ടണത്തിൽ ബസ്സിറങ്ങി ധൃതിയിൽ നടന്നു് വക്കീലിന്റെ വീട്ടിലെത്തിയപ്പോൾ അറിഞ്ഞു: വക്കീലിനെ ആരോ വന്നു് കൂട്ടിക്കൊണ്ടുപോയിരിക്കുന്നു. രണ്ടുദിവസം കഴിഞ്ഞേ വരികയുള്ളൂ;

മുന്നിൽകിടക്കുന്ന പകലിന്റെ നാഥനി

ല്ലാശവും ചവിട്ടിത്തെറിപ്പിച്ചുകൊണ്ട് അയാൾ പട്ടണത്തിലൂടെ നടന്നു. കമ്പനിയിൽ പോയാലോ? ഉടൻതന്നെ അയാൾ തിരുത്തി; അരുത്. അവിടെ ചെന്നാൽ സഹതാപത്തിന്റെ ചായം കയറിയ മുഖങ്ങൾ കാണേണ്ടിവരും. പിന്നെ അന്വേഷണങ്ങൾ. കേസ്സിനെപ്പറ്റി. ജോലിയെപ്പറ്റി തന്നെപ്പറ്റി.

അയാൾ ഒരു കടയിൽകയറി രാമചന്ദ്രനു് ഫോൺ ചെയ്തു. വൈകുന്നേരം കാണണം. കണ്ടിട്ടേ പോകുന്നുള്ളൂ.

പിന്നീടു്, വൈകുന്നേരം എന്ന കാലത്തെത്തുവാൻ അയാൾ ഒരു വേഴാമ്പലായി അലഞ്ഞു. തിളച്ചുമറിയുന്ന പട്ടണത്തിലെ തെരുവിൽ. അഴുക്കുവെള്ളം ചെന്നുചേരുന്ന കായൽക്കരയിൽ. പുഷ്പങ്ങളും വിലകുറഞ്ഞ ആഭരണങ്ങളും വില്ക്കുന്ന കടകളിൽ. പകലിന്റെ ചൂണ്ടയിൽ കോർത്തിട്ട ഒരു മാംസക്കഷ്ണം പോലെ അയാൾ അലഞ്ഞു.

വൈകുന്നേരം രാമചന്ദ്രനെ കണ്ടപ്പോൾ ഒരുറക്കമുണർന്ന പ്രതീതി അയാൾക്കുണ്ടായി. രാമചന്ദ്രൻ തന്റെ നിലനില്പിനെ ഓർമ്മപ്പെടുത്തുന്നു; രാമചന്ദ്രൻ തനിക്കു പകലുകളും രാത്രികളും തരുന്നു. രാമചന്ദ്രൻ ജന്മം തരുന്നു.

കണ്ടയുടൻ രാമചന്ദ്രൻ അന്വേഷിച്ചു.

"വക്കീലിനെ കണ്ടോ?"

"ഇല്ല. ആൾ സ്ഥലത്തില്ല."

"ഊം. ഒരാഴ്ചത്തെ എന്തിയില്ലെ?"

വക്കീൽ ദൂരെ എവിടേക്കോ പോയിരിക്കുകയാണെന്നു് അയാൾ പറഞ്ഞു.

"കഷ്ടമായി. ഇന്നു തന്നെ നിന്നെക്കണ്ടു് ചില കാര്യങ്ങൾ സംസാരിക്കാനുണ്ടെന്നു് പറഞ്ഞിരുന്നു. കേസ് ഹിയറിംഗ് തുടങ്ങുകയായി."

അതിന്നയാൾ ഒന്നും പറഞ്ഞില്ല. വെയിൽ തളർന്നുകിടക്കുന്ന നിരത്തിലൂടെ രാമചന്ദ്രനോടൊപ്പം നടക്കുക മാത്രം ചെയ്തു.

"കുറുപ്പിന്റെ ഭാര്യയെ പിന്നെ കണ്ടുവോ?"

"ഉം"

"വല്ല പുരോഗതിയുമുണ്ടോ?"

"പറയാറായിട്ടില്ല്യ."

"എന്നാടോ അതാവുക? അവൾക്കു ചിലവിനു കൊടുക്കുക മാത്രമല്ല നിന്റെ ലക്ഷ്യം. അവരെക്കൊണ്ടു് സാധിക്കേണ്ട കാര്യങ്ങളുണ്ടു് നമുക്കു്. (തുടരും) □

പതിനാലു്

അവരോടാണു് ആധുനിക സാഹിത്യകാരനു് കടപ്പാടു്. അവർക്കു് മുഖംമുടിയുടെ ആവശ്യമില്ല. അതുകൊണ്ടു് ഹിപ്പോക്രസിയുടെ മുഖംമൂടി വലിച്ചുചീന്തിക്കൊണ്ടു് പുതിയ സാഹിത്യകാരൻ പറയുന്നു. എനിയ്ക്കു് ന മുഹത്തോടു് ഉത്തരവാദിത്വമില്ല.

ആധുനികത ഹിപ്പോക്രസിയ്ക്കുതിരായുള്ള പ്രക്ഷോഭണമാണു്.

സാഹിത്യകാരനും വായനക്കാരനും തമ്മിലുള്ള ബന്ധമെന്താണു്?

സാഹിത്യകാരൻ വായനക്കാർക്കുവേണ്ടിയാണോ എഴുതുന്നതു്? ആധുനിക സാഹിത്യകാരന്മാർ വായനക്കാരെ മറക്കുന്നു. അവർ അവർക്കുവേണ്ടി മാത്രമാണു് എഴുതുന്നതു്. എങ്കിൽ അവർ എന്തിനു് തങ്ങൾ എഴുതുന്ന പുസ്തകങ്ങൾ പ്രസിദ്ധംചെയ്യുന്നു?

— ആധുനികതയെക്കുറിച്ചുള്ള ചർച്ചകളിൽ സാധാരണയായി ഉയർന്നുവരാറുള്ള ചില ചോദ്യങ്ങളാണിവ.

എഴുത്തുകാരനും വായനക്കാരും തമ്മിലുള്ള ബന്ധം സാഹിത്യരചനയുടെ തികച്ചും സാങ്കേതികമായ ഒരു വശമാണു്. ഈ ബന്ധം ഇന്നോ ഇന്നലേയോ തുടങ്ങിയതല്ല: സർഗ്ഗസാഹിത്യ രചനയിലൂടെ സാഹിത്യകാരൻ വായനക്കാരോടു് ഒരു "കഥ" പറയുകയാണു് ചെയ്യുന്നതു്. ഈ കഥ ചിലപ്പോൾ ശുദ്ധമായ ഭാവനാസൃഷ്ടിയായിരിയ്ക്കും: ഉദാഹരണമായി, സിൻഡ്രല്ലയുടേയോ ഉറങ്ങുന്ന രാജകുമാരിയുടേയോ കഥപോലുള്ളവ: അല്ലെങ്കിൽ ഒരു സംഭവകഥയായിരിയ്ക്കും പൊടിപ്പും തൊങ്ങലും ചേർത്തു് അയാൾ വായനക്കാരുടെ മുമ്പിൽ വെയ്ക്കുന്നതു്.

ഒരു സാഹിത്യകാരനെ സംബന്ധിച്ചിടത്തോളം ഒരു കഥ പറയുവാൻ മുന്നു് സാദ്ധ്യതകളാണുള്ളതു്: ഒന്നുകിൽ ഭാവനയിൽ ഒരു കഥ മിനഞ്ഞെടുത്തു് പറയുക: അല്ലെങ്കിൽ ഒരനുഭവകഥയോ സംഭവകഥയോ പറയുക: അതുമല്ലെങ്കിൽ ഭാവനയും യാഥാർത്ഥ്യവും ഇടകലർത്തി മൂന്നാമതൊരു കഥയുണ്ടാക്കി പറയുക.

കഥകൾക്കു് നമ്മുടെ ജീവിതത്തിൽ വലിയൊരു സ്ഥാനമാണുള്ളതു്: പലപ്പോഴും നമ്മൾ അതു മനസ്സിലാക്കിയില്ലെന്നുവരും. കഥ നമ്മുടെ ആത്മസ്നേഹിതനാണു്. ശൈശവംമുതൽ ജരാനരബാധിച്ചു് അന്ത്യശ്വാസം വലിയ്ക്കുന്നതുവരെ കഥ നമ്മെ അനുഗമിയ്ക്കുന്നു.

അമ്മ കുഞ്ഞിനെ പാൽകൊടുത്തുറക്കുന്നതു് ഒരു കഥ പറഞ്ഞുകൊടുത്തുകൊണ്ടാണു്. "പണ്ടൊരു കുറുക്കനുണ്ടായിരുന്നു..." അമ്മ പറയുന്നു. കുഞ്ഞിന്റെ ലോകം നന്നേ ചെറുതാണു്. അച്ഛനും അമ്മയും മറ്റു കുടുംബാംഗങ്ങളും ഉൾക്കൊള്ളുന്ന വീടും പരിസരവും മാത്രമാണു്. ഒരു കഥ കേൾക്കുമ്പോൾ അവന്റെ ബോധം അവന്റെ വീടിന്റെയും പരിസരങ്ങളുടേയും അതിരുകൾ ഭേദിയ്ക്കുന്നു. അവന്റെ ലോകം കുറുക്കൻ മേഞ്ഞുനടക്കുന്ന കാട്ടുകളോളം, രാക്ഷസന്മാരും രാജകുമാരികളും

താമസിയ്ക്കുന്ന വിദൂരരാജ്യത്തോളം വിസ്തൃതമാകുന്നു.

"പണ്ടു്" എന്ന പദം ഒരു കുഞ്ഞു് ആദ്യമായി കേൾക്കുന്നതു് ഒരു കഥയിലൂടെയാണു്: മിക്കവാറും എല്ലാ മുത്തശ്ശിക്കഥകളും കുട്ടിക്കഥകളും "പണ്ടു്" എന്ന പ്രയോഗത്തോടെയാണല്ലോ തുടങ്ങുന്നതു്: 'പണ്ടൊരു കുറുക്കനുണ്ടായിരുന്നു" എന്ന വാക്യത്തിലെ 'പണ്ടു്' കുഞ്ഞിനെ അവന്റെ പാരമ്പര്യവുമായി, സംസ്കാരവുമായി ബന്ധിപ്പിയ്ക്കുന്നു. മാനവരാശി ഇന്നുവരെയാർജ്ജിച്ചിട്ടുള്ള സാംസ്കാരിക പുരോഗതിയിലേയ്ക്കുള്ള താക്കോലാണു് ആ പദം: ചുരുക്കത്തിൽ കുഞ്ഞിനെ അവന്റെ സാംസ്കാരിക പാരമ്പര്യവുമായി ബന്ധിപ്പിയ്ക്കുന്ന ശൃംഖലയാണു് കഥ. എന്നു പറയാം. പ്രപഞ്ചത്തെക്കുറിച്ചുള്ള അവന്റെ ആദ്യബോധവും.

കുട്ടിക്കാലത്തു് വെറും കാല്പനികമായ കഥകളാണു് നമ്മൾ കേൾക്കുക. സിംഹത്തെപ്പൊട്ടക്കിണറ്റിൽ വീഴ്ത്തിയ മുയലിനേറെയും അപ്പത്തിനുവേണ്ടി അടിപിടികൂടിയ കുറുപ്പൻ പാണ്ടൻ എന്നീ പൂച്ചകളുടേയും മറ്റും കഥകൾ. ഇക്കാലത്തു് കുഞ്ഞു് കേൾക്കുന്ന കഥകളിലെ മൃഗങ്ങൾ മനുഷ്യരെപ്പോലെ സംസാരിയ്ക്കുന്നവരായിരിയ്ക്കും: കുഞ്ഞു് കുറച്ചുകൂടി വളരുന്നതോടെ രാക്ഷസന്മാരുടേയും രാജകുമാരിമാരുടേയും മറ്റും കഥകളുടെ ആരംഭമായി.

എം. മുകുന്ദൻ

കഥയുടെ രണ്ടാംഘട്ടം ആരംഭിയ്ക്കുന്നതു് കുട്ടി സ്കൂളിൽ പോയി തുടങ്ങുന്നതോടെയാണു്. കാല്പനിക കഥകൾക്കും അദ്ഭുതകാല്പനിക കഥകൾക്കും പുറമേ സംഭവകഥകൾ അവന്റെ ജീവിതത്തിലേയ്ക്കു കടന്നുവരുന്നു. അലക്സാണ്ടർ, നെപ്പോളിയൻ, മുഹമ്മദു് ഘോറി, ബിംബിസാരൻ തുടങ്ങിയവരുടെ കഥകൾ അവൻ കേട്ടു തുടങ്ങുന്നു.

അവൻ വലുതാകുന്നതോടെ ഫാന്റസി അവനിൽ നിന്നകലുന്നു. സ്വന്തം സമൂഹ

ത്തിന്റെ പ്രതിഫലനങ്ങളായ, തനിയ്ക്കു ചുറ്റുമുള്ളവർ കഥാപാത്രങ്ങളായുള്ള കഥകൾ വായിക്കുകളിൽനിന്നും പുസ്തകങ്ങളിൽ നിന്നും അവൻ വായിച്ചു തുടങ്ങുന്നു. കഥകളുടെ ലോകത്തിൽ ജീവിയ്ക്കുന്ന ഒരു കുട്ടിയുടെ ജീവിതത്തിലെ ഒരു നിർണ്ണായകഘട്ടമാണിത്.

ക്രമാനുഗതമായി വികസിക്കുന്ന കഥകളുടെ ഈ ലോകത്തിൽനിന്നു വ്യത്യസ്തമായി, കഥകളുടെ മറ്റൊരു ലോകമുണ്ട്. പത്ര പ്രസിദ്ധീകരണങ്ങളിൽ നിന്നും പുസ്തകങ്ങളിൽ നിന്നും അച്ഛനമ്മമാരുടേയും അദ്ധ്യാപകരുടേയും മുഖത്തുനിന്നും മാത്രമല്ല, നമ്മൾ കഥകൾ കേൾക്കുന്നു: പള്ളിക്കൂടത്തിലും അങ്ങാടിയിലും ബസ്സിലും എല്ലാം കഥകൾ നമ്മെ അനുഭവിപ്പിയ്ക്കുന്നു. ബസ്സിൽ വെച്ച് ഒരു പരിചയക്കാരനെ കണ്ടുമുട്ടുമ്പോൾ, അയാൾ പറയുന്നു.

"നിങ്ങളറിഞ്ഞോ, നമ്മുടെ നാഥൻ നായർ അയാളുടെ ഭാര്യയെ ഉപേക്ഷിച്ചു...

അതിനുശേഷം നാഥൻ നായർ അയാളുടെ സുന്ദരിയായ ഭാര്യയുമായി പിണങ്ങുവാനിടയാക്കിയ സംഭവം അയാൾ വിവരിയ്ക്കുന്നു. സ്വന്തം ഭാവനാവിലാസമനുസരിച്ച് നിറം കൂട്ടിയായിരിയ്ക്കും അയാൾ അതു പറയുക.

രണ്ടാൾ തമ്മിൽ കണ്ടുമുട്ടുമ്പോൾ അവരിൽ ഒരാൾക്കെങ്കിലും ഒരു കഥ പറയുവാനുണ്ടാകും. അവിവാഹിതയായ ഒരു പെണ്ണ് കുട്ടിയ്ക്ക് ഗർഭമായ കഥയോ ദരിദ്രനായ ഒരാൾ കള്ളക്കടത്തിലൂടെ പണം വാരിക്കൂട്ടിയ കഥയോ അങ്ങിനെ എന്തെങ്കിലും.

കഥകൾക്ക് നമ്മുടെ ജീവിതത്തിലുള്ള സ്ഥാനം ഇതിൽനിന്ന് മനസ്സിലാക്കാമല്ലോ. നാമോരുത്തരിലും കഥ പറയുവാനും കേൾക്കുവാനുമുള്ള വ്യഗ്രതയുണ്ട്: ഒരർത്ഥത്തിൽ നാമാകെ കഥാകാരന്മാരും ശ്രോതാക്കളുമാണ്. പിന്നെ നമ്മളിൽ നിന്നു ഒരു സാഹിത്യകാരനെ വേർതിരിയ്ക്കുന്നതു് എന്താണ്?

ദൈനംദിന ജീവിതത്തിൽ നമ്മൾ കഥ പറയുന്നതു് മുൻവിധിക്കുടാതെയാണ്. കാണത്തിനു് എന്റെ ഒരു സ്നേഹിതനോട് ഒരു നെടുവീർപ്പോടെ ഞാൻ പറയുന്നു: കഴിഞ്ഞ ഓണത്തിനാണ് ഞാൻ ഉഷയെ ആദ്യമായി കണ്ടുമുട്ടിയതു്... അതിനുശേഷം ഞാൻ ആ കഥയിലേയ്ക്കു കടക്കുന്നു. ആ കഥ ഒരു മുൻവിധിയോടെയല്ല ഞാൻ പറയുന്നതു്. മാത്രമല്ല, ആ കഥയ്ക്ക് നിലനില്പുമില്ല. കഥ പറഞ്ഞുതീരുന്നതിനു മുമ്പുതന്നെ കഥയ്ക്കു ജന്മം നൽകിയ വാക്കുകൾ, ശബ്ദങ്ങൾ, ശൂന്യതയിൽ ലയിയ്ക്കുന്നു...

മറിച്ച് നമ്മൾ ഒരു കഥ എഴുതി പ്രസിദ്ധീകരിയ്ക്കുമ്പോൾ സംഭവിയ്ക്കുന്നതു് ഇതല്ല. ആ കഥ അച്ചടിയ്ക്കപ്പെടുകയും പുസ്തകരൂപത്തിൽ നിലനില്ക്കുകയും ചെയ്യുന്നു. നമ്മൾ മണ്ണടിഞ്ഞുകഴിഞ്ഞാലും ആ പുസ്തകം വായിയ്ക്കപ്പെടുകയും പഠനവിധേയമാകുകയും ചെയ്യുന്നവരാം. മുത്തശ്ശിയ്ക്ക് ഒരു കഥ പറഞ്ഞാൽ മാത്രം മതി. കഞ്ഞിനെ ഉറക്കുക എന്നതു് മാത്രമാണ് അവരുടെ ലക്ഷ്യം. ഒരു സാഹിത്യകാരന്റെ പ്രവൃത്തി കഥ പറയുന്നതോടെ തീരുന്നില്ല. ആ കഥ അച്ചടിപ്പിയ്ക്കണം. വായനക്കാരുടെ പ്രതികരണം അറിയണം. വിമർശനങ്ങൾക്ക് വേണ്ടിവന്നാൽ മറുപടി പറയണം— മുത്തശ്ശിക്കഥയിൽ മുത്തശ്ശിയും കുട്ടിയും മാത്രമേയുള്ളൂ. സാഹിത്യകാരൻ എഴുതുന്ന കഥയിൽ അച്ചടിശാലയിലെ കമ്പോസർ മുതൽ പുസ്തകം പണം കൊടുത്തു വാങ്ങുന്ന വായനക്കാരൻ വരെ നിരവധിപേർ പങ്കെടുക്കുന്നു. മുത്തശ്ശിക്കഥയിൽ, ഒരു സാഹിത്യകാരൻ ഒരു കഥ പറയുമ്പോൾ സമൂഹം അതിൽ പങ്കെടുക്കുന്നു...

ഇതെല്ലാം ആകുമ്പോഴേയ്ക്കു് സാഹിത്യകാരന്റെ പ്രശ്നങ്ങൾ ആരംഭിയ്ക്കുന്നു.

എഴുതുവാനായി പേന കൈയിലെടുക്കുന്ന സാഹിത്യകാരന്റെ ആദ്യശ്രമം തന്റെ നഷ്ടപ്പെട്ട സൃഷ്ടിപരമായ സ്വാതന്ത്ര്യം വീണ്ടെടുക്കുക എന്നതാണ്: അതിനായി എഴുത്തുകാരൻ പഴയ മുത്തശ്ശിയായി മാറുന്നു. അസംഭാവ്യങ്ങളായ കഥകളും ഫാന്റസികളും അവൻ വായനക്കാർക്ക് പറഞ്ഞു കൊടുക്കുന്നു. ഒരാധുനിക കഥയിലോ ചിത്രത്തിലോ യുക്തിയുടെ അഭാവം കാണുന്നുവെങ്കിൽ, അതിനുള്ള കാരണം മുകളിൽ പറഞ്ഞതാണ്.

വായനക്കാർക്കുവേണ്ടി എഴുതുവാൻ സാഹിത്യകാരനോട് ആവശ്യപ്പെടുമ്പോൾ മറ്റൊരു പ്രശ്നംകൂടി അലപൊന്തിയ്ക്കുന്നതു് കാണാം.

—o—

പുതിയ സംവിധായകരിൽ പരസ്പരധാരണയില്ല

—രാജ് മാർബറോസ്

മാന്യ വായനക്കാരെ ബഹുമാന്യ ആസ്വാദകരെ വൈറ്റിലും സുന്ദരമായ ഓർമ്മകൾ സമ്മാനിക്കുന്ന ഉത്കൃഷ്ടകലാസൃഷ്ടികളിലും ഇന്റസ്റ്റ്മാൻ കളറിലും ഭാവനാസൃഷ്ടികളായ ഭാവിയുടെ സ്വപ്നങ്ങൾ മോണോ ക്രോമിലുമാണ് പ്രത്യക്ഷപ്പെടുക. ഇന്ത്യൻ സിനിമയിൽ ഇതൊരു നൂതനപരീക്ഷണമാണെന്നു തോന്നുന്നു. 'പൂരബ് ഔർ പശ്ചിമിൽ' കളറിനോടൊപ്പം മോണോക്രോമും ഉപയോഗിച്ചിട്ടില്ലെന്നല്ല. എങ്കിലും ഈ മൂന്നു വർണ്ണങ്ങളുപയോഗിച്ച് കഥയ്ക്കു പുതിയൊരു മാനം നൽകാനുള്ള ആദ്യത്തെ ശ്രമം രാജിന്റേതാണ്.

വേരുകേട്ടാൽ വിദേശിയാണെന്നു തോന്നുമെങ്കിലും ആൾ തനി മലയാളിയാണ്. കൃത്യമായി പറഞ്ഞാൽ മറുനാട്ടിലെ ഒരു മലയാളി. 1935-ൽ കണ്ണൂരിൽ ജനിച്ച രാജ് സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയതോടെ കേരളത്തോട് യാത്രപറഞ്ഞു. ബോംബെ സെന്റ് സേവ്യേഴ്സ് കോളേജിൽനിന്നു നേരെ വന്നെത്തിയതു് ഇന്ത്യൻ ഫോട്ടോഗ്രഫി ഡയറക്ടറേറ്റിലാണ്. കഴിഞ്ഞ ഇരുപത്തിമൂന്നു വർഷമായി സിനിമാലോകത്തുതന്നെ കഴിയുന്ന രാജ് പുറത്താകാത്ത "ത്രിസന്ധ്യ"യിലൂടെ ഇതിനോടകം പ്രശസ്തനായിക്കഴിഞ്ഞിരിക്കുന്നു. "ത്രിസന്ധ്യ" ബോംബെയിലെ കൊമേഴ്സ്യൽ ഫിലിം വൃത്തങ്ങളിലെ ഒരു സംസാരവിഷയമാണ്. പേരുപോലെ സുന്ദരമായ ചിത്രം!

ഡഫർദറഹിമാനെ പുരുഷനാക്കിയ ത്രിസന്ധ്യയിലെത്തുന്നതുവരെ, രാജ് പിന്നിട്ട വഴികളെപ്പറ്റി അറിയാനാഗ്രഹിക്കുന്നവർക്കുവേണ്ടി ചില വിവരങ്ങൾ: 1951-ൽ ബോംബെയിൽ വന്നയുടൻ എൽ.വി.പ്രസാദിന്റെ "ആനന്ദ്മഠ്" എന്ന ചിത്രത്തിന്റെ സംവിധായകനായി ജോലി ചെയ്തു. പിന്നീട് സുബോധ് മുഖർജി, അശോക്കുമാർ എന്നീ നിർമ്മാതാക്കളുടെ സഹായിയായി പ്രവർത്തിച്ചു. അശോക്കുമാറിനോടൊത്തുള്ള ആറുവർഷം തിരക്കഥാരചനയിലും സംവിധാനത്തിലും വളരെയേറെ പരിചയം നേടിക്കൊടുത്തു. അതുത്തുടർന്ന് "നൗനിഹാർ" എന്ന ചിത്രത്തിന്റെ തിരക്കഥയെഴുതി സംവിധാനം ചെയ്തു. പിന്നീടേതാനും വർഷം സുപ്രസിദ്ധ ഫിലിം സൊസൈറ്റിയായ ഫിലിം ഫോറത്തിന്റെ പ്രവർത്തനങ്ങളിൽ മുഴുകിയിരുന്ന ഈ സംവിധായകൻ ത്രിസന്ധ്യയിലൂടെ ഒരു തിരിച്ചുവരവുനടത്തി. വിതരണസൗകര്യത്തിന്റെ അഭാവംമൂലം ത്രിസന്ധ്യ റിലീസുചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ "ദ വിറ്റ്നസ്" (The Witness) എന്ന ചിത്രത്തിന്റെ നിർമ്മാണത്തിൽ മുഴുകിയിരിക്കുന്ന രാജ് "ത്രിസന്ധ്യ" മലയാളത്തിലും ഹിന്ദിയിലും റിലീസാകുന്ന മുഹൂർത്തവും കാത്തിരിക്കുകയാണ്.

മിതഭാഷിയും ഗൗരവപ്രകൃതിക്കാരനുമായ രാജിനോട് ത്രിസന്ധ്യയെപ്പറ്റിയാണാദ്യം ചോദിച്ചതു്. പുതിയ സിനിമാസംവിധായകരുടെ നിരയിൽ രാജിനെ എത്തിച്ചതു് ത്രിസന്ധ്യയാണ്. കൊമേഴ്സ്യൽ സിനിമയിൽ ഒരു വ്യായവട്ടത്തിലേറെ പണിയെടുത്തിട്ടും കലയ്ക്കു മുൻതൂക്കം നൽകാൻ തയ്യാറായ ഈ കലാകാരൻ ത്രിസന്ധ്യയിൽ വർണ്ണംകൊണ്ടു നടത്തിയിരിക്കുന്ന പരീക്ഷണം ശ്രദ്ധേയമാണ്. മോഹഭംഗങ്ങളും അസൂയാഹിതവുംകൊണ്ടു മനസ്സും ശരീരവും തളർന്ന ഭാസ്കർ എന്ന യുവാവിന്റെ ദൃഷ്ടികളിലൂടെ ത്രിസന്ധ്യയുടെ ചുരുൾ വിരിയുമ്പോൾ കഥാനിർഭര

തയ്യാറാക്കിയതു്
ജോർജ്ജ് കെ ജോർജ്ജ്

പുതിയ സിനിമയെപ്പറ്റിയുള്ള ചോദ്യം രാജിൽ വിഷാദഭാവമാണുണർത്തിയത്. രണ്ടുവർഷം മുമ്പ് പുതിയ സിനിമയെപ്പറ്റി എന്നോട് ചോദിച്ചിരുന്നെങ്കിൽ ശുഭാപ്തി വിശ്വാസത്തോടെ ഞാൻ സംസാരിക്കുമായിരുന്നു. ഇന്നത്തെ സ്ഥിതി ഒട്ടും പ്രോത്സാഹനജനകമല്ല പുതിയ സംവിധായകർക്ക് ചിത്രനിർമ്മാണം അതീവദുഷ്കരമായിരിക്കുന്നു: നിർമ്മാണച്ചിലവ് ഗണ്യമായിവർദ്ധിച്ചിരിക്കുന്നു. അതിനും പുറമെ കനത്ത നികുതിഭാരം ചെറുകിടക്കാരായ ഞങ്ങളെ ശ്വാസംമുട്ടിച്ചു കൊല്ലുകയാണ്; ഇതിനും പുറമെ ഫിലിം ഫൈനാൻസ് കോർപ്പറേഷന്റെ ഇപ്പോഴത്തെ നയം മാറ്റുകയാണെന്നു കേൾക്കുന്നു. "ഭുവൻഷോം"ശേഷം കൊമേഴ്സ്യൽ ചിത്രങ്ങൾക്ക ധനസഹായം ചെയ്യുകയല്ലെന്നായിരുന്നു അതിന്റെ തീരുമാനം. രത്നഫലമായി ഏതാനും നല്ല ഓഫ്ബീറ്റു ചിത്രങ്ങളുണ്ടായി. അവ സാമ്പത്തികവിജയമാകാഞ്ഞതുകൊണ്ട് മേലിൽ കൊമേഴ്സ്യൽ ചിത്രങ്ങൾക്കെ ധനസഹായം ചെയ്യുകയുള്ളു എന്നാണത്രെ പുതിയ തീരുമാനം. മുതൽമുടക്കു തിരിച്ചുകിട്ടാനാണിതെന്നു പറയുന്നു. പക്ഷെ, "ഭുവൻഷോമി"നു എഫ്. എഫ്: സി സഹായിച്ച കോമേഴ്സ്യൽ ചിത്രങ്ങളിൽനിന്നു കിട്ടിയതിലേറെ പണം ഈ ഓഫ്ബീറ്റു ചിത്രങ്ങളിൽനിന്നു കിട്ടിയതായി കണക്കുകൾ തെളിയിക്കുന്നു. കൂടാതെ ഈ നാട്ടിൽ പുതിയസിനിമയ്ക്കു നിലനില്പേകാനും കോർപറേഷനു കഴിഞ്ഞു. ലക്ഷക്കണക്കിനു മുതൽ മുടക്കാൻ കഴിയുന്ന കൊമേഴ്സ്യൽ നിർമ്മാതാവിനു എഫ്. എഫ്: സിയുടെ നാലോ അഞ്ചോ ലക്ഷം രൂപ സ്വീകാര്യമായ തുകയല്ല. ഞങ്ങൾക്കങ്ങനെയല്ല. ഈ പുതിയ നയം നടപ്പിലാക്കുന്നപക്ഷം പുതിയ സിനിമയുടെ ഭാവി വളരെ അന്ധകാരമയമായിരിക്കും. രാജ്യത്തിന്റെ വിവിധഭാഗങ്ങളിലായി ഞ്ഞൂറ്റ് തീയേറ്ററുകൾ തുടങ്ങാനുള്ള പരിപാടിയും അവർ റദ്ദാക്കിയിരിക്കുകയാണു്. ഇതും പുതിയ സിനിമയുടെ വളർച്ചയെ ഗണ്യമായി ബാധിക്കും.

സാമ്പത്തിക ബാദ്ധ്യതയുള്ള പുറമെ പുതിയ സിനിമയുള്ള സ്വതന്ത്രമായ വ്യക്തിത്വത്തിന്റെ പ്രശ്നമില്ലേ എന്നു തിരക്കിയപ്പോൾ രാജ് ഗിരീഷ് കർണാഡിനെ ഉദ്ധരിച്ചുകൊണ്ടു് പറഞ്ഞതു് സത്യജിത് റേയുടെ ചിത്രങ്ങൾക്കുള്ള ജീവിതബന്ധവും ഭാരതീയ പശ്ചാത്തലവും പുതിയ സിനിമയുണ്ടാകണമെന്നാണു്. "റേയുടെ സൃഷ്ടികളുടെ പരിമിതികളെന്തായാലും ഭാരതീയ ജീവിതത്തെ ആത്മാർത്ഥമായും സത്യസന്ധമായും ആവിഷ്കരിക്കാനുള്ള ശ്രമങ്ങളാണവ. നമ്മുടെ അനുദിനജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ട ആ ചിത്രങ്ങൾക്ക ജീവിതത്തിന്റെയും ഈ മണ്ണിന്റെയും ഗന്ധമുണ്ടു്. പുതിയ സംവിധായകരിൽ പലരും സാങ്കേതികവശത്തിൽ (രൂപത്തിൽ) കണക്കറ്റു ശ്രദ്ധിക്കുന്നതിനിടയിൽ ഈ ഘടകം വിട്ടുകളഞ്ഞു. തങ്ങളുടെ ചിത്രങ്ങളുടെ പ്രമേയത്തെ ഭാരതത്തിലെ അനുദിനജീവിതവുമായി താദാത്മ്യപ്പെടുത്തുവാൻ അവർക്കു സാധിക്കുന്നില്ല."

"നിർമ്മാല്യത്തിനു സാങ്കേതിക ഘടകങ്ങളിൽ ചില പാകപ്പിഴകൾ വന്നിട്ടുണ്ടെങ്കിൽത്തന്നെ ഈ ഗുണമുണ്ടു്. ആധികാരികമായ ജീവിതവ്യാഖ്യാനമാണതു്: ഇതു മനസ്സിൽവച്ചു നിർമ്മിച്ച ത്രീസന്ധ്യയ്ക്കുപോലും നിർമ്മാല്യത്തിന്റെ കരുത്തും ശക്തിയും ലഭിച്ചിട്ടില്ല. ഞാനും ടെക്നിക്കിൽ ഉറച്ചുതൽ ശ്രദ്ധിച്ചതാണു കാരണം. മണികൗളിന്റെ "ഉസ്കി റൊട്ടി"യുടെ ശൈലി അല്പംകൂടി ലളിതമായിരുന്നെങ്കിൽ എത്ര ശക്തമായ ഒരു ചിത്രമാകുമായിരുന്നു: വിദേശ സംവിധായകരെ അന്ധമായി അനുകരിക്കാനുള്ള ശ്രമത്തിൽ പ്രമേയത്തിൽപോലും ദേശീയ സ്വഭാവം നിലനിർത്താൻ കഴിയാതെ പോകുന്നതാണ് പലരുടെയും തകരാറു്."

പുതിയ സിനിമയുടെ വക്താക്കളുടെയിടയിൽ പല ചേരികളും ക്ലിക്കുകളും ഉണ്ടെന്നുള്ള ദുഃഖകരമായ സത്യം നിഷേധിക്കാൻ രാജിനു കഴിയുന്നില്ല. "പുതിയ സംവിധായകരുടെ ഒരു സംഘടനയുണ്ടു രൂപമെടുക്കാൻ കാതിലാൽ റാത്തോഡ് ആത്മാർത്ഥമായി ശ്രമിച്ചെങ്കിലും സഹകരിക്കാൻ ആരും തയ്യാറായില്ല: ഞങ്ങളിൽ പലർക്കും മുഖംമൂടികൾ വലിച്ചുചീറിയാതെ പറ്റില്ല. എന്തിനാണീ നാട്യമെന്നു മനസ്സിലാവുന്നില്ല. പരസ്പരം ചെളിവാരിയെറിഞ്ഞതുകൊണ്ടു് സ്വന്തം പ്രശസ്തി വർദ്ധിക്കുമെന്ന ധാരണയാവാം കാരണം. ഈ പൊയ്മുഖങ്ങൾ പൊഴിച്ചിട്ടു കുറെക്കൂടി ലളിതമായ സമീപനം സ്വീകരിച്ചേ മതിയാവൂ. വിഭിന്ന താല്പര്യക്കാരായ കോമേഴ്സ്യൽ നിർമ്മാതാക്കൾക്ക ഐക്യത്തോടെ പ്രവർത്തിക്കാമെങ്കിൽ പുതിയ സംവിധായകർക്ക പരസ്പര ധാരണയോടെ മുന്നേറിക്കൂടെ? സംഘടിതമായി ഗവണ്മെന്റിനെ സമീപിച്ചു ചിത്രനിർമ്മാണത്തിനനുകൂലമായ സാഹചര്യം സൃഷ്ടിക്കാതെ പുതിയ സിനിമയ്ക്കു നിലനിൽപ്പില്ലാതാവില്ല."

'വൻതാരങ്ങളില്ലാതെയായ വഹീദ റഹ്മാനെ ഗ്ലാമർസുന്ദരിയായി നായികയാക്കിയ രാജ് ന് തന്റെ പുതിയ സിനിമയും തമ്മിൽ പൊരുത്തക്കേടില്ലെന്നാണ് തോന്നുന്നതു്. താരങ്ങളെ പുതിയ സിനിമയിൽനിന്നും പാടെ ഒഴിവാക്കണമെന്നു വാദിക്കുന്നതിൽ അർത്ഥമില്ല. അവരിൽ അഭിനയശേഷിയുള്ള പലരുമുണ്ടല്ലോ? പലർക്കും കലാമൂല്യമുള്ള നല്ല ചിത്രങ്ങളിൽ അഭിനയിക്കണമെന്നാഗ്രഹമുണ്ടു്. വളരെ കുറഞ്ഞനിരക്കിൽ അഭിനയിക്കാൻ അവർ സന്നദ്ധരുമാണു്. ഷർമ്മിള, അമിതാബ് എന്നിവരെയൊക്കെ പരിമിതമായ തുകയിലേറാത്ത ഉയർന്ന ശമ്പളം നൽകി ലഭിക്കാൻ കഴിയും. എന്നാൽ അത്രയുംപോലും നൽകാൻ ഇവിടത്തെ ചെറു ബജറ്റു് സംവിധായകനും നിർമ്മാതാവിനും കഴിവില്ല. താരങ്ങളുള്ള ചിത്രം വില്ക്കാൻ എളുപ്പമുണ്ടു്. അനുഭവസമ്പത്തും അഭിനയവാസനയും ഉള്ള പ്രൊഫഷണൽ താരങ്ങൾ പുതുപുതുങ്ങളേക്കാൾ വേഗത്തിലും നന്നായും ജോലിചെയ്യും. എങ്കിലും ചിത്രം റിലീസ് ചെയ്യാനുള്ള അവസരവും സാമ്പത്തിക ഭദ്രതയും ഉള്ള പക്ഷം ഞാൻ താരങ്ങളെ തേടുകയില്ല.

"സമകാലീന സാമൂഹ്യപ്രശ്നങ്ങൾ രൂപകല്പന ചെയ്യാൻ പുതിയ സംവിധായകർക്കുള്ള ചുമതലയെപ്പറ്റി പലരും പറയാറുണ്ടു്. അതിനുള്ള സ്വാതന്ത്ര്യം സെൻസർബോർഡു നൽകുമോ? അശ്ലീലവും ആഭാസത്തരവും അനുവദിക്കുന്ന സെൻ



"ഭാരതത്തിലെ അനുദിനജീവിതത്തെ പുതിയ സംവിധായകർ കാണുന്നില്ല ... "

പഠിക്കുക! ശ്രേഷ്ഠചിത്രശാസ്ത്ര ഗ്രന്ഥങ്ങൾ!!

1. ജാലവിദ്യ— ചീട്ടുകൾ, നാണയങ്ങൾ, തൂവാല etc കൊണ്ടുള്ള ജാലവിദ്യകൾ, കൈപ്പടി വിദ്യകൾ, തന്ത്രങ്ങൾ, മായാ ജാലങ്ങൾ, മാജിക് പഠിക്കാനുള്ള ചിത്രഗ്രന്ഥം വില 6 രൂ.
2. സ്വഭാവ പഠനശാസ്ത്രം— കയ്യക്ഷരം, ഒപ്പ്, നടത്തം, വേഷം, ഭാവം, മീശ, ജന്മദിനം, മറുലക്ഷണങ്ങൾ etc നോക്കി ഒരു വ്യക്തിയുടെ സ്വഭാവവും കഴിവുകളും പഠിക്കാനുള്ള ശാസ്ത്രം വില 5 രൂ.
3. നക്ഷത്രഫലവും ലഗ്നഫലസാരവും—ഏതുനാളിൽ ജനിച്ചവരുടേയും ഭൂതവർത്തമാന ഭാവിഫലങ്ങൾ അറിയുന്നതിനും പറയുന്നതിനും. വില 4 രൂ.
4. പ്രേമലേഖനങ്ങൾ— ശോക പര്യവസായിയായ പ്രണയകഥ ധാരാളം റെഡിമെയ്ഡ് പ്രേമലേഖനങ്ങൾ സഹിതം വില 3 രൂ.
5. സാമുദ്രികാശാസ്ത്രം— സ്ത്രീപുരുഷ ലക്ഷണങ്ങൾ, മറുകുകൾ, ചുഴികൾ, ലക്ഷണങ്ങൾ etc ഗുണദോഷ ഫലങ്ങൾ ചിത്രഗ്രന്ഥം വില 2രൂ.
6. ഷീറോയുടെ ഹസ്തരേഖാശാസ്ത്രം— ചിത്രങ്ങൾ സഹിതം വില 2രൂ.
7. മുഖലക്ഷണശാസ്ത്രം— പൂർണ്ണ ചിത്രഗ്രന്ഥം വില 2രൂ.
8. മെസ്മരിസം— മനുഷ്യനെ ഉറക്കുക, നിയന്ത്രിക്കുക, വശംവദരാക്കുക. പ്രാഥമീക പാഠങ്ങൾ വില 2രൂ.
9. ഹിപ്നോട്ടിസം — പരചൈതന്യ വാദവിദ്യ ശാസ്ത്രം വില 2രൂ.
10. മാജിക്കും മാസ്മരവിദ്യയും— കൺകെട്ട വേലകൾ, രഹസ്യക്കണക്കുകൾ ചീട്ടുകൊണ്ടുള്ള മറിവുതിരിവുകൾ, etc വില 2രൂ.
11. അത്ഭുതവാർത്തകൾ— രസകരമായ വാർത്തകൾ വില 2രൂ.
12. രഹസ്യരോഗങ്ങളും നിവാരണമാർഗ്ഗങ്ങളും — ചികിത്സാഗ്രന്ഥം വില 1-50

എല്ലാറ്റിനും V. P. ചിലവു് പുറമേ: ചിത്രകാറ്റലോഗ് സൗജന്യം.

F. P. A. I, Thariannagar, VIA—Tiruvalla—RMS, KERALA.

— ഇംഗ്ലീഷിൽ സംസാരിക്കാൻ —

(1) ഇംഗ്ലീഷിൽ സംഭാഷണം ചെയ്വാൻ – ഇംഗ്ലീഷ് സംഭാഷണ പാഠാവലി 12 ക.

(2) ഇംഗ്ലീഷ് വ്യാകരണം പഠിക്കാൻ – സമ്പൂർണ്ണ ഇംഗ്ലീഷ് വ്യാകരണ പാഠാവലി: 6 ക.

(3) ഇംഗ്ലീഷിൽ കത്തുകളെഴുതാൻ – Senior Letter Writer. 6 ക

(4) തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ – Correct English. 5 ക

(5) ഉദാഹരണവാക്യങ്ങളടങ്ങിയ ഇംഗ്ലീഷ് നിഘണ്ടു. 20 ക. 4 റ. മുൻകൂർ അയച്ചു അപേക്ഷിക്കുക: A. P. O. യിലുള്ളവർ മുഴുവൻ തുകയും മുൻകൂറയയ്ക്കണം. ഓരോന്നിനും തപാൽചെലവു് 2 ക. 50 സ.

C. C. Book Depot, 6 Rajendran Colony,
Arunachalam Road, Saligramam, MADRAS - 93

സർബ്ബോർഡ് ഒരു ഗവണ്മെൻറുദ്യോഗസ്ഥനേയോ മന്ത്രിയേയോ വിമർശിക്കാൻ അനുവദിക്കുകയില്ല. പോലീസിൻറെ കൈക്കുലിയെപ്പറ്റി സൂചിപ്പിക്കാൻ സമ്മതിക്കുകയില്ല. എന്തിനേറെ ഇന്ദിര എന്ന പേരുപോലും ചേർക്കാൻ പറ്റില്ലല്ലോ? ഇന്നാട്ടിലെ പ്രേക്ഷകർ പിന്നാക്കാവസ്ഥകൊണ്ടാണ് ഇത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതെന്നു് സെൻസർബോർഡ് വക്താക്കൾ പറയുന്നു. പുസ്തകങ്ങളിലും പത്രങ്ങളിലും രാഷ്ട്രീയ സാമൂഹ്യ വിമർശനമാകാം. സിനിമയിൽ മാത്രം പറ്റില്ല. നിയന്ത്രണങ്ങൾകൊണ്ടു് സംവിധായകൻറെ കരങ്ങളെ വരിഞ്ഞുകെട്ടുന്ന ഭരണാധിപന്മാർ സാമൂഹ്യാവബോധമുള്ള ചിത്രങ്ങൾക്കുവേണ്ടി മുറവിളി കൂട്ടുന്നു."

ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു് കഴിവുള്ള ധാരാളം ചെറുപ്പക്കാർ പുറത്തുവരുന്നുണ്ടു്. മിക്ക അഭിനയ വിദ്യാർത്ഥികൾക്കും താരങ്ങളാകാനാണു് വ്യഗ്രത. പക്ഷേ സംവിധായകർക്കും സാങ്കേതിക വിദഗ്ദ്ധർക്കും കലയോടു മാത്രം കാണിക്കുന്നമനസ്സാന്നിദ്ധ്യമുണ്ടു്. പക്ഷെ, അതുകൊണ്ടു കഴിയാത്ത നിലയാണുള്ളതു്. പലരും അവസരങ്ങളില്ലാതെ നിരാശരായി. നിരാലംബരായി അലയുന്നു. രാഷ്ട്രത്തിൻറെ പണവും വാസനാസമ്പന്നരായ യുവാക്കളുടെ ആയുസ്സും പാഴാകുന്ന ദയനീയ സ്ഥിതിയാണുള്ളതു്. 16 മില്ലീമീറ്ററിൽ പടമെടുക്കുന്നതുള്ള സാങ്കേതികസൗകര്യങ്ങൾ നമുക്കില്ല. അതിനുള്ള ഏർപ്പാടുചെയ്താൽ മിക്കയുവാക്കൾക്കും പടമെടുക്കാൻ കഴിഞ്ഞേക്കും."

ഫിലിം സൊസൈറ്റിപ്രസ്ഥാനത്തു് വർഷങ്ങളോളം പണിയെടുത്തിട്ടുള്ള ആളാണു് രാജു. ചലച്ചിത്രാസ്വാദനത്തെ വളർത്താനുള്ള മുഖ്യോപാധിയായ ആ പ്രസ്ഥാനം ഇന്ത്യയിൽ വേരുറയ്ക്കാത്തതിനു് കാരണം നിസ്വാർത്ഥമായി പണിയെടുക്കാൻ തയ്യാറുള്ള പ്രവർത്തകരുടെ അഭാവമാണെന്നാണു് അഭിപ്രായപ്പെടുന്നു. 'ഏതാനും ചിത്രം പ്രദർശിപ്പിച്ചതുകൊണ്ടുമാത്രം ഫിലിം സൊസൈറ്റിയുടെ ലക്ഷ്യം നിറവേറുന്നില്ല. ചിത്രങ്ങളെപ്പറ്റിയുള്ള പഠനങ്ങളും ചർച്ചകളും നടക്കണം. നല്ല ചിത്രങ്ങളിലൂടെ മാത്രമേ പ്രബുദ്ധരായ പ്രേക്ഷകരെ വളർത്തിയെടുക്കാനാവൂ. നല്ല ചിത്രങ്ങളുണ്ടായാൽ മാത്രംപോരാ, അവപ്രദർശിപ്പിക്കാനുള്ള സൗകര്യവും ലഭിക്കണം. ആകാശവാണി ഓഡിറ്റോറിയം പോലുള്ള വൻ സംരംഭങ്ങൾക്കു പകരം നൂറോ, ഇരുനൂറോ ചെറിയ ഹാളുകൾ നിർമ്മിച്ചോ വാടകയ്ക്കു് എടുത്തോ പ്രദർശനമാരംഭിക്കാൻ എഫ്. എഫ്. സി. തയ്യാറാകട്ടെ: അപ്പോൾ ചെറുകിട നിർമ്മാതാക്കൾക്കും നല്ല ചിത്രങ്ങൾക്കുവേണ്ടി മോഹിക്കുന്ന പ്രേക്ഷകർക്കും രക്ഷയില്ല.'

'പുതിയ സിനിമയുടെ ഭാവിയെപ്പറ്റി പറയാൻ മടിയുണ്ടു്. ഇന്നത്തെ നില തുടർന്നാൽ, എഫ്. എഫ്. സി നന്നേ മാറിവന്നാൽ പുതിയ സിനിമ തിരോധാനം ചെയ്തേക്കും. അഞ്ചരലക്ഷം രൂപചെലവില്ലാതെ ഇന്നൊരു ചിത്രം തീയേറ്ററിൽ എത്തുകയില്ല. വർദ്ധിച്ച നികുതിഭാരം ഇടത്തരക്കാരായ നിർമ്മാതാക്കളെ വിഷമം മുട്ടിക്കുകയാണു്. പുതിയ സംവിധായകർ സംഘടിച്ചു് ഗവണ്മെൻറിൻറെ ശ്രദ്ധ സമ്മർദ്ദം ചെലുത്തണം. 16 മില്ലീമീറ്റർ ചിത്രങ്ങൾ നിർമ്മിക്കാനുള്ള സാങ്കേതിക സൗകര്യങ്ങൾ ഗവണ്മെൻറു നൽകണം. കുറഞ്ഞ നികുതിയും 16 മി: മീറ്ററിൻറെ വിപ്ലവത്തിലൂടെ മാത്രമേ പുതിയ സിനിമയെ രക്ഷപെടുത്താനാവൂ.

...o...

മലയാളനാട്

വാരിക

വരിസംഖ്യനിരക്കു്

ഒരു വർഷത്തേക്കു് 40-00രൂ
ആറുമാസത്തേക്കു് 20-00രൂ
ഒറ്റപ്രതി 00-75സ

വിദേശങ്ങളിൽ അയയ്ക്കുന്നതിനുള്ള വരിസംഖ്യാനിരക്കിൽനിന്നും ഫോസ്റ്റേജ് കൂട്ടേണ്ടതായിരിക്കുന്നതാണു്.

മാനേജർ.

"ദേവണ്ടേടോ. ധാരാളം കരുതീട്ടുണ്ട്. വീട്ടിലുണ്ടാക്കിയതാ. എനിക്ക് പൊറമേന്നൊന്നും കഴിക്കാൻ വയ്യ. വയറാകെ കേട്ട വന്നിരിക്കണു."

മാരാര് ബഞ്ചിനടിയിൽ നിന്ന് വച്ചിയൊരു ടിഫിൻകാരിയർ പുറത്തെടുത്ത് ബഞ്ചിൻമേൽ വെച്ചു. വാട്ടിയ വാഴയിലയും ചുല രണ്ടായി ചീന്തി. ഒന്ന് വാസുവിനു കൊടുത്തു.

"ഒന്നു കൈ കഴുകീട്ട് വരാം."

മാരാർ കൈകഴുകാൻ പോയി. വാസു ഉള്ളുകൊണ്ടു ചിരിച്ചു. "ഈ വടക്കരെല്ലാം വെറും ശുദ്ധന്മാരാ." അവൻ മനസ്സിൽ പറഞ്ഞു: അപ്പോൾ കൂടെ പഠിച്ചിരുന്ന ശങ്കരമേനോനെ അവൻ മനസ്സിൽ കണ്ടു. പച്ചപ്പാവം.

മാരാർ കൈ കഴുകി. വരുമ്പോഴേക്കും വാസു ഇലയിട്ട് ഊണിനു തയ്യാറായിക്കഴിഞ്ഞിരുന്നു.

"കൈ കഴുകീട്ട് പോന്നോ" മാരാര് പറഞ്ഞു

"ഇപ്പം കഴുകിയതാ"

"എന്നാലും മന്യോരല്ലേ? അതോണ്ട് ദോഷമൊന്നുമില്ലാല്ലാ"

"അമ്മാവൻ എൻറച്ഛനെപ്പോലാ." വാസു പറഞ്ഞു

"ഒന്നു വിചാരിച്ചാൽ അതു നടക്കണം" മാരാർക്ക് സന്തോഷമായി.

അവൻ എഴുന്നേറ്റു പോയി കൈകഴുകി വന്നു.

അപ്പോഴേക്കും മാരാർ ടിഫിൻ കാരിയർ തുറന്ന് പാത്രങ്ങളെല്ലാം നിരത്തിക്കഴിഞ്ഞു. ഒരു വലിയ തട്ടുനിറയെ ചോറ്. മറ്റൊന്നിൽ സാമ്പാറ്. പിന്നെ വറുത്തു വറുത്തത്. ഉപ്പിലിട്ടത് പപ്പടം തൈര് അങ്ങനെ പലതും.

സുഖമായിട്ട് ചമ്മണം പടിഞ്ഞിരുന്ന് രണ്ടുപേരും ഊണു കഴിച്ചു.

വയറു നിറഞ്ഞപ്പോൾ മാരാർ നീട്ടിവലിച്ച് ഏമ്പക്കം വിട്ടു. അപ്പഴും വാസു തട്ടിവിട്ടു:

"അമ്മാവൻ അച്ഛനപ്പോലാ."

"എന്തെങ്കിലും വയറിനുള്ളിൽ ചെല്ലാത്ത ദിവസം തൊട്ടല്ലായി വായുൻറെ അല്പോസരം... എന്തിനാ ഇങ്ങനെ ജീവിക്കണേന്ന തോന്നും. ചെലനേരത്ത്" മാരാർ പറഞ്ഞു.

വാസു ഒരു ബീഡി കത്തിച്ചു.

"കൈനനക്കണം തരും നോക്കട്ടെ"

വാസു കടിച്ചുതിരിനിന്നും ഒരു ബീഡിയെടുത്തു കൊടുത്തു.

രണ്ടു വലി വലിച്ചപ്പോഴേക്കും മാരാക്ക് മതിയായി. ബീഡിക്കുറ്റി പുറത്തേക്ക് വലിച്ചെറിഞ്ഞു.

"ഒന്നിനും ഇല്ല്യാ ഒരു ഒസം" അയാൾ പറഞ്ഞു "എല്ലാറ്റിനും ഒരു കാലംണ്ടെങ്കിലും വെച്ചോളൂ. അതു കഴിഞ്ഞാൽ പിന്നെ ഒക്കെ ഒസല്ലാണ്ടാവും. ഇല്ലെ?"

"ഉം" വാസു മൂളി.

"നീയെന്തിനാ മൂളണ. നെനക്കെന്താ അറിയാ?" മാരാര് ചോദിക്കുന്നു.

വാസു ചിരിച്ചു.

"ഉറക്കം വരുന്നുണ്ടെങ്കിൽ കിടന്നോ കൊറച്ചു നേരം" അയാൾ പറഞ്ഞു "എനിക്കും കെടക്കണംന്നിണ്ട്" അല്ലാണ്ടെ വയ്യ."

പറയാത്ത താത്പര്യം വാസു മുകളിൽ കയറി കിടന്നു. മാരാര് താഴത്തും.

രണ്ടുപേരും ചിന്തിക്കുകയായിരുന്നു. രണ്ടു വഴിക്ക്: ഒന്ന് വളഞ്ഞ വഴി, മറ്റേത് നേർവഴി.....

വാസുവിൻറെ ശബ്ദം കേട്ടാണ് മാരാർ കണ്ണു തുറന്നത്.

"അമ്മാവൻറെ വീടെവിടാ." എഴുന്നേറ്റിരുന്നപ്പോൾ വാസു ചോദിച്ചു.

"എൻറെ നാട് തെക്കേ മലബാറിലാ. ക്ഷീരനാടെന്നു പറയും... കേട്ടിട്ടുണ്ടാവില്ല ചെറിയ സ്ഥലാ. പൊന്നാനിന്ന് ഒരു പതിനഞ്ചുനാഴിക തെക്കായിട്ട്. പരിഷ്കാരൊന്നും കടക്കാത്ത കരുൾനാട്... കുമരനെല്ലൂന്ന് അഞ്ചുനാഴിക ബസ്സിനു..."

"അപ്പോപ്പിന്നെ അമ്മാവൻ ഈ വഴി എവിടുന്ന വരുന്നു?"

"എൻറെ ഭാര്യേടെ അനുജത്തീനെ തിരുവനന്തോരത്തുത്തൊരു ദിക്കിലാ കൊണ്ടോയിരിക്കണേ: അവിടുന്നാ ഇപ്പം വരവ്... ഹായ് വല്ലാത്തൊരു രാജ്യം. ഇങ്ങനത്തെ മനുഷ്യരെ എവിടേം കാണില്ല: കൊറേ പിള്ളമാരും തമ്പിമാരും.....മനുഷ്യരെ മാത്രം എവിടെ നോക്കിയാലും കാണില്ല... വല്ലാത്തൊരു നാട്... എൻറെ ഭാര്യേം കുട്ട്യോളുമൊക്കെ മദിരാശീത്തന്നയാ: ഞാനിങ്ങനെ എടക്കൊക്കെ നാട്ടിലൊന്ന വരും. കൊല്ലത്തിലൊരിക്കൽ കോട്ടയ്ക്കൽ പോയി ഒരുഴിച്ചിലും കഴിക്കും. ഒരു മാസം അവിടെ കൂടും. അതോണ്ട് അട്ടത്തകൊല്ലം വരെ ഏന്തിവലിഞ്ഞങ്ങനെ നില്ലും. അതു കഴിഞ്ഞാൽ വീണ്ടും ഒരുഴിച്ചിലു. അങ്ങനെ അങ്ങോട്ട് ഉന്തിതിനഞ്ചുനാഴിക തെക്കായിട്ട്. പരിഷ്കാരൊന്നും കടക്കാത്ത കരുൾനാട്... കുമരനെല്ലൂന്ന് അഞ്ചുനാഴിക ബസ്സിനു..."

"അപ്പോപ്പിന്നെ അമ്മാവൻ ഈ വഴി എവിടുന്ന വരുന്നു?"

"എൻറെ ഭാര്യേടെ അനുജത്തീനെ തിരുവനന്തോരത്തുത്തൊരു ദിക്കിലാ കൊണ്ടോയിരിക്കണേ: അവിടുന്നാ ഇപ്പം വരവ്... ഹായ് വല്ലാത്തൊരു രാജ്യം. ഇങ്ങനത്തെ മനുഷ്യരെ എവിടേം കാണില്ല: കൊറേ പിള്ളമാരും തമ്പിമാരും.....മനുഷ്യരെ മാത്രം എവിടെ നോക്കിയാലും കാണില്ല... വല്ലാത്തൊരു നാട്... എൻറെ ഭാര്യേം കുട്ട്യോളുമൊക്കെ മദിരാശീത്തന്നയാ: ഞാനിങ്ങനെ എടക്കൊക്കെ നാട്ടിലൊന്ന വരും. കൊല്ലത്തിലൊരിക്കൽ കോട്ടയ്ക്കൽ പോയി ഒരുഴിച്ചിലും കഴിക്കും. ഒരു മാസം അവിടെ കൂടും. അതോണ്ട് അട്ടത്തകൊല്ലം വരെ ഏന്തിവലിഞ്ഞങ്ങനെ നില്ലും. അതു കഴിഞ്ഞാൽ വീണ്ടും ഒരുഴിച്ചിലു. അങ്ങനെ അങ്ങോട്ട് ഉന്തി

പമ്മൻറെ നോവൽ ഇരുപത്തിയഞ്ച്

ത്തള്ളാ. ഇനി എന്നാ ചീട്ട കീറണേന്നൊന്നും പറയാൻള്ള. കോട്ടയ്ക്കൽക്കാരൻ ഉഴിഞ്ഞാലും പറയില്ലാന്നൊരു നെല വരില്ലേ...അതാപ്പോഴേം... വരട്ടെ: വരാനൊള്ളതു വഴിയിൽ തങ്ങില്ലല്ലോ...വരുമ്പം വരട്ടെ എന്നിക്കങ്ങനൊരു ഭയോന്നും ഇല്ലാച്ചോളൂ." മാരാർ മതിമറന്നിരുന്ന് പറയുകയാണു; അയാൾ തുടർന്നു: "ഒരു മകനും ഒരു മകളുമാ എനിക്കുള്ളതു. മകളു പത്താം ക്ളാസുവരെ പഠിച്ചതാ. അവളെ ആരെങ്കിലും അങ്ങട്ട കൊണ്ടു പോയാൽ പിന്നെ സമാധാനായി. പിന്നെയാൽ പിന്നെ സമാധാനായി. പിന്നെ ചെക്കനല്ലെ: അവൻറെ പഠിത്തമൊക്കെ കഴിഞ്ഞു എന്തെങ്കിലും പണിനോക്കാറാവുമ്പളല്ലേ ഞാനൊണ്ടാവുന്നു തോന്നണില്ല... പിന്നെ ആൺകുട്ടിയല്ലേ. അവനോൻറെ കാര്യം നോക്കാൻ കൊള്ളാത്തോനായാൽ അനുഭവിക്കേ പറ്റൂ: അതൊന്നും മറ്റാരും കൂട്ടിയാൽ കൂടണ കാര്യല്ലല്ലോ... ആരും പട്ടിണി കെടക്കാണ്ടെ കഴിയാനുള്ളതു ഞാൻ കരുതീയിട്ടുണ്ട്: അതോണ്ട് കുട്ട്യോളു കഷ്ടപ്പെട്ടുംന്നു നിരിച്ചു ബേജാറാവണ്ട കാര്യൊന്നും ഇല്ല. പിന്നൊക്കെ ഭഗവാൻറെ കയ്യിലല്ലെ... കരുണാനിധേ: ഗുരുവായുരപ്പാ... അളോഹവും കട്ടന്തിട്ടുണ്ടാവും. എത്രയാളാ നേരം വെളുത്താ ഇരുട്ടണവരേം ഇരുട്ടിയാ വെളുക്കണവരേം ഇങ്ങനെ വിളിച്ചു വിളിച്ചു സൌരംകെട്ടത്തരണ... നെനക്ക് ബോറാവണുണ്ടോ ഞാനിങ്ങനെ വായതോരാണ്ടെ സംസാരിക്കണെ. കേട്ടവന്ന ടാപ്പിൻറന്തി ആയിരിക്കണുന്നാ മാധവി പറയാ. എത്ര ഇറുക്കി അടച്ചാലും ഇററിറു വീണുകൊണ്ടിരിക്കുത്രേ. ശോദേടത്തിയാണ മാധവി. താനറില്ലല്ലാ...ൻറെ ഭാര്യേം— ഒറപ്പാലത്താപ്പീട്ട്. മൊത്തത്തിൽ മോശൊന്നൂല്യ: ൻറെ കൂടെ എറങ്ങിപ്പന്നോണ്ടാള്ള ദോഷേള്ളൂണ്ടെങ്കിൽത്തന്നെ...പഴയ തറവാട്ടുകാരാ—"

പുലർച്ചക്കാണ് വണ്ടി മദിരാശിയിൽ എത്തുന്നതു. രാത്രിയിൽ എവിടുന്നോ കുറെ തമിഴന്മാർ തള്ളിക്കയറിയിരുന്നു. അവറ ബെഞ്ചിലും നിലത്തും നാലുചുറ്റും സ്ഥലമുള്ളിടത്തൊക്കെ ചുരുണ്ടുകൂടി കിടക്കുന്നുണ്ട്

ദഹനക്കേടിൻറെ ദുസ്സഹമായ നാറ്റം: കണക്കിലധികം കായംചേർത്ത സാമ്പാറും രസവും മുക്കുമുട്ട കഴിച്ചിരിക്കണം.

മാരാർ നേരത്തേതന്നെ എഴുന്നേറ്റിരിക്കുന്നു. വിദ്വാനു ഉറക്കം കുറവാണു. എഴുന്നേറ്റു കക്കൂസ്സിൽപോയി കാര്യങ്ങളൊക്കെ നടത്തി പല്ലുതേപ്പും കഴിച്ചു നാമം ജപിക്കുകയാണു.

വാസു കണ്ണുതുറന്നു നോക്കുമ്പോൾ മാരാർ കണ്ണടച്ചു ചമ്മണം പടിഞ്ഞിരുന്നു എന്തോ പിറുപിറുക്കുന്നതാണു കണ്ടതു.

"എറങ്ങാറായോ?" വാസു തിരക്കി.

"ഉം. താഴത്തെറങ്ങിക്കോ. സൂക്ഷിക്കണം. ഇവറേടെ പൊറത്തൊന്നും ചവുട്ടണ്ട. മദിരാശി എത്തുന്നതുവരെ ഉറങ്ങിക്കോട്ടം ഒണ്ണാൽ എന്നേക്കാൾ കഷ്ടം

കാര്യം. എല്ലാരും ഒന്നിച്ചുണ്ടല്ലോ തൊടങ്ങും ചെലജ്ജാൻ, കാ കളുടെ പ്രശ്നം ധം ഉപായവ.'

വാസു ചിരിച്ചതല്ലാതെ പ്രത്യേകിച്ചൊന്നും പറഞ്ഞില്ല.

ഉറക്കം മനസ്സിലില്ല. കൺപോളകൾ കനംവെച്ച് തൂങ്ങുന്നു. കണ്ണു തുടച്ച് കോട്ടുവായിട്ട് ബീഡിക്കു" തീപിടിപ്പിച്ചു.

"അമ്പതുറുപ്പിക പിഴ."

ബീഡി വലിച്ചുതീരുമ്പോൾ ആ പരസ്യം കണ്ണിൽപെട്ടു. അനായാസമായി ചങ്ങല വലിച്ചു വണ്ടി നിറുത്തിയാൽ അമ്പതുറുപ്പിക പിഴ.

ഒന്നു വലിച്ചുനോക്കിയിട്ട് മാറിപ്പോയി മറ്റാരെങ്കിലും ഇതുന്നാലോ. അവരെങ്ങനെ കണ്ടുപിടിക്കും. എല്ലാവരും ഉറക്കമാണ്. ആരാണ് വലിച്ചതെന്ന് എങ്ങനെ കണ്ടുപിടിക്കും.

കുറച്ചുനേരം അതിൽത്തന്നെ നോക്കിയിരുന്നു.

'അമ്പതുറുപ്പാ പിഴ.'

പിടിച്ചാൽ കയ്യിലുള്ള മുഴുവനും കൊടുക്കേണ്ടിവരും. വേണ്ട.

'ഇനി താഴത്തിറങ്ങാം. സമയമായി' മാരാൻ വിളിച്ചു പറഞ്ഞു. വാസു താഴത്തിറങ്ങി.

കക്കൂസിൽ പോണെങ്കിൽ വേഗം പൊയ്ക്കോ. ഇവിടെയൊക്കെ നിന്നാൽ പിന്നെ പോകാൻ പാടില്ലെന്നാ പറയുന്നു.

'ഉം' ബീഡികെടുത്തുകൊണ്ട് വാസു കക്കൂസിൽ പോയി.

നേരം പുലർന്നുവരുകയാണ്.

കിഴക്കേമാനം വെളുത്തുകഴിഞ്ഞിരിക്കുന്നു.

പറന്നു പറന്നുമായി പറന്നുകളിക്കുന്ന കാക്കകൾ.

കടലുകണ്ടതിന്റെ മുമ്പിൽ ഉറക്കംതൂങ്ങുന്ന കണ്ണുകളുമായി കുനിപ്പിടിച്ചിരിക്കുന്ന കിഴവന്മാർ

വണ്ടി കുക്കിവിളിച്ചുകൊണ്ട് കുതിച്ചുപായുകയാണ്: വീടുത്തു സന്തോഷത്തോടെ.

പരന്നു പരന്നു കിടക്കുന്ന വെളിപ്പുറമുകൾ.

അവിടവിടെ കൂട്ടംകൂടിച്ച മൊട്ടത്തലകൾ ഉയർത്തിപ്പിടിച്ചു നിൽക്കുന്ന ഒറ്റപ്പനകൾ.

വാസു കക്കൂസിൽനിന്നും മടങ്ങിവന്നു.

'താനൊരു കാര്യംചെയ്യോ: രണ്ടുദിവസം മദിരാശിയിൽ താമസമുണ്ടെന്നല്ലെ പറഞ്ഞത്. എന്റെ ഹോട്ടലിൽ പോരുന്നോ... എന്താ ... രാമകൃഷ്ണനെ ഒപ്പം അയക്കണ്ട' പട്ടണം കാണാൻ എന്താ? വലിയ പ്രതിഫലൊന്നുമല്ലാച്ചാലും വേണ്ട. ചെലവുകാര്യങ്ങളെങ്കിലും നോക്കാലോ. എന്താ...'

"ഓ ... എവിടെങ്കിലും താമസിക്കണമെന്നെ ഉള്ളൂ. എവിടായാലും മതി ... എന്താ ചാർജ്ജ്? ഒരുദിവസത്തേക്ക്?"

"അതൊന്നും ഇപ്പോ നോക്കണ്ട. താൻ താമസിച്ചോ. കണക്കൊക്കെ നമുക്ക് പിന്നെ നോക്കാം."

വാസുവിനു സന്തോഷമായി. അതിനുവേണ്ടിത്തന്നെയായിരുന്നു അവൻ ആദ്യംമുതൽക്കുതന്നെ വലവീശിയിരുന്നതും. കടിയ്ക്കുള്ളി കാലിൽ ചുറ്റുന്നു. പക്ഷെ, ഗൗരവംനടിച്ചു പറഞ്ഞു: "എവടയാലും കാശുകൊടുക്കണം എന്നാപ്പിന്നതു അമ്മാവനുതന്നാവട്ടെ."

മാരാർ മിണ്ടിയില്ല.

വണ്ടി നിന്നു.

പ്ലാറ്റുഫാറത്തിൽ പണ്ടെവിടെയുംകണ്ടിട്ടില്ലാത്ത മട്ടിലുള്ള ആൾക്കൂട്ടം.



ആദ്യമായിട്ടാണ് അവൻ ഇതു വലിയൊരു റെയിൽവേസ്റ്റേഷൻ കാണുന്നതു: വാസുവതാദ്യമായിട്ടാണ് നാട്ടുവിട്ട് ഇതുദൂരം യാത്രചെയ്യുന്നതുതന്നെ.

മാരാർ പോർട്ടറെ വിളിച്ച് കിടക്കയും പെട്ടിയും ചാക്കുമായും മറ്റു സാധനങ്ങളും ഏൽപ്പിച്ചു. കൂട്ടത്തിൽ വാസുവിനെ ഏൽപ്പിച്ചും.

'എന്നാൽ പോകാം വത്സ' മാരാർ പറഞ്ഞു.

"ഒന്നു നിന്നേ" വാസു പറഞ്ഞു. അതോടൊപ്പം അവൻ വീണ്ടും പണ്ടിക്കുള്ളിൽചാടിക്കയറി. ചുറ്റും

ഒന്നു് കണ്ണോടിച്ചു അടുത്തതിലും ആരുമില്ല. മാരാൻ മാത്രം അത്ഭുതത്തോടെ പുറത്തു നിന്നു് നോക്കുന്നുണ്ടു്.

മുകളിലത്തെ ബെഞ്ചിൽനിന്നും എന്തോ എടുക്കുന്നതിൽ അവൻ വണ്ടിനിറുത്താനുള്ള ചങ്ങലയിൽ പിടിച്ചു് ഒരു വലിവലിച്ചു. ചങ്ങല വലിഞ്ഞുതാണു.

"എന്താ അവിടെ?" മാരാൻ ചോദിച്ചു.

'ഒന്നുമില്ല. ബീഡിക്കെട്ടു് മറന്നിട്ടിരുന്നു." വാസു കള്ളംപറഞ്ഞു. എന്നിട്ടു് വണ്ടിയിൽനിന്നും വേഗം താഴത്തിറങ്ങി.

ഒരു കുതിരവണ്ടിയിലാണു് അവർ ഹോട്ടലിലേക്കു പോയതു്.

പട്ടണം ഉണർന്നുകഴിഞ്ഞിരുന്നു:

ചരക്കുകയറ്റിയ ഉന്തുവണ്ടികളാണു് റോഡിൽ അധികവും. അതു് തള്ളിക്കൊണ്ടു പോകുന്ന കൂലിത്ത തമിഴത്തികളും. പിന്നെ കുറെ റിക്ഷാവണ്ടികളും ഇടയ്ക്കിടയ്ക്കു് ഓരോ കുതിരവണ്ടിയും. കാറുകളും ബസ്സുകളും നന്നേ ചുരുക്കം.

റോഡിന്റെ ഇരുവശവും ചേർന്നുചേർന്നു നിൽക്കുന്ന പീടികകളാണു്. അതിലെല്ലാം തമിഴിലും ഇംഗ്ലീഷിലും എഴുതിവെച്ചിട്ടുള്ള ബോർഡുകൾ. ഒഴിവുള്ള ദിക്കിലൊക്കെ സിനിമാക്കാരുടെ പരസ്യങ്ങൾ. കൊമ്പൻ മീശയുള്ള നടന്മാർ. സുന്ദരികളായ നടികൾ. ഒന്നും വായിക്കാൻ കഴിയുന്നില്ല. എല്ലാം തമിഴിലാണു് എഴുതിയിരിക്കുന്നതു്. നടീനടന്മാരുടെ പേരുകളുടെ ഇനിഷ്യൽ മാത്രമേ ഇംഗ്ലീഷിൽ എഴുതിയിട്ടുള്ളൂ.

റോഡുവക്കിലിരുന്നു് ചായവിൽക്കുന്നവരുടെ ചുറ്റും ആളുകൾ കൂടിയിട്ടുണ്ടു്. രാവിലെ ജോലിക്കുപോകുന്ന തൊഴിലാളികളായിരിക്കണം.

കുതിര വേഗത്തിൽ ഓടുന്നുണ്ടു്: കുതിരയുടെ നല്ല മണം. അതവനു് പണ്ടേ ഇഷ്ടമാണു്.

തിരുവനന്തപുരത്തു പോകുമ്പോഴാണു് കുതിരവണ്ടികൾ കാണാറുള്ളതു്. പക്ഷെ വളരെ ചുരുക്കമേ കുതിരവണ്ടിയിൽ കയറിയിട്ടുള്ളൂ: അന്നും കുതിരയുടെ മണം ഇഷ്ടമായിരുന്നു:

കുതിരകൾ ഇണചേരുന്നതു് ഇതുവരെ കണ്ടിട്ടില്ല നല്ല രസമായിരിക്കും. ആ ചിത്രം അവൻ മനസ്സിൽ കാണുകയായിരുന്നു.

പെട്ടെന്നു് വണ്ടിനിന്നു.

അവൻ തല പുറത്തേക്കിട്ടു നോക്കി.

'മലബാർ ഹോട്ടൽ' ഇംഗ്ലീഷിലും മലയാളത്തിലും എഴുതിയിട്ടുള്ള ബോർഡു.

മാരാർ വണ്ടിയിൽനിന്നും പുറത്തിറങ്ങുന്നു.

"എറങ്ങിക്കോ" അയാൾ പറഞ്ഞു:

വാസുവും ഇറങ്ങി.

റോഡരികിൽ കുത്തിയിരുന്നു് പല്ലുതേച്ചിരുന്ന രണ്ടു തമിഴന്മാർ ഓടിവന്നു.

"സ്വാമി വന്താച്ചാ" ഒരുത്തൻ തിരക്കി.

മാരാർ മിണ്ടിയില്ല. മറ്റവർ ഹോട്ടലിന്റെ കതകു തുറക്കുന്നതിനിടയിൽ ഒരു ചെക്കൻ കതകുതുറന്നു പുറത്തേക്കുവന്നു.

(തുടരും)

...ി...

പാർട്ടായി
എസ്സ്. എസ്സ്. എൽ. സി.
പാസായവർക്ക് ഇപ്പോഴും
പ്രീഡിഗ്രിക്കു ചേരാം!!

S S L C, മെട്രിക്കു്, പ്രീഡിഗ്രി, ബി. എ പരീക്ഷകൾക്കു സമർത്ഥമായ ഗൃഹപഠനം.

ഇംഗ്ലീഷു് പഠിക്കാൻ ആഗ്രഹിക്കുന്നവർക്കു് പ്രത്യേകം സംവിധാനം.

പഠിപ്പും, പ്രായവും, കാണിച്ചു് അപേക്ഷിക്കുക.

P.T. College
Manacaud, TRIVANDRUM-9
Phone: 3237

തായാട്ടു് ശങ്കരൻ

ഉത്തരായണം

പഴയതലമുറയോടു ചെയ്ത ഒരു നന്ദികേടു്

ഞാനൊരു സിനിമാ നിരൂപകനല്ല. പൊരേങ്കിൽ അതിന്റെ സാങ്കേതികവശങ്ങളെക്കുറിച്ചു തികച്ചും അജ്ഞനുമത്രേ. സാങ്കേതിക പൂർണ്ണതകളെ വിശകലനം ചെയ്യാതെ സ്വയം മറന്നു സിനിമ കാണുന്ന ജനലക്ഷങ്ങളിൽ ചിലപ്പോൾ ഈ ലേഖനം ചെന്നുപെട്ടെന്നു.

'ഉത്തരായണം' എന്ന സിനിമയ്ക്കു ദേശീയ ബഹുമതി ലഭിച്ചതിൽ എനിക്കു സന്തോഷമുണ്ടു്. കാമം വിറ്റു കാശുണ്ടാക്കുന്ന ലാഭകരമായ വ്യവസായമാണു് ഇന്നു സിനിമ. ഒരു വേശ്യാലയം തുറന്നു നടത്താനുള്ള ബുദ്ധിമുട്ടുകളോർത്തു് പകരം ഒരു പടം പിടിക്കാമെന്നു കരുതുന്ന വ്യവസായി'കൾ ആ രംഗത്തിൽ തിങ്ങിക്കൂടിയിരിക്കയാണു്. അടൂർ ഗോപാലകൃഷ്ണനും എം. ടി. വാസുദേവൻനായരും ഇതിനൊരു വ്യതിയാനം വരുത്തി; അവർ മലയാള സിനിമയ്ക്കു് ഒരു പുതുമുഖം നൽകി. പട്ടത്തുവിള കരുണാകരൻ ഇതിനുവേണ്ടി തന്റെ സമ്പാദ്യത്തിൽ പണയപ്പെടുത്താനൊരുങ്ങിയപ്പോൾ പ്രതിഭാധനനായ അരവിന്ദൻ നമുക്കു് 'ഉത്തരായണ'ത്തെ സമ്മാനിച്ചിരിക്കുന്നു: അതൊരു സാമ്പത്തിക വിജയമാണോ എന്നറിയില്ല. ഏതായാലും ഇന്ത്യൻ സിനിമകൾക്കിടയിൽ ബഹുമാനിതമായെന്നതു തന്നെ അതിന്റെ നിർമ്മാതാക്കൾക്കു് കൃതാർത്ഥത നൽകുന്നു. സിനിമയെന്ന കാമക്കച്ചവടത്തിൽ നിന്നു് സിനിമയെന്ന കലയെ വേർതിരിച്ചെടുക്കാൻ നടന്ന സാഹസികമായ ഉദ്യമത്തിൽ ഉത്തരായണം ഒരു നാഴികക്കല്ലാണു്.

ഒരു കുടുംബത്തെയോ വ്യക്തിയേയോ കേന്ദ്രമാക്കി ഇതിവൃത്തം മിനഞ്ഞെടുക്കാൻ ഉത്തരായണത്തിൽ അരവിന്ദൻ ശ്രമിച്ചിട്ടില്ല. പകരം, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ രണ്ടു ഘട്ടങ്ങളേയും സ്വാതന്ത്ര്യാനന്തരകാലത്തിന്റെ രണ്ടു ഘട്ടങ്ങളേയും അവതരിപ്പിക്കുകയാണു് അദ്ദേഹം ചെയ്തതു്. ഗാന്ധിയൻ മനസ്സുള്ള സ്വാതന്ത്ര്യസമരഘട്ടത്തെ മാധവമേനോനും ആഗസ്റ്റ് വിപ്ലവകാലഘട്ടത്തെ കുമാരൻ മാസ്റ്ററും പ്രതിനിധീകരിക്കുന്നു. അധികാരലബ്ധിയോടെ, സാദ്ധ്യമായ വഴിക്കെല്ലാം കിട്ടാവുന്ന പണമത്രയും വാരിക്കൂട്ടുന്ന അധികാരിവർഗ്ഗത്തിനു് ആ കോൺട്രാക്റ്ററും പഠിച്ചിട്ടും തൊഴിലില്ലാതെ നിരാശതയിൽ ആണ്ടുപോയ യുവതലമുറയ്ക്കു് രവിയും പ്രതിനിധീഭവിക്കുന്നു. നൂറാണ്ടുകൾക്കപ്പുറം നടന്ന ഭൂതചരിത്രത്തിനു ചൈതന്യം നൽകി പുനഃസൃഷ്ടി നടത്തുന്ന പ്രതിഭാശാലികൾ സിനിമാലോകത്തിൽ ഉണ്ടായിട്ടുണ്ടു്. അവർ ചരിത്രരേഖകളെ മാത്രമല്ല ആശ്രയിക്കാറുള്ളതു്. ആ അന്തരീക്ഷവുമായി താദാത്മ്യം പ്രാപിക്കാൻ അവർ ഏറെക്കാലം ചെലവഴിക്കും, ഏകാന്തധ്യാനത്തിലൂടെയല്ല, പല രംഗത്തിലുള്ള അന്വേഷണത്തിലൂടെയും ചർച്ചകളിലൂടെയും മനനത്തിലൂടെയും എന്നാൽ രവിയും മുന്നൂറശതകത്തിനപ്പുറം നടന്ന സമകാലീനമെന്നതുതന്നെ പറയാവുന്ന ഇന്ത്യാചരിത്രത്തെ സാമാന്യീകരിക്കുന്നതിനു് അരവിന്ദൻ ഒരുദ്യമവും നടത്തിയില്ല: അങ്ങനെയല്ലെങ്കിൽ ആ മാധവമേനോനെപ്പോലെ നിസ്സംശയമായ കഥാപാത്രത്തെ ആ കാലഘട്ടത്തിന്റെ പ്രതിനിധിയായി അവതരിപ്പിക്കുമായിരുന്നില്ല. സ്വന്തം ചായ്വു് എന്തായാലും ചരിത്രത്തിനു നേരെ അരവിന്ദൻ സത്യസന്ധത പാലിക്കേണ്ടിയിരുന്നു.

ഗാന്ധിയൻ സമരമാർഗ്ഗത്തെക്കുറിച്ചു് അന്നും പിന്നീടു് അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നു. ടെക്സ്റ്റ് ബുക്ക് വിപ്ലവകാരികൾ അതിനെ പുച്ഛിക്കുകയും ചെയ്തിരുന്നു. എന്നാൽ അവർ പോലും

സ്മരിക്കുന്ന ഒരു പരമാർത്ഥമുണ്ട്. 1920 മുതൽ 1945 വരെയുള്ള ഇരുപത്തഞ്ചു വർഷം, ഇന്ത്യയുടെ സഹസ്രാബ്ദങ്ങൾ നീണ്ടുനിന്ന ജീവിതത്തിലെ ഏറ്റവും കർമോന്മുഖമായ കാലമായിരുന്നു. ഇന്ത്യൻ ജനതയുടെ (പട്ടാളത്തിന്റെയല്ല) പൗരുഷം ഇതേക്കാൾ ഉണർന്നിണിറങ്ങിയ മറ്റൊരു കാലഘട്ടം അതിനുമുമ്പ് ഉണ്ടായിട്ടില്ല.

ഈ കലാഘട്ടത്തെ ഉത്തരായണത്തിൽ പ്രതിനിധീകരിക്കുന്ന മാധവമേനോന്റെ ജീവിതരീതി നോക്കൂ. രാവിലെ കുളിച്ചു അമ്പലത്തിൽ പോയി ജപവും പ്രദക്ഷിണവും; തിരിച്ചെത്തി, മക്കൾക്ക് രക്തി പൂർവ്വം ഒരുക്കി വിളമ്പുന്ന ഇഡ്ഡലിയും കാപ്പിയും; ജപമാല എണ്ണുമ്പോലെ രണ്ടു മിനുട്ട് ചർക്കതിരിക്കൽ, അപ്പോഴേക്കും നാലഞ്ചുപേർ മുറ്റത്തു എത്തുകയായി! എന്നാൽ പുറപ്പെടുകയല്ല. ഒരു മൂവർണ്ണക്കൊടിയുമേന്തി 'മേതമാതാ—കീജേ' എന്നു വിളിച്ചു, ഇടവഴിയിലൂടെ അവർ ഒന്നു ചുറ്റി നടക്കും. വെളിമ്പറമ്പിലെത്തിയാൽ അവരോടു, അമ്പലത്തിൽ രാഗവത മാഹാത്മ്യം എന്നപോലെ 'അക്രമാഹിത്യ'മാഹാത്മ്യം പ്രസംഗിച്ചു തിരിവരും. തീർന്നു ജന്മത്തെ സമരം.' തേച്ചുകുളിയും സംബന്ധവും സംവിധായകൻ ദയവു ചെയ്തു വിട്ടു കളഞ്ഞിരിക്കുന്നു. ഗാന്ധിയൻ സ്വാതന്ത്ര്യസമരത്തെക്കുറിച്ചും ഈ ധാരണ അരവിന്ദന് എവിടെനിന്നു കിട്ടിയതാവോ?

ഗാന്ധിയൻ നേതൃത്വത്തിൽ നടന്ന ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ നായകന്മാർ ആരൊക്കെയായിരുന്നു? നെഹ്രു, പട്ടേൽ, സരോജിനീദേവി, രാജാജി, രാജേന്ദ്രബാബു, ആസാദ്, ലൂപലാനി, കാമരാജ്, പ്രകാശം, അവിടെനിന്നു സ്വാതന്ത്ര്യക്ഷത്തിൽ ഉദിച്ച നക്ഷത്രങ്ങളിൽ ചിലതാണവ. കേരളത്തിൽ മാത്രമെടുത്താലോ? കേളപ്പൻ, സി. കെ. ഗോവിന്ദൻ നായർ, കോഴിപ്പുറത്തു മാധവമേനോൻ, കട്ടിമാളുഅമ്മ, മുഹമ്മദ് അബ്ദുറഹിമാൻ, എ. കെ. ഗോപാലൻ, ഈ. എം. എസ്സ്., പി. കൃഷ്ണപിള്ള ഇവരുടെ പട്ടിക നീട്ടുന്നില്ല. ഇവരൊക്കെ ഗാന്ധിയൻ നേതൃത്വത്തിൽ ആവേശഭരിതരായി സമരരംഗത്തിലിറങ്ങിയ പോരാളികളായിരുന്നു

കാപ്പിയും പലഹാരവും കഴിക്കാൻ ഇവരാരും സ്വന്തം വീട്ടിൽ തിരിച്ചെത്താറുണ്ടായിരുന്നില്ല. കോളേജ് വിദ്യാഭ്യാസം ഉപേക്ഷിച്ചവർ, നല്ല വരുമാനമുള്ള വക്കീൽ പണി വേണ്ടെന്നു വെച്ചവർ, അദ്ധ്യാപകജോലി കളഞ്ഞുകളിച്ചവർ, സുഖസമ്പന്നമായ കുടുംബജീവിതം വലിച്ചെറിഞ്ഞവർ. ഇവർക്കു പൂർവ്വാശ്രമങ്ങൾ കീറിയിരുന്നില്ല. പോലീസിന്റെ ലാത്തിത്തല്ലും ജയിലും ചിലപ്പോൾ തോക്കുകൾ നിറയോഗം കീർത്തുകയും ചെയ്തു. കോഴിക്കോട്ട കടപ്പുറത്തുവെച്ചു ലാത്തിത്തല്ലേറു വീണിട്ടും മോഹാലസ്യപ്പെട്ടുവോളം ത്രിവർണ്ണ പതാക വിട്ടു കൊടുക്കാതെ മാറോടമർത്തിപ്പിടിച്ച കൃഷ്ണപിള്ള, രണ്ടു പോലീസുകാർ രണ്ടു ലാത്തിക്കിടയിൽ കഴുത്തിട്ടു ഞെരിച്ചു നാവു പുറത്തു ചാടിക്കുംവരെ, നിയപരിരക്ഷയായി കുരുക്കിയ ഉപ്പ് കൈവിടാതെ കൊട്ടുത്ത മുഹമ്മദ് അബ്ദുറഹിമാൻ ഇവരൊക്കെ ഗാന്ധിയൻ കലാഘട്ടത്തിന്റെ സൃഷ്ടികളായിരുന്നു. ഇവരിൽ എണ്ണത്തിലധികം ഉണ്ടെങ്കിലും കൃത്യമായി വിളവിയിൽ പോയി നിസ്സഹകരിച്ചിരുന്ന അബ്ദുറഹിമാൻ സാഹിബ് ഒഴിച്ചു മറ്റാരും മതഭക്തരായിരുന്നില്ല. അവർ ക്ഷേത്രത്തിൽ പോയെങ്കിൽ പ്രാർത്ഥിക്കാനായിരുന്നില്ല, തീണ്ടലിന്റെ പേരിൽ അകറ്റി നിർത്തിയവന്ന പൗരാവകാശംനേടിക്കൊടുക്കുന്നതിനായിരുന്നു. ഈ പുരുഷസിംഹങ്ങളെ മാധവമേനോൻ എന്ന ശണ്ഡിയിൽ ആവാഹിച്ചുറപ്പിക്കാൻ അരവിന്ദൻ ഒരുമ്പെട്ടതു വലിയ നന്ദികേടായിപ്പോയി... സമരകാലഘട്ടത്തിന്റെ തിരമാലകളിൽ സ്വന്തം പ്രാണൻ പണയപ്പെടുത്തുന്ന "കുമാരൻ മാസ്റ്റർ"മാരേ കേരളം ഇനിയും എത്രയെങ്കിലും പ്രസവിക്കട്ടെ. എന്നാൽ വ്യക്തിയുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും അനിതരസാധാരണമായ പോരാട്ടത്തിനു സ്വയം ഉഴിഞ്ഞുവെച്ചു ജീവിതത്തെ മുഴുവൻ ഒരു നിണഭയാനകയാക്കി മാറ്റിയ ഒരു കേളപ്പനെയോ കൃഷ്ണപിള്ളയേയോ പ്രസവിക്കാൻ കേരളം ഇനിയും നൂറ്റാണ്ടുകൾ കാത്തിരിക്കേണ്ടിവരും. അരവിന്ദൻ തന്റെ കൊച്ചു ചിമിഴിൽ ഈ അതികായന്മാരെ ഞെരുക്കി ഒളുക്കാൻ നോക്കുന്നതായിരുന്നു.

ഇനി ആ രവിയുടെ കാര്യമോ? ചുറ്റിലുമുള്ളവരുടെ മുഖംമൂടിയണിഞ്ഞു നടക്കുന്നവന്നും അതു കത്തിക്കുന്നതിലാണ് മുക്തിയെന്നും ആ കഥാപാത്രം പറയാതെ പറയുന്നു. എന്നാൽ ഏറ്റവും കനത്ത മുഖംമൂടി രവിയുടെ മുഖത്താണുള്ളത്. ഇൻറർവ്യൂവിനു എത്തിച്ചേർന്ന നൂറു കണക്കിനു ചെറുപ്പക്കാരിൽ ഒരാളായ രവി, ഇൻറർവ്യൂ നിശ്ചയിച്ചിരിക്കുന്നു എന്നു ബോർഡു കണ്ടപ്പോൾ അമർഷം കൊണ്ടും കനിഞ്ഞു കല്ലെടുക്കുന്നുണ്ട്; എന്നാൽ എറിയുന്നില്ല. പോലീസിനോടു ഏറ്റുമുട്ടി മർദ്ദനമനുഭവിച്ചു ചരിച്ച ഒരു സ്വാതന്ത്ര്യഭടന്റെ മകനാണ് രവി. എന്നിട്ടും ഈ നിർവ്വീര്യത ആരുടെനൽകിയതാണു? തൊഴുത്തുകുത്തിലല്ല; സ്വയംകൃതമാണു: ആ ഇൻറർവ്യൂ കൃത്യത്തിൽ നടന്നെന്നും തനിക്കു ഉദ്യോഗം കിട്ടിയെന്നും വെക്കുക; ഉദ്യോഗംകിട്ടാത്ത ആയിരമായിരം യുവാക്കളെപ്പോലെ അവൻ വിഷമിക്കുമായിരുന്നില്ല. പിന്നെയിൽ ചുറ്റുമുള്ളവർ 140 — 250 സ്കെയിലിനെക്കുറിച്ചും അടുത്ത ഇൻക്രിമെന്റിനെക്കുറിച്ചും സംസാരിക്കുന്നതുകേട്ടു വലിയ ആദർശവാനായ രവി ഒട്ടുപ്പോലിച്ചു എഴുന്നേറ്റുപോകുന്നുണ്ട്. പക്ഷേ 140 - 250 സ്കെയിലുള്ള ഉദ്യോഗത്തിന്റെ ശുപാർശക്കത്തുപിടിയിലിട്ടുകൊണ്ടാണ് താൻ അവിടെ ഇരിക്കുന്നതെന്നോർപ്പോലും അവൻ ഓർക്കുന്നില്ല. അങ്ങനെ അപേക്ഷയുമായി ചെല്ലുന്നതാവട്ടെ, സ്വാതന്ത്ര്യത്തെ പണ്ടു സമ്പാദിക്കുന്നതിനുള്ള, നന്മർഭമാക്കിമാറിയ അഴിമതിക്കാരുടെ തിരുമുമ്പിലും! "വിപ്ലവ"കാരിയായ കുമാരൻമാസ്റ്ററുടെ മുഖ്യമായ വിപ്ലവാനന്തരജോലി, പഴയ സഹപ്രവർത്തകർക്ക് ശുപാർശക്കത്തെഴുതലും, ജോലിനില്ലാത്ത രവിയുടെ പ്രധാന ജോലി ആ കത്തുകളുമായി വാതിൽക്കൽ മുട്ടലും ആകുമ്പോൾ രവിക്കു ഉണ്ടാവുന്ന ആപലാതി, അങ്ങനെ പണം സമ്പാദിച്ചിട്ടില്ലല്ലോ എന്നതിലാവണം. ആദർശനത്തിന്റെ ആവരണമണിഞ്ഞ നേരിയ രാസ്യം. ആ വഴിക്കു സഞ്ചരിച്ചു രവി ഒടുവിൽ, തന്നെക്കണ്ടെത്തലിന്റെ "തത്വശാസ്ത്രം"വും തിരഞ്ഞു കാട്ടുകയായിപ്പോയെങ്കിൽ ഒരുതരത്തിലും നിഷ്ക്രിയവും വന്ധ്യവുമായ ഇന്നത്തെ യുവതലമുറയ്ക്ക് ആ നിഷ്ക്രിയതയുടെ ആദർശവൽകരണംകൊണ്ട് പ്രോത്സാഹനം നൽകുന്നുവെന്ന കുറ്റം ഉത്തരായണകർത്താവിന് ഒഴിവാക്കുന്നു.

അവിടെയും, അതെന്തിന്റെയും അവിടെ അരവിന്ദന് "ജനം എന്ന കഴുത"യെക്കുറിച്ചു അവജ്ഞയാണ്. ഉത്തരായണം സ്വാതന്ത്ര്യസമരത്തിന്റെ ഇതിഹാസമായിട്ടാണ് ഉദ്ദേശിക്കപ്പെട്ടതെങ്കിലും ബഹുജനത്തെ അതിൽനിന്ന് പൂർണ്ണമായി അകറ്റിനിർത്താൻ അരവിന്ദൻ ആവുന്നത്ര ശ്രമിച്ചിട്ടുണ്ട്: മാധവമേനോന്റെ "ശ്ലോഷയാത്രയും" "കപ്പലുയോഗ"വും അയാളുടെ

വായനക്കാർ പങ്കെടുക്കുക

ആദ്യത്തെ മലയാളസിനിമ എന്നു വിശേഷിപ്പിച്ചു, ഉത്തരായണത്തിന്റെ ശക്തിയും ചൈതന്യവും വായനക്കാർക്ക് പകർന്നുകൊടുത്തു മലയാളനാട് വാരികയാണ്. ഉത്തരായണത്തിന്റെ ശില്പികൾ ദേശീയ സംസ്ഥാന അവാർഡുകൾക്കർഹരായി ഇന്നു ബഹുമാനിതരായിരിക്കുന്നു. ഈയവസരത്തിലാണ് ഉത്തരായണത്തിന്റെ പ്രമേയത്തെ വിമർശിച്ചുകൊണ്ട് തായാട്ടുശങ്കരനെഴുതിയ ശക്തമായ ഈ ലേഖനം ഞങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ലേഖകന്റെ വാദഗതിയോട് വായനക്കാർക്ക് യോജിപ്പും വിയോജിപ്പുണ്ടാകാം; അവ സമാഹരിച്ച് ഒരു ചർച്ചയാക്കി അവതരിപ്പിക്കുവാൻ ഞങ്ങളാഗ്രഹിക്കുന്നു. അഭിപ്രായങ്ങൾ കഴിവതും ചുരുക്കിയെഴുതി ജൂലൈ 20 നുമുമ്പ് പത്രാധിപർ മലയാളനാട്, കൊല്ലം 13 എന്ന വിലാസത്തിലയച്ചുതരിക.

ഉത്തരായണത്തിന്റെ സംവിധായകനായ അരവിന്ദൻ തായാട്ടിന്റെ വാദഗതിയെക്കുറിച്ച് തന്റെ അഭിപ്രായം മലയാളനാടിലൂടെ പ്രകടിപ്പിക്കണം എന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

— പത്രാധിപർ

അഷാഢമേഘങ്ങളേ

ഹരീന്ദ്രനാഥക്കുറുപ്പ്

അന്തിയിലേതോ
നിതാന്തശോകത്തിന്റെ,
ചെന്തീയെരിഞ്ഞടങ്ങുന്ന പ്രതീചിയിൽ;
അന്തരീക്ഷത്തിൽ പടർന്നോരതൻ പുക-
വല്ലിയിൽ മെല്ലെ വിടർന്നോരു പൂവുകൾ,
—താരകൾ— അങ്ങിങ്ങുമിന്നുന്ന, ശൂന്യമ-
പാരതതൻ മുഗ്ധഹാസം കണക്കിനെ.

സ്വാഗതം ചെയ്യുവാനെന്നോണം മാരേയോ
സ്വാതിനക്ഷത്രവും വന്നണുദിക്കയായ്.
ആഴിപ്പരപ്പിനടിത്തട്ടിലെത്രയോ
കാലമായ് മാഴ്കിക്കിടക്കുന്ന
ചിപ്പികൾ
തങ്ങളിൽ മന്ത്രിച്ചു, "സ്വാതിനക്ഷത്രമേ
ഞങ്ങളിൽ സമ്പ്രീതിയുണ്ടാകവേണമേ!
ആഴിക്കയങ്ങളിൽ നിന്നുമിതാ ഞങ്ങ-
ളായിരങ്ങൾ നിന്തിയെത്തുന്നു,
ഞങ്ങളിൽ
മുത്തുവിളയാനനുഗ്രഹിക്കേണമേ
മുത്തുപോൽ മിന്നും പ്രഭാ
പ്രതിഭാസമേ!"

ആയിരമായിരം ചിപ്പികളെത്രയോ
നാളുകളായി ജലവിതാനത്തിലായ്
ദാഹജലമൊരു തുള്ളിയും കിട്ടാതെ
മോഹഭംഗത്തിലുഴലുന്നുവെങ്കിലും,
ഉത്താളമാകും തരംഗങ്ങളിൽപ്പെട്ട
മത്തരാടി, വീണു, മരിച്ചുവെന്നാകിലും
ഇത്തിരി നീരം പകരാതെപോകയാ
ണിന്നു മാകാശപഥത്തിൽ മുകിലുകൾ
നീലമേലാപ്പിന്നടിയിൽ നിലാവിന്റെ
ദ്രാണൽ വെള്ളവിരിപ്പിലുടങ്ങനെ
തുമ്പപ്പൂമുകുളമണിഞ്ഞെല്ലുന്ന മേഘമേ
നീയത്തരത്തിനിറു കണ്ണുനീരിന്നിയും
ഗർഭം ധരിക്കാൻ— വിശപ്പടക്കാ—
നവ-
ക്കില്ലയാ മാശ്വാസബിന്ദു-
വൊന്നേകുവാൻ
കാളമേഘങ്ങൾ —
കരുത്തുറ്റൊരാഷാഢ-
കാലമേഘങ്ങളേ, നിങ്ങളെത്തേണമേ!

കുറിപ്പ്:- സ്വാതിനക്ഷത്രം ഉച്ചത്തിലായിരിക്കുമ്പോൾ മഴപെയ്യുകയും ഒരുതുള്ളി വെള്ളം ചിപ്പിയിൽ വീഴുകയും ചെയ്താൽ, ആ ഒരു തുള്ളിവെള്ളം മുത്തായിത്തീരുമെന്നു് ഐതീഹ്യം. സ്വാതന്ത്ര്യമുദിച്ചിട്ടും സന്തോഷിക്കാനവസരം ലഭിക്കാത്ത ആയിരമായിരം മനുഷ്യരേയുമോർമ്മിക്കുക.

...o...

നാല്പ അനുഭവങ്ങളിലൂടെ മാത്രമേ കടന്നുപോകാറുള്ളൂ. അവിടെ ഒന്നെത്തിനോക്കാൻ ജിജ്ഞാസുവായ ഒരു നാട്ടുകാരൻപോലുമില്ല. അന്ത്യംവരെ, ഒരിടത്തും, പൊതുജനമില്ല എന്നുള്ള ഉപനിഷൽ സൂക്തത്തെല്ലാതെ "റിപ്പ്ളവും" കണ്ടെത്തുന്നതെങ്ങനെ? "ചോദ്യം ചോദിക്കുക. ഉത്തരം കണ്ടെത്തേണ്ടതു നിന്റെ ചുമതലയാണ്" എന്നതാണു് ഉത്തരായണത്തിന്റെ തത്വശാസ്ത്രം. പ്രിയസുഹൃത്തേ ചോദ്യം ചോദിക്കുന്നതിൻ ടെക്സ്റ്റ്ബുക്ക് റിപ്പ്ളവുകാരിയാണു്; ഉത്തരം കണ്ടെത്താൻ ശ്രമിച്ചവർ മാത്രമാണു് യഥാർത്ഥ റിപ്പ്ളവുകാരികൾ. അവർ മാത്രമാണു് സുഭദ്രയുടെ തെരഞ്ഞെടുപ്പും.

കമ്പസാരം

മലയാളനാട്ടിലെ കമ്പസാരപംക്തി എന്നെ ഹഠാദാകർഷിക്കാൻ ചില പ്രത്യേകകാരണങ്ങളുണ്ടെന്നു് ജീവിതയാഥാർത്ഥ്യങ്ങൾക്കുനേരേ കണ്ണടയ്ക്കാൻ കഴിയാത്ത എനിക്കു് തുറന്നുപറയേണ്ടിയിരിക്കുന്നു. എന്റെ അനുഭവങ്ങൾ മറയോ ചായമുട്ടോ ഇല്ലാതെ വിവരിക്കുമ്പോൾ നിങ്ങൾ അസംതൃപ്തരാകുന്നുവെങ്കിൽ എന്നോടു ക്ഷമിക്കുക.

ജലാശയങ്ങളുടെ സംസ്കാരസങ്കേതമായ കുട്ടനാട്ടിലെ ഒരു ഹൈസ്കൂളിൽ പഠിക്കുമ്പോൾ യൗവ്വനത്തിന്റെ മാദകലഹരിയിൽ പൊട്ടിവിടരാൻ വെമ്പുന്ന ഒരു മനോഹര കുസുമമായിരുന്നു ഞാൻ. ആയിടെ സാദ്ധ്യമ്പികമായി, യുവതപത്തിന്റെ ചോരത്തിളപ്പുള്ള തമ്പിയുമായി ഞാൻ പരിചയപ്പെട്ടു. ആ ബന്ധം അനുരാഗമായി വളർന്നു. ഒരിക്കലും വേർപെടുത്താൻ കഴിയാത്തവിധം സ്നേഹത്തിന്റെ മാസ്മരികശക്തിയാൽ ബന്ധിക്കപ്പെട്ടുകഴിഞ്ഞ ഞങ്ങൾ സ്വാതന്ത്ര്യത്തിന്റെ അതിരുകടന്നതറിഞ്ഞില്ല; ഒരു രാത്രിയിൽ അദ്ദേഹം എന്റെവീട്ടുകലത്തി. രാത്രിയുടെ നിശ്ശബ്ദതയിൽ അദ്ദേഹം എന്നെ വാരിയെടുത്തു് മുണ്ടിലും കവിളിലും ചുംബനങ്ങൾ കൊണ്ടു് വീർപ്പുമുട്ടിച്ചു. വികാരത്തിന്റെ ലാവ പൊട്ടിയൊഴുകിയപ്പോൾ, ഞങ്ങൾ തളർന്നു കഴിഞ്ഞപ്പോൾ എന്റെ ജീവിതത്തിലെ ആദ്യത്തെ കാളരാത്രി അവസാനിക്കുകയായിരുന്നു.

ദിവസവും രാത്രി എന്റെ അമ്മുനമ്മയും ഉറക്കുളികൊടുത്തു മയക്കിയശേഷം വീട്ടിന്റെ പടിഞ്ഞാറുവശത്തുള്ള കച്ചിപ്പുരയിൽ ഞാനും തമ്പിയും ഒത്തുകൂടുമായിരുന്നു ഉന്മത്തമായ വികാരാവേശത്തിന്റെ ശമനത്തിനായി ദിവസവും ഞങ്ങൾ താണ്ഡവനൃത്തമാടി. കരുത്തുറ്റ ശരീരത്തിനുടമയായ തമ്പിക്കു് എന്നെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞില്ല. മറ്റു പലരും എന്റെ രാത്രികാമുകന്മാരായി. കാമുകന്മാരുടെ പട്ടിക നീണ്ടു. ഭോഗസുഖത്തിനുവേണ്ടി പലരും എന്റെ രഹസ്യമുറിയിലെത്തി. യഥാർത്ഥത്തിൽ എന്നെ ആത്മാർത്ഥമായി സ്നേഹിച്ചതു് ഒരേയൊരാൾ മാത്രമായിരുന്നു. ഒരു കോളേജുകുമാരൻ.

കുറുത്ത ഓർമ്മകളിലൂടെ

— എൽ എസ്സ്

ശാരീരികമായി ബന്ധപ്പെടാനല്ല. പരിശുദ്ധമായ പ്രേമത്തിന്റെ പൊരുളെന്തെന്നു് അറിയുവാനാണു് അദ്ദേഹം ആഗ്രഹിച്ചതു്. അദ്ദേഹത്തിന്റെ ചൂടറിയാൻ ഞാനുമായി മോഹിച്ചു; സാധിച്ചില്ല. മാദകത്തിടമ്പായ ഞാൻ ഒരു പുരുഷന്റെമുന്നിൽ പരാജയപ്പെട്ടുവെങ്കിൽ അതു് അദ്ദേഹത്തിന്റെ മുമ്പിൽ മാത്രമാണു്.

കുട്ടനാട്ടിലെ പുരാതനായ പ്രബലമായ എന്റെ തറവാട്ടിന്റെ മതിൽക്കെട്ടുകൾക്കുള്ളിൽ എന്നെക്കാളിച്ചുള്ള രഹസ്യങ്ങൾ ഒളുങ്ങിനിന്നു. തമ്പിയുമായുള്ള ബന്ധത്തിൽനിന്നുടലെടുത്ത ബീജം എന്റെ വയറ്റിൽ വളരാൻ തുടങ്ങിയപ്പോഴാണു് എന്റെ വീട്ടിലും എന്റെ ഏറ്റയത്തിലും ഒരു പൊട്ടിത്തെറിയുണ്ടായതു്. ഒരു വമ്പുകനെപ്പോലെ തമ്പി എന്നിൽനിന്നകന്നുപോയി. എന്റെ ഗർഭത്തിനുത്തരവാദിയാരെന്നതിനെക്കാളിച്ചുള്ള അന്വേഷണം വീട്ടിൽ നടക്കുന്നതിനിടയിൽ സ്ഥലത്തെ ഒരു വ്യവസായപ്രമുഖനായ ജെയിംസുമോ

സി ഞാനെട്ടത്തു. അദ്ദേഹം മദ്യപാനിയും അസന്തുഷ്ടനുമായിരിക്കാം പക്ഷേ, എനിക്കദ്ദേഹം നല്ല ഭർത്താവായിരുന്നു.

ഒരു ഏപ്രിൽ മാസം ഒന്നാം തീയതി ഞാൻ കുഞ്ഞുമായി നാട്ടുവീട്ടിൽ. തിരുവല്ലയിലെ ഒരു സഹകാരി ആസ്പത്രിയിൽ വച്ച് ഏഴാം മാസം ഞാനൊരു കുട്ടിയെ പ്രസവിച്ചു. പിതൃത്വം ഏറ്റെടുക്കാൻ ആളില്ലാതിരുന്നതുകൊണ്ടാവാം ആ കുട്ടി എനിക്കൊരു ബാധ്യതയാകാതെ അവസാനിച്ചു. പ്രസവത്തിനു ശേഷവും എന്നിലെ ദാഹം ഇരട്ടിക്കുകയായിരുന്നു. അടങ്ങാത്ത ദാഹവും അളവറ്റ മോഹവും പുതിയ പുരുഷനായി തേടുവാൻ എന്നെ പ്രേരിപ്പിച്ചു. പുതിയ മേച്ചിൽ സ്ഥലങ്ങൾതേടി ഞാൻ എന്റെ യാത്രയാരംഭിച്ചു. വീട്ടിലെ വേലക്കാരൻ, ഡ്രൈവർ തുടങ്ങിയവരുമായും കാമത്തിന്റെ മന്ത്രലീലയിലാടിപ്പാടാൻ ഞാൻ മടിച്ചില്ല. എന്റെ ഭർത്താവുദ്യോഗസ്ഥൻ എല്ലാറ്റിനും ഒരു മൂകസാക്ഷിയായിരുന്നു. അദ്ദേഹത്തിനു കഴിവില്ലായിരുന്നതുകൊണ്ടും കഴിവുള്ളവർ എനിക്കു മുന്നു കുട്ടികളെ പ്രസവിക്കാനുള്ള ശക്തി നൽകി.

പത്തു വർഷം മുമ്പു നടന്ന കഥകളായിരുന്നു ഞാനിവിടെ പകർത്തിയതു്. ഇന്നു എല്ലാം തുറന്നു് പറഞ്ഞു പശ്ചാത്തപിക്കുമ്പോൾ ഒന്നുമാത്രം മങ്ങാതെ, മായാതെ മനസ്സിൽ നില്ക്കുന്നു; കറുത്ത കാർമ്മുകിൽ ഒരു വെളിച്ച ബിന്ദു—എന്റെ പ്രിയപ്പെട്ട കാമുകൻ.

o...

വായിച്ചിരിക്കേണ്ട പുസ്തകങ്ങളും

1. ദാമ്പത്യ ജീവിതശാസ്ത്രം വില രൂ. 1–50, 2. സന്താനനിയന്ത്രണം (ഫാമിലിപ്ലാനിംഗ്) വില രൂ. 1–50, 3. ഹോസ്യലൈംഗിക രോഗങ്ങളും നിവാരണ മാർഗ്ഗങ്ങളും വില രൂ. 1–50, 4. സ്വർണ്ണമാല (വല്ലച്ചിറ മാധവൻ എഴുതിയ നോവൽ) വില രൂ 2–50.

പുസ്തകങ്ങൾ V. P. ആയി അയച്ചുകൊടുക്കുന്നതാണു്. തപാൽ ചിലവു് രൂ. 2 വസൂലാക്കും. കൂടുതൽ വിവരങ്ങളടങ്ങിയ കാറ്റലോഗ് ആവശ്യമുള്ളവർ 50 പൈസ സ്റ്റാമ്പ് അയയ്ക്കണം.

DAB AGENCIES
Kodimatha, Kottayam.
KERALA

PASS BY PRIVATE STUDY

Excellent postal tuition and oral classes for M A (English, History, Economics, Sociology) B. A., Pre-Degree, Matriculation (Only 8 papers—No Hindi—pass and get college admission.) For details, apply with Re. 1/- stamps stating educational qualification.

PREMIER COLLEGE
AMBUJAVILASAM ROAD,
TRIVANDRUM 1

(Phone 4801)

ആ അർമീനിയാക്കാരന്റെ ശക്തിയും ഉറപ്പും എത്രമാത്രമുണ്ടെന്നളക്കുവാനും തിട്ടം വരുത്തുവാനും അതിനനുസരിച്ചുള്ള തയ്യാറുകൾ ശരിപ്പെടുത്താനും!

ചില്ലറ ഭീഷണികൾ കൊണ്ടൊന്നും മാറിപ്പോകുന്നവനല്ല കെമാൽ എന്നു് ആംബ്രോസ്സിനു തീർച്ചയായപ്പോൾ സന്ധിക്കും പരസ്പരധാരണയ്ക്കുമുള്ള നീക്കങ്ങളായി. പക്ഷേ, ആ പ്രദേശത്തെ കള്ളക്കടത്തിന്റെ മുകാൽ പങ്കിനുള്ള അവകാശം തനിക്കു കിട്ടിയെങ്കിലെ സന്ധിപ്പെടാനാവൂ തുർക്കിക്കാരൻ തയ്യാറുണ്ടായിരുന്നുള്ളൂ. ആംബ്രോസ്സതിനു തയ്യാറായിരുന്നില്ല!

പണത്തേക്കാൾ അന്തസ്സിന്റെ പ്രശ്നമായിരുന്നു. കള്ളക്കടത്തു ലോകത്തെ നേതൃത്വം അന്തസ്സേലാണു് നിലനില്ക്കുന്നതു്. ഒരിടത്തു വിട്ടുകൊടുത്താൽ പിന്നെ വേറെ ഒരു പത്തു സ്ഥാനങ്ങളിൽ കൊടി താഴ്ത്തിക്കെട്ടേണ്ടിവരും. അതിനെല്ലാം മേലേയായി വേറൊരു വൈഷമ്യം! തന്റെ അനുയായികൾക്കു തന്നിലും തന്റെ കഴിവിലും അജയ്യതയിലുമുള്ള വിശ്വാസം ഇളകും! കായും! നശിക്കും! പാടില്ല! അതുകൊണ്ടു് 'ഞാനോ നീയോ'യെന്ന തീരുമാനിക്കാൻ പോകുന്ന ഒരഭിമുഖീകരണവും സംഘട്ടനം ഒഴിവാൻ നിർവ്വാഹമില്ല! അതുകൊണ്ടവ നടക്കണമെന്നതു വിധിയാണു്!

അതിന്റെ ഫലമായിരുന്നു കഴിഞ്ഞ രാത്രിയിലെ, ഏതാണ്ടറുപതണിക്കൂർ നേരം നീണ്ടുനിന്ന ഹെവേയുദ്ധം! തുർക്കിക്കാരന്റെ മുന്നു പേർ മരിച്ചു. അർമ്മീനിയക്കാരന്റെ രണ്ടും. പക്ഷേ, നേതാവു് ആംബ്രോസ്സുമതിൽപെട്ട പോയി! തന്റെ അനുയായികളിൽ ആരുടേയോ കൊടുംവഞ്ചനയുടെ ഫലമായിരുന്നിതെല്ലാം.

ഒന്നു് സത്യമായിരുന്നു. പത്രത്തിൽ കണ്ടപ്പോൾ മാത്രമായിരുന്ന തന്റെ ആംബ്രോസ്സ് അങ്കിൾ ഇത്തരമൊരു മനുഷ്യനായിരുന്നു എന്നു് എത്രി മനസ്സിലാക്കിയതു്! അമേരിക്കയിലെ പ്രമുഖ ഗാംഗ് സ്റ്റർ നേതാക്കളിലൊരാളായിരുന്നെന്നു്!

പക്ഷേ, പത്രത്തിന്റെ രണ്ടാം പുറത്തു കണ്ടതായ ചെറിയ നുസ്സായിരുന്ന അവളെ കൂടുതൽ സംഭീതയും അസ്വസ്ഥ ചിത്തയും ആക്കിത്തീർത്തു: ഡയനീഷ്യസ്

നോവൽ

മുപ്പത്തിരണ്ടു്

ആംബ്രോസ്സിനു പല ബിസ്സിനസ്സുകളുണ്ടു്. പല പേരുകളിൽ. അയാളുടെ സാമ്പത്തികസ്ഥാപനങ്ങളിൽ പണം മുടക്കുകയും പണം നിക്ഷേപിക്കയും ചെയ്തിട്ടുള്ളവർ നിരവധിയാണു്. അവരുടെയെല്ലാം പണം എങ്ങനുണ്ടായതെന്നു് എഫ്. ബി. ഐ. (രഹസ്യപ്പോലീസ്) അന്വേഷണങ്ങൾ ആരംഭിച്ചിട്ടുണ്ടു്! അവരിൽപലർക്കും കള്ളക്കടത്തലുകളുമായി ബന്ധമുണ്ടെന്നു് സംശയിക്കപ്പെടുന്നു. മയക്കുമരുന്നുകൾ വി

തരണം ചെയ്യുവാൻ ഇടത്തരക്കാരായ പല രെയധികം സ്ത്രീകളെ അയാൾ വിനിയോഗിച്ചിരുന്നു പോലും! കടകളിലും ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും ആസ്പത്രികളിലും ക്ലിനിക്കുകളിലും തിയേറ്ററുകളിലും സ്റ്റുഡിയോകളിലും പണിയെടുക്കുന്ന കുട്ടർ!

എൽസി പോയി കിടപ്പിലായി. പുറത്തു് ശക്തമായി മഞ്ഞുപെയ്യുന്നുണ്ടായിരുന്നെങ്കിലും അവൾക്കു ചൂടു തോന്നി. പണത്തെ അമിതമായി സ്നേഹിക്കുന്നവർക്കു് അവരുടെ പണം പോകുന്നതു് ജീവൻ പോകുന്നതിനേക്കാൾ വേദനാജനകമാണു്! എ

ഇ. എം. കോവൂർ

സിയുടെ ഏറിയ പങ്കു പണവും ആംബ്രോസ്സിന്റെ ഫൈനാൻഷ്യൽ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിരിക്കയായിരുന്നു. അയാളുടെ ഉപദേശമനുസരിച്ച്, ആ അർമ്മീനിയനോടൊപ്പം ആ പണവും പോയിക്കഴിഞ്ഞെന്നവൾക്കു പെട്ടെന്നു വ്യക്തമായി! താനെന്തെല്ലാം ഒപ്പിച്ചും കാട്ടിയുമായിരുന്നു അതു സംഭരിക്കയുണ്ടായതു"!

ഈ സമയം ഫോൺ അടി തുടങ്ങി. അവൾ ഞെട്ടിപ്പോയി! എന്തെന്നില്ലാത്തയൊരു ഭീതി അവളെ പിടികൂടി. തൊണ്ട ഉണങ്ങുംപോലെ തോന്നി. പോലീസ് ആയിരിക്കുമോ! ആയിരിക്കണം! ആംബ്രോസ്സുമായുള്ള ബന്ധങ്ങൾ രഹസ്യപ്പോലീസ് അന്വേഷണത്തിനു വിധേയമാക്കുന്നുണ്ടല്ലൊ നൂസ്! അപ്പോൾ താനും അയാളുമായുള്ള ബന്ധങ്ങൾ പുറത്തു വരുമോ! തന്നേയും അവർ ചോദ്യം ചെയ്യുമോ! നിസ്സഹായത! ശത്രുക്കളാൽ വളയപ്പെട്ടു പുറത്തു കടക്കുവാൻ വഴിയില്ലാതെ ഫ്ലാറ്റിൽ അകപ്പെട്ട ഒരു തോന്നൽ! ഇരുട്ട്! ഇളിക്കുന്ന നിഴലുകൾ! പക്ഷെ, പുറത്തെ വെളിച്ചമാണു കൂടുതൽ ദുസ്സഹം!

ഫോണടി നിലയ്ക്കാതെ തുടരുകയാണു. ആരുടേയോ നിർബ്ബന്ധബുദ്ധിയാണല്ലോ ഇതു! എടുക്കണോ! എടുക്കാം; അവളെ ണീറു കൂടുത്ത ആശങ്കയോടെ റസീവറെടുത്തു.

"യേസു", യെസു", മിസ്സസ്സു" എസിജേക്കബ്ബു" ടോക്കിങ്ങു": ആരാണതു"?"

"ഞാനാണു". ഈഡിത്തു"."

ആശ്വാസമായി. ആശ്വാസംകൊണ്ടു എസിക്കു" ശ്വാസം മുട്ടുംപോലെ തോന്നി! പോലീസ്സല്ലല്ലൊ!

"എന്താണീഡിത്തു"?"

"നമ്മുടെ സ്നേഹിതൻ മരിച്ചതറിഞ്ഞോ?"

"ആരാ നമ്മുടെ സ്നേഹിതൻ?" ഉന്നല്ല നാലുപ്രാവശ്യം ആംബ്രോസ്സിനെ തള്ളിപ്പറവാൻ അവളപ്പോഴേക്കും തയ്യാറായിക്കഴിഞ്ഞിരുന്നു.

"അന്നു കടൽക്കരയിലെ സന്ധ്യയ്ക്കോട്ടേജിൽ നമ്മെ കൂട്ടിക്കൊണ്ടുപോയ സ്നേഹിതൻ! മനസ്സിലായില്ലേ?"

മനസ്സിലായി. ഇല്ലെന്നിനി ഭാവിച്ചിട്ടു കാര്യമില്ല! അതുകൊണ്ടവൾ സമ്മതിച്ചു.

"മനസ്സിലായി. പത്രത്തിൽ നൂസ്സു ഞാനും കണ്ടു. കഷ്ടമായിപ്പോയി!"

"എസി, ഞാൻ പാപ്പരായിക്കഴിഞ്ഞു, എന്റെ പണമെല്ലാം പോയി."

"എങ്ങനെ?"

"എനിക്കുണ്ടായിരുന്ന പണം മുഴുവനും ഞാനയാളെ ഏല്പിച്ചിരിക്കയായിരുന്നു ജിബ്രാൾട്ടർ പാറപോലെ ഉറച്ചയാളാണെന്നായിരുന്നു എന്റെ വിചാരം! അമ്പതുശതമാനം പലിശയായിരുന്നു തന്നിരുന്നതു"! അതും ഏറ്റവും കൃത്യമായിട്ടു"! എസിക്കു പണംവല്ലതും പോയോ?"

"വളരെക്കുറച്ചു". സാരമില്ല. പിന്നെ എനിക്കുണ്ടെനെയധികം പണമെനിക്കുണ്ടായിരുന്നില്ലല്ലൊ!"

"അയാൾ തന്നെ, കുറെയധികം പണം തരികയുണ്ടായില്ലെ? പിന്നെ വേറൊരു കാര്യം!"

"എന്താണു"?"

"ഒരു മനുഷ്യനെന്ന നിലയിൽ അയാൾ വളരെ നല്ലവനായിരുന്നു. ഔദാര്യമുള്ളവനായിരുന്നു. സ്നേഹിക്കാൻ കഴിവുള്ളവനായിരുന്നു!"

"എന്തു"! എസിയും അയാളുമായി അടുപ്പമായിരുന്നോ!"

"ആയിരുന്നു എസി. അയാൾക്കെന്നെ അങ്ങേയറ്റം ഇഷ്ടമായിരുന്നു. എനിക്കയാളേയും!"

"അങ്ങനെയായിരുന്നോ ഈഡിത്തു"!"

"അതേ. അയാൾക്കു" എസിയോടെങ്ങനായിരുന്നു?"

"അത്തരമൊരടുപ്പമുണ്ടായിരുന്നില്ല! സ്നേഹിതൻ!"

കള്ളം! പച്ചക്കള്ളം!

"എസി, പോലീസ്സു, അന്വേഷണം നടത്തുമെന്നാണല്ലൊ പത്രത്തിൽക്കണ്ടതു"!"

"ഞാനും കണ്ടു. എന്തൊക്കെയായിരിക്കുമോ അന്വേഷിക്കു!"

"ഇന്നു ഞാൻ ഡ്യൂട്ടിക്കു പോകുന്നില്ല, എസി, സുഖം തോന്നുന്നില്ല."

"ഈഡിത്തു", ഞാനും അവധിയെടുക്കാം വിശ്രമിക്കുകയാണു". തൊണ്ടയ്ക്കൊരു വേദന. തണുത്തടിച്ചതായിരിക്കണം!"

ഈ സമയത്തായിരുന്നു അടുത്തിരുന്ന വേറൊരു ഫോൺ കിടുങ്ങാൻ തുടങ്ങിയതു"

"ഈഡിത്തു", നിറുത്തട്ടെ. മറ്റാരോ ഫോണിൽ വിളിക്കുന്നു"

'ശരി, നമുക്കു" വൈകിട്ടു" കാണാം."

നിറുത്തി. ഭയം വീണ്ടും! ഇത്രവന്നപോലീസ്സുകാരനായിരിക്കുമോ! ആയിരിക്കാൻ ഇടയുണ്ടു"!

അവളാകെ വീണ്ടും കുഴഞ്ഞു. ഫ്ലാറ്റുള്ളിൽ പെട്ട വഴിമുട്ടിയതോന്നൽ വീണ്ടും! മണിയടി നിലയ്ക്കുന്നില്ല. ഫോണെടുത്തു.

"അതേ, എസിജേക്കബ്ബും" തന്നാണു സംസാരിക്കുന്നതു"."

"എസി, ഞാനാണു" നാൻസി."

മനസ്സിലായി. ഗർഭച്ഛിദ്രകാര്യങ്ങളിൽ തന്നെ പലപ്പോഴും സഹായിക്കയുണ്ടായിട്ടുള്ള വേറൊരു നേഴ്സു"!

"എന്താണു നാൻസി."

'മിസ്റ്റർ ആംബ്രോസു" മരിച്ചകാര്യം പത്രത്തിൽ വായിച്ചില്ലേ?..."

ഈഡിത്തു" പറഞ്ഞകാര്യങ്ങളൊക്കെത്തന്നെ! പിന്നെ ഒന്നു കൂടി അയാൾ അവളോടും കാട്ടുകനായിരുന്നു! അവളോടെയും പണമെല്ലാം പോയിക്കഴിഞ്ഞു! എടാ വിഡ്ഢി! നിയപ്പോൾ ആരോടെയെല്ലാം കാമുകനായിരുന്നു! നിന്നാൽ കബളിപ്പിക്കപ്പെടാത്ത വല്ലവരുമുണ്ടോയിനി!

പിന്നെ വേറൊരു കാര്യവും അവൾക്കു കൂടുതലായിപ്പറവാനുണ്ടായിരുന്നു. അല്പം മുമ്പു" പോലീസ്സുവന്നു വിളിച്ചിരുന്നെന്നും അയാളുടെ സ്ഥിതിയൊക്കെയാണെന്നു" അന്വേഷിച്ചിരുന്നെന്നും! പക്ഷേ, അവൾ പറഞ്ഞില്ല!

എൽസിയുടെ കാൽമുട്ടുകൾ വാസ്തവത്തിൽ ദുർബ്ബലങ്ങളായിത്തീർന്നു. കണ്ണിൽ പുകവ്യാപിക്കുംപോലെ തോന്നി. ഒരു കണക്കിൽ സംഭാഷണം മതിയാക്കി ഫോൺ താഴെവെച്ചു. തളർന്നു വീണ്ടും പോയികിടന്നു.

ഇനി എന്താണു ചെയ്ക! സമ്പൂർണ്ണമായും അന്യനാട്ടുകാരിയാണു താനിവിടെ! എന്തൊട്ടാണു സഹായത്തിനും ആലോചനയ്ക്കും തിരിയുക! ഒരു മനുഷ്യനെ താൻ വിശ്വസിച്ചു. അയാളിങ്ങനെയാകുകയും ചെയ്തു! എല്ലാ ആപത്തുനേരത്തും ആവശ്യങ്ങളിലും വേണ്ട ഉണയും ധൈര്യവും പണവും നൽകുമെന്നു വിശ്വസിച്ചു.

പക്ഷെ, ഇന്നിതാ കറയടിക്ക് ആ പണം കടല്‍ന്റെ അടിയിലേക്കെന്നപോലെ അപ്രത്യക്ഷപ്പെട്ടിരിക്കുന്നു!

അവൾ എണീറ്റു. തന്റെ രഹസ്യരേഖകളും നിക്ഷേപങ്ങൾക്കുള്ള രശീതുകളും മറ്റും സൂക്ഷിക്കുന്ന ക്യാബിനറ്റ് തുറന്ന് രേഖകളെല്ലാം പുറത്തെടുത്തു പരിശോധിച്ചു. 85000 ഡോളറുകൾക്കുള്ള രശീതുകളുണ്ട്. പുറമേ ഡയമണ്ട്സും ആംബ്രോസ്സിന്റെ ഫൈനാൻഷ്യൽ കമ്പനികൾ തന്നിട്ടുള്ള ഡിപ്പോസിറ്റ് രശീതുകളുണ്ട്. അവൾക്ക ബാങ്കിങ്ങിനേയോ പണമിടപാടുകളേയോ കുറിച്ച് യാതൊരു പിടിയുമുണ്ടായിരുന്നില്ല. ആംബ്രോസ്സ് പറയുന്നതായിരുന്നു ഇക്കാര്യങ്ങളിൽ വേദവാക്യം!

അയാളുമായി ഇടപാടുകളുണ്ടെന്നറിഞ്ഞാൽ പോലീസ് തന്നെ കള്ളക്കടത്തു കേസ്സുകളിൽ കുടുക്കുമെന്നുള്ളതു തീർച്ച. അതുകൊണ്ട് വളരെ രഹസ്യമായിട്ടു തന്നെ ഒരു രഹസ്യസ്ഥാനത്തായിരിക്കണം പിന്നീട് കാര്യങ്ങൾ! എന്തുകൊണ്ടാണ്, ആർക്കു വേണ്ടിയെന്നോ മാത്രം നിശ്ചയമില്ല!

പോലീസ്സിനുവേണ്ടിയാകാം! പത്രറിപ്പോർട്ടർമാർക്കുവേണ്ടിയാകാം! അജ്ഞാതരായ വല്ല ബന്ധുക്കൾക്കും വേണ്ടിയാകാം! തന്നെ വേണ്ടെന്നുവെച്ച് അകലേക്കകലുന്ന മകൾ ഗ്രിഡ്ഡിയ്ക്കുവേണ്ടിയാകാം!

ഒരുനിമിഷം കേട്ടാലവൾ ഞെട്ടുന്നും. ഒരു മണ്ടൻ പ്രാവശ്യം ഞെട്ടുന്നു! പക്ഷെ, ആരും വന്നില്ല. അവളുടെ ഉൽക്കണ്ഠ കൂടിക്കൊണ്ടിരുന്നതേയുള്ളൂ. ചാരുവാനൊരുത്തനാണിയില്ല! ആരുമില്ല! ഒന്നുമില്ല! അവൾക്കു തോന്നി ഈ വലിയ ലോകത്തിൽ അവൾ മാത്രമാണെന്ന്. ചുറ്റിനും അന്ധകാരത്തിന്റെ ചുരുളുകൾ പരക്കുകയാണെന്നും!

സാധാരണഗതിയിൽതന്നെ അടുക്കിനും ചിട്ടിക്കാനവൾ അപ്രാപ്തയായിരുന്നു. ഭയവും ഉൽക്കണ്ഠയും പിടികൂടിയപ്പോൾ ജന്മവാസനകൾ മാത്രമായി മസ്തിഷ്കനിർദ്ദേശികൾ! സ്ഥിതി, മുമ്പത്തേതിനേക്കാൾ കഷ്ടതരമായി! രക്ഷപ്പെടേണം. പക്ഷെ, എങ്ങനെയെന്നോ എതിലേയെന്നോ മാത്രം നിശ്ചയമില്ല!

തീയോളജി ഒരുമണിക്കൂറെങ്കിലും തന്നിൽ പ്രായോഗികമായ യാതൊരു കാര്യങ്ങളുമുണ്ടെന്നുതോന്നിച്ചിരുന്നില്ല. പക്ഷെ, അങ്ങോരോടെങ്ങനെ ഇപ്പോഴത്തെ കഴപ്പുകൾ പറയും! മുഴുവനും പറയും! അതിന്റെയെല്ലാം അടിയിലുള്ള കൊള്ളരുതായ്മകളും നാണക്കേടും?

അങ്ങോരെ വിളിക്കാൻ ഫോണെടുപ്പാൻ രണ്ടുപ്രാവശ്യമുദ്യമിച്ചതാണ്, പക്ഷെ, മടിച്ചു! വിളിച്ചാൽ ഉള്ളതെല്ലാം പറയേണ്ടിവരും! അർമ്മീനിയാക്കാരനുമായുള്ള ബന്ധത്തിന്റെ ചുരുളുകളെല്ലാം നിവർക്കേണ്ടിവരും! ജേക്കബ്ബ്കുട്ടി വാട്ടർഫോർഡായ യഥാർത്ഥകാരണവും വെളിപ്പെടുത്തേണ്ടിവരും!

അതു വേണ്ടാ! ഒരു സമയം ഇതെല്ലാം തന്റെ വെറും പേടികളായിരുന്നേക്കാം! അടിസ്ഥാനമില്ലാത്ത പേടികൾ! ഇതുപോലെ എത്രയോ സംഭവങ്ങൾ ഒരുദിവസം അമേരിക്കയിൽ നടക്കുന്നു! അതെല്ലാമുണ്ടോ വെളിച്ചത്തുവരുന്നു.

പക്ഷെ, താനും ഇവിടെയുള്ളവരും തമ്മിലൊരു വ്യത്യാസമില്ലേ! അവരെല്ലാം നാട്ടുകാരാണ്. വെള്ളക്കാരാണ്! അവർ പരസ്പരം സംഘടിക്കും. താങ്ങും. താനോ! വിദേശത്തുകാരി! അങ്ങു ദൂരെ ഇന്ത്യയിൽ നിന്നുമെത്തിയവൾ! ഈ പരുക്കൻ നോട്ടത്തിൽ ചെറുത്തുനിൽക്കാൻ! തന്നെ സഹായിക്കാനാരാണുള്ളതു! പിടിക്കുടിയാൽ ആട്ടുകല്ലുകൾക്കിടയിൽപ്പെട്ട ഗോതമ്പുപോലെ അരഞ്ഞുപോകും!

ജേക്കബ്ബ്കുട്ടി അടുത്തുണ്ടായിരുന്നെങ്കിൽ! വിശ്വസിക്കാൻ കൊള്ളാവുന്ന ഏതെങ്കിലുമൊരു പുരുഷനടുത്തുണ്ടായിരുന്നെങ്കിൽ! സാധാരണ ജീവസന്ധാരണത്തിനുള്ള മാർഗ്ഗമായിട്ടാണ് ഭർത്താക്കന്മാരെ മിക്ക ഭാര്യയാരും കാണുക. താനങ്ങനെ കണ്ടിരുന്നില്ല. അങ്ങോരിൽനിന്നും സാമ്പത്തികമായി താനൊന്നും പ്രതീക്ഷിച്ചിരുന്നില്ല. അതിനുള്ള ആവശ്യം തനിക്കുണ്ടായിരുന്നില്ല താനാണ കുടുംബത്തെ പുലർത്തുന്ന വ്യക്തി. തനിക്കാണ സമ്പാദ്യം പലപ്പോഴും ഭർത്താവിനുവേണ്ടി ചിലവേയും താനാണ സമ്പാദിച്ചിരുന്നത്. സമ്പാദിക്കുവാനുള്ള അങ്ങോരുടെ കഴിവിനെക്കുറിയല്ല താനങ്ങോരെകല്യാണം കഴിച്ചതും!

പിന്നെ താനെന്തിനാണ് നാട്ടിൽ നിന്നും സ്വസമുദായത്തിൽനിന്നും, ഒരുവനെ വിവാഹം കഴിക്കാൻ തീരുമാനിച്ചതു! അതിനുവേണ്ടി നാട്ടിലെപ്പുത്തിൽ പരസ്യത്തിന്നിറങ്ങിപുറപ്പെട്ടതു! പിൽക്കാലത്തെ ഴവനും പറയും! അതിനേറെയെല്ലാം അടിയിലുള്ള കൊള്ളരുതായ്മകളും നാണക്കേടും?

അങ്ങോരെ വിളിക്കാൻ ഫോണെടുപ്പാൻ രണ്ടുപ്രാവശ്യമുദ്യമിച്ചതാണ്, പക്ഷെ, മടിച്ചു! വിളിച്ചാൽ ഉള്ളതെല്ലാം പറയേണ്ടിവരും! അർമ്മീനിയാക്കാരനുമായുള്ള ബന്ധത്തിന്റെ ചുരുളുകളെല്ലാം നിവർക്കേണ്ടിവരും! ജേക്കബ്ബ്കുട്ടി വാട്ടർഫോർഡായ യഥാർത്ഥകാരണവും വെളിപ്പെടുത്തേണ്ടിവരും!

അതു വേണ്ടാ! ഒരു സമയം ഇതെല്ലാം തന്റെ വെറും പേടികളായിരുന്നേക്കാം! അടിസ്ഥാനമില്ലാത്ത പേടികൾ! ഇതുപോലെ എത്രയോ സംഭവങ്ങൾ ഒരുദിവസം അമേരിക്കയിൽ നടക്കുന്നു! അതെല്ലാമുണ്ടോ വെളിച്ചത്തുവരുന്നു.

പക്ഷെ, താനും ഇവിടെയുള്ളവരും തമ്മിലൊരു വ്യത്യാസമില്ലേ! അവരെല്ലാം നാട്ടുകാരാണ്. വെള്ളക്കാരാണ്! അവർ പരസ്പരം സംഘടിക്കും. താങ്ങും. താനോ! വിദേശത്തുകാരി! അങ്ങു ദൂരെ ഇന്ത്യയിൽ നിന്നുമെത്തിയവൾ! ഈ പരുക്കൻ നോട്ടത്തിൽ ചെറുത്തുനിൽക്കാൻ! തന്നെ സഹായിക്കാനാരാണുള്ളതു! പിടിക്കുടിയാൽ ആട്ടുകല്ലുകൾക്കിടയിൽപ്പെട്ട ഗോതമ്പുപോലെ അരഞ്ഞുപോകും!

ജേക്കബ്ബ്കുട്ടി അടുത്തുണ്ടായിരുന്നെങ്കിൽ! വിശ്വസിക്കാൻ കൊള്ളാവുന്ന ഏതെങ്കിലുമൊരു പുരുഷനടുത്തുണ്ടായിരുന്നെങ്കിൽ! സാധാരണ ജീവസന്ധാരണത്തിനുള്ള മാർഗ്ഗമായിട്ടാണ് ഭർത്താക്കന്മാരെ മിക്ക ഭാര്യയാരും കാണുക. താനങ്ങനെ കണ്ടിരുന്നില്ല. അങ്ങോരിൽനിന്നും സാമ്പത്തികമായി താനൊന്നും പ്രതീക്ഷിച്ചിരുന്നില്ല. അതിനുള്ള ആവശ്യം തനിക്കുണ്ടായിരുന്നില്ല താനാണ കുടുംബത്തെ പുലർത്തുന്ന വ്യക്തി. തനിക്കാണ സമ്പാദ്യം പലപ്പോഴും ഭർത്താവിനുവേണ്ടി ചിലവേയും താനാണ സമ്പാദിച്ചിരുന്നത്. സമ്പാദിക്കുവാനുള്ള അങ്ങോരുടെ കഴിവിനെക്കുറിയല്ല താനങ്ങോരെകല്യാണം കഴിച്ചതും!

പിന്നെ താനെന്തിനാണ് നാട്ടിൽ നിന്നും സ്വസമുദായത്തിൽനിന്നും, ഒരുവനെ വിവാഹം കഴിക്കാൻ തീരുമാനിച്ചതു! അതിനുവേണ്ടി നാട്ടിലെപ്പുത്തിൽ പരസ്യത്തിന്നിറങ്ങിപുറപ്പെട്ടതു! പിൽക്കാലത്തെ കറയെല്ലാം വിശ്വസ്ഥതയും ക്രൂരം പുലത്തേണ്ടതിന്റെയാവശ്യം അവൾക്കു തോന്നിത്തുടങ്ങി. പക്ഷെ, എന്തു ചെയ്യാം! മുള്ളില്ലാതെ റോസാപ്പൂവില്ലെന്നും, നെല്ലിക്കയുടെ മധുരമറിവാൻ കയ്പും അറിയേണ്ടതുതന്നെന്നും മനസിലായതു കൊണ്ടു മാത്രം സമാധാനിച്ചായിപ്പോയി.!

ഒരു പുരുഷൻ അടുത്തു സ്വന്തമായി ഉണ്ടായിരുന്നെങ്കിൽ! എന്തുവിലകൊടുത്തും സൂക്ഷിക്കേണ്ടതാണ് വിശ്വസ്ഥനായ ഒരു പുരുഷനെ! മറ്റെന്തെല്ലാമുണ്ടെങ്കിലും അതില്ലായെങ്കിൽ സ്ത്രീയുടെ ജീവിതം അപൂർണ്ണമാണ്!

ജീവിതത്തിന്റെ നിർണ്ണായകമായ ഘട്ടങ്ങളിൽ വൈദേശിക സംസ്കാരവും ചിന്താഗതികളും തത്വശാസ്ത്രവും ചക്കക്കുരുവിന്റെ പാടപോലെ തന്നിൽപ്പറ്റിപ്പിടിച്ചു പോകുമെന്നവൾ ധരിച്ചിരുന്നില്ല! ആപത്തിന്റെയും അനിശ്ചിതത്വത്തിന്റെയും മുമ്പിൽ തലമുറകളായി പീഡാനുഭവർ പരീക്ഷിച്ചു ഫലപ്രദവും ആശ്രയിക്കത്തക്കതെന്നും ബോധ്യപ്പെട്ടിട്ടുള്ള ജീവിതമൂല്യങ്ങളിലേക്കും ചിന്താഗതികളിലേക്കും പൊടുന്നനേ താൻ പിൻതിരിയുമെന്നും ആ പാവം പെണ്ണ് ധരിച്ചിരുന്നില്ല.!

പക്ഷെ, ജേക്കബ്ബുകുട്ടിയെയിനി തിരിച്ചു കിട്ടുമോ! തിരിച്ചെവരുമോ! തന്നോടായാഭയങ്കര പ്രവർത്തിക്ഷമിച്ചു തരുമോ!

ഈ സമയത്താണ് പുറം വാതിലിലൊരു കൊട്ടി വിളിയുണ്ടായതു.

"ദൂരക്ക്!"

അവളാകെ സംഭ്രമിച്ചുപോയി! അധികാരത്തിന്റെ ശബ്ദം! സംശയമില്ല! കുട്ടങ്ങിക്കഴിഞ്ഞു! രക്ഷയില്ല!

വാതിൽ തുറക്കാതെ കുളിമുറിയിലേക്കയറി വിളിച്ചുപറഞ്ഞാലോ! വെളിച്ചത്തെ ഭയപ്പെട്ട് ഇരുട്ടിലേക്കു വലിയുവാൻ ശ്രമിക്കുന്ന ഇഴജന്തുക്കളെപ്പോലെ!

"ദൂരക്ക്!"

ഇനിയും മരിച്ച കൈൽകൊണ്ടു!

ബ്രാണ്ടോ! സ്ക്കളിൽ നിന്നും! ആ ശപ്പന്മാരുടെ കൊണ്ടവൾ തറയിൽ വീഴാതിരുന്നു!

"മമ്മീ! എന്താണിതു! വല്ല പ്രേതത്തേയും കണ്ടോ!"

സന്ധ്യാവാനി

കഥ

എ. എം. പ്രഭാവതി

ചാരനിറമുള്ള ആകാശത്തിനുകീഴിൽ വിറകൊള്ളുന്ന "ഈറൻ നിലാവു". നിഷേധാത്മകമായി തലയാട്ടിനില്ക്കുന്ന കരിമ്പനയുടെ കറുത്ത നിഴൽ. നീണ്ടുനീണ്ടുപോകുന്ന കറുത്ത നിഴൽ. അകലേയുള്ള പ്രൗഢിൻചുവട്ടിലെ പരന്ന ഇരുളിൽ അതവസാനിക്കുകയാണോ? അറ്റം കാണാത്ത ആ നിഴൽ മൂർച്ചയേറിയ ഒരു കത്തിമുനയായി ഹൃദയത്തിലേക്കാഴ്ന്നിറങ്ങുകയാണോ? ഒരു പനയേക്കാളും ഈട്ടുള്ള ദുഃഖമേ എന്നെ മോചിപ്പിക്കൂ...

നിഴലുകളുണ്ടാക്കാൻ വേണ്ടിമാത്രം കണ്ണീരോടെ കടന്നുവന്ന നിലാവു് എന്റെ പ്രപഞ്ചത്തിൽ കറുത്ത നിഴലുകളെ സൃഷ്ടിച്ചു. കന്നപോയ നിലാവു്. ആ കറുപ്പിൽ ഒരു തരിവെളിച്ചമായെങ്കിലുമിരിയണം. നിന്നെ മനസ്സിലാക്കുവോളം കെട്ടിപ്പുണരണം് നിന്റെ ആത്മനിർവൃതിയിലെങ്കിലുമിരിയണം.

ബിജുമോൻ! എന്നെ അമ്മയാക്കിയ ബിജുമോൻ. നിനക്കുവേണ്ടി എന്റെ രക്തം പാലാവുന്നു. എന്റെ മാറിടം പാൽ തുടിച്ചു വിങ്ങുന്നു. നിന്റെ കുഞ്ഞിക്കൈകൾകൊണ്ടെന്നെ അടിക്കു. നിന്റെ നനവാൻ മുണ്ടുകൊണ്ടെങ്കിലുമെന്നെ അമ്മയാക്കൂ.

അല്ലെങ്കിൽ എന്റെ കുട്ടി! നീയൊരു കൃഷ്ണനായിവന്നു് എന്റെ അമ്മിഞ്ഞ കടിച്ചു കടിച്ചു്... എന്റെ ജീവനെ വസാനത്തെ തുള്ളിരക്തംവരെ നീ കുടിച്ചു്... ആ രൗദ്രവേദനയിൽ ഞാനാനന്ദം കണ്ടെത്തട്ടെ മകനേ! കുറേകാലം സ്വപ്നം കണ്ടിട്ടില്ലാത്ത ഈ അമ്മയുടെ രക്തം മുഴുവനും നീയെടുത്തുകുടിക്കു. നീയെന്റെ കണ്ണനാണു്: എന്റെ സ്നേഹമാണു്. എന്റെ പ്രപഞ്ചത്തിൽ കടന്നുവന്ന നിലാവേ! നിയെന്തിനാണൊരു വിരുന്നുകാരനായി? ഓമനേ! നീയെങ്കിലും പറയൂ, ഞാനൊരുങ്ങിച്ചമഞ്ഞുവന്ന പുതുനയാണോ? അണിഞ്ഞൊരുങ്ങിയ യക്ഷിയാണോ?

"അല്ലാ... അല്ലാ ..." നിന്റെ രക്തകോശങ്ങൾ മാറാത്ത സ്വരം ഞാൻ കേൾക്കുന്നു. നാഴികകൾക്കപ്പുറത്തു നിന്റെ കുഞ്ഞിക്കാലുകൾ പതിഞ്ഞു കിടക്കുന്ന ആ മണ്ണിലേയ്ക്കു ഞാൻ വരും. ഈ ശ്രമം കളഞ്ഞു് ഒരു ചൈതന്യമായി ഞാൻ വരും. നിന്റെ ശബ്ദവീചികളെന്നിലലയടിയ്ക്കണം; നിന്റെ നിശ്വാസവായുവിലെനിയ്ക്കു ഗന്ധംചെയ്യണം. എന്റെ ബിജുമോൻ. എന്റെ ഓമനക്കുട്ടൻ.

ഒരു കുട്ടിയുടെ നിഷ്ക്രമണത്തിനുശേഷമുള്ള ശൂന്യതയിലേക്കു് ഞാനങ്ങോട്ടോടിച്ചെന്നു. എന്റെ കുട്ടാ എന്റെ ജീവന്റെ ജീവനായ ഓമനേ! അന്നു ഞാൻ നിന്നെ കണ്ടു. ആദ്യമായി അന്നു ഞാൻ നിന്നെകണ്ടു.

ഉരുക്കുകല്ലിൽ, മേൽനിറയെ സോപ്പുപതയുമായി നീയിരുന്നിരുന്നു. പതവന്ന സോപ്പു, തിന്നണം. നിന്റെ വാശി. കളിപ്പിയ്ക്കാനെടുത്തുവെച്ച വെള്ളം നിക്കാൽകൊണ്ടു തട്ടിമറിച്ചു. നീ പ്രതിഷേധങ്ങൾ കാട്ടുകയാണു്; അന്നു നിന്നെ സാന്ത്വനിപ്പിയ്ക്കാൻ ചെന്ന എന്നെ നീയടിച്ചു. എന്റെ തങ്കംപോലുള്ള നിന്റെ കൈകൊണ്ടുള്ള അടി. എന്റെ മനസ്സിലെ ഉദ്വേഗരാഗത്തെ പരിഭ്രമഭയമായിരുന്നു, രോമാഞ്ചത്തോടെ. നിന്റെ കുസൃതികൾ, ഞാനത്ഭുതകുതുകത്തോടെ കണ്ടു.

എന്റെ ബിജുമോൻ! നിയമ്പാടിയിലെ ജീവനുള്ള കണ്ണനായി. പതിനായിരക്കണക്കിലുള്ള ഗോപസ്ത്രീകളുടെ മുഴുവൻ സ്നേഹവും എന്നിൽനിന്നും ചുരന്നൊഴുകി: ഞാൻ നിന്നെ പൂജിച്ചു. ഓമനിച്ചു.

ഗർഭപാത്രമില്ലാതെ, പേറുനോവേല്ലാതെ എനിയ്ക്കു കിട്ടിയ നിധി. നിനക്കുവേണ്ടി ഈ വീടൊഴിഞ്ഞു കിടക്കുകയായിരുന്നു. രണ്ടുവർഷങ്ങൾക്കു മുമ്പുതന്നെ. അതേ! ഓമനേ! ഏതാണ്ടു നിന്റെ ജനനത്തോടടുത്തതന്നെ. അതിനുമുമ്പു് എനിയ്ക്കു സ്ഫോർമ്മവെച്ച മുതൽ അതൊരു ചെറിയ

ലോഡ്ജായിരുന്നു. രണ്ടുമുന്നാണ്ണങ്ങൾ താമസിയ്ക്കുന്ന വീടു്: പെൺകുട്ടി വളർന്നു നില്ക്കുന്നു. മുറ്റത്തുനിന്നു നോക്കിയാൽ കാണുന്ന ആ വീടു് ഇനി ആണ്ണ്ടിക്കു തനിച്ചു താമസിയ്ക്കാൻ കൊടുക്കണ്ട. അച്ഛനുറപ്പിച്ചു. എന്റെ കുട്ടി! അങ്ങനെ ഏകാന്തതതാലോലിച്ചുനില്ക്കുന്ന ആ വീട്ടിലേയ്ക്കു നീവന്നു. എനിയ്ക്കു സ്നേഹത്തിന്റെ മഹത്വം കാട്ടിത്തരാൻ; എനിയ്ക്കു ലോകത്തിന്റെ മനോഹാരിതകാട്ടിത്തരാൻ.

നിന്നെപറഞ്ഞുവന്നദിവസംതന്നെ ഞാനറിഞ്ഞു. അമ്മയില്ലാത്തകുട്ടി. നിന്റെ അച്ഛനാശുപത്രിയിൽപോകുന്നതും നിന്റെ അച്ഛനുമുറ്റത്തുടെ നടക്കുന്നതും ഞാൻ കണ്ടു. അങ്ങനെ എന്റെ മകനേ! ഞാൻ നിന്നെയും കണ്ടു. ഒരു നിലാവുപോലെ, ഒരു സുഗന്ധംപോലെ, ഒരുമധുരസ്വപ്നംപോലെ— എനിയ്ക്കറിയില്ല തങ്കം! നിന്നെ വർണ്ണിയ്ക്കാനെനിയ്ക്കറിയില്ല; ആദ്യമായി ഞാൻ കാണുമ്പോൾ കീഴ്ച്ചുണ്ടുനീട്ടി, കുഞ്ഞിക്കാൽ നിലത്തിട്ടടിച്ചു് നീ കരയുകയായിരുന്നല്ലോ

എന്റെ കുട്ടാ! ഇന്നും ഞാനതു കേൾക്കുന്നു. എന്റെ മനസ്സും എന്റെ മോഹങ്ങളും തേങ്ങുകയാണു്. നിന്റെയാ ചുണ്ടുപിളുത്തിയുള്ള, വാശിപിടിച്ചുള്ള കരച്ചിൽ, ഓമനേ! എനിയ്ക്കതൊരു സംഗീതമായിരുന്നു. ഇന്നതൊരു തേങ്ങൽ ഗാനമായി കുട്ടാ. നിന്നെ സ്നേഹിച്ചുപോയ നിന്റെയീ അമ്മയേപ്പോലെത്തന്നെ.

ഓമനേ! നീയെന്നെ നിന്റെ വീട്ടിലെ നിത്യസന്ദർശകയാക്കുകയായിരുന്നു. പിന്നെ ദിവസങ്ങൾ ചെന്നപ്പോൾ നിന്റെ പകലുകളെന്റെ വീട്ടിലായി. രാത്രിയുറങ്ങാൻ കിടക്കുമ്പോൾകൂടി എന്റെ കുട്ടി! നിനക്കെന്തോ കാണണമായിരുന്നു.

"അമ്മേ..." നിന്റെ ഓമനത്തം തുളുമ്പുന്ന ആ വിളിയിൽ ഞാനുരുകുകയായിരുന്നു. മാതൃത്വത്തിലുപരി. നിന്റെ അമ്മയാവണം. നിന്റെ വളർച്ചയുടെ ഓരോ ദിവസങ്ങളുമെനിയ്ക്കു കാണണം. നിറവുള്ളതും നീ ഉപയോഗിയ്ക്കുന്നതും സങ്കല്പിയ്ക്കുക. എന്റെ

ഒരാനന്ദമായിരുന്നു അത്.

അസാധാരണമായ, ദിവ്യമായ മാതൃത്വം. എനിയ്ക്കതിലഭിമാനവും സംതൃപ്തിയുമുണ്ടായിരുന്നു: എന്നിട്ടും കുട്ടി! ഞാൻ കരയുകയായിരുന്നു. നിന്നെ മടിയിലിരുത്തി, നിന്റെ കുരുന്നുകവിളിൽ ചുംബിച്ച് ഞാൻ പലതവണ തേങ്ങിയിരുന്നിട്ടുണ്ട്. കുറച്ചു നാൾ അകന്നുപോയേക്കാവുന്ന നിന്നെയോർത്ത്. ആ വേർപാടിന്റെ അസഹ്യതയോർത്ത്.

അപ്പോഴായിരുന്നു കുട്ടി! നിന്റെ അച്ഛന്റെ പ്രവേശനം. ആരുടേയും സഹതാപം പിടിച്ചുപറ്റാൻ കഴിവുള്ള നിന്റെ അച്ഛൻ. സിഗററ്റു കറപുരളാത്ത ഉത്തമചുണ്ടും നിന്റേതുപോലെത്തന്നെ ഭംഗിയുള്ള മുഖവുമുള്ള നിന്റെ അച്ഛൻ. ഒരു നാൾ കളിപ്പാവയെ മടിയിലിട്ടുറക്കുന്ന നിന്നെനോക്കി, നിറഞ്ഞുവന്ന മിഴിനീർ ഉടച്ച്, തലകുനിച്ചിരിയ്ക്കുന്ന നിന്റെ അച്ഛനെകണ്ടപ്പോൾ, ഞാൻ കരഞ്ഞുപോയി. മോനേ പൊട്ടന്നു തിരിഞ്ഞുപോരാൻ ഇങ്ങിനെ എന്നെ നീയതിനു സമ്മതിച്ചില്ല. നടത്തേണ്ടുന്നാത്ത നീ അമ്മേ... എന്നു വിളിച്ചുകൊണ്ടെന്റെ കാലിൽ കെട്ടിപ്പിടിച്ചു. ഞാൻ നിന്നെ വാരി എടുത്തപ്പോൾ നീ സന്തോഷംകൊണ്ടു ചിരിച്ചു. അപ്പോൾ, നിന്റെ അച്ഛന്റെ കണ്ണുകൾ അസാധാരണമായി തിളങ്ങിയതും, ആ മുഖം പെട്ടെന്നു വിവർണ്ണമായതും ഞാൻ കണ്ടു മോനേ.

"നിന്റെ അമ്മയല്ലോ, മോൻ ചെല്ല്, അച്ഛനിനു വായിയ്ക്കട്ടെ, അന്നു വൈകുന്നേരം നിന്റച്ഛനിനു പറയുന്നതു കേട്ട് ഞാൻ ഞെട്ടി! വർത്തമാനപ്പത്രത്തിലേക്ക് അലക്ഷ്യമായി നോക്കി അദ്ദേഹം മന്ദഹസിയ്ക്കുന്നുണ്ടായിരുന്നു.

എന്റെ കുട്ടി! ആ മന്ദഹാസത്തിന്റെ പ്രകാശം വളരെ വേഗം എന്റെ വീട്ടിലെത്തി. നീ നീ, എന്ന സത്യം സാക്ഷാത്കരിയ്ക്കുന്നു. ഞാനവിടെ തരിച്ചുനിന്നു. കുട്ടി! ഞാനൊരാളും സ്നേഹിച്ചുപോകരുതേ—ആരിലുമൊന്നും നീയെടുത്തുകൊണ്ടുപോകരുതേ, എന്നിലും മാത്രമേ! ഞാനൊന്നും ചിരിച്ചില്ല നിന്റെ അകമ്പടി ഞാനെന്ന കനൃകയിലല്ല ഏതോ അംശമെത്ത മനോവൈചിത്ര്യമായിരുന്നു.

എന്നാലും ഓമനേ! നിന്നെക്കുറിച്ചോർത്തിച്ചുപ്പോൾ ഞാനാ നൊമ്പരം മറന്നു. ഏതോ സ്വപ്നത്തിൽ കണ്ട നിധികളെഞ്ഞുകിട്ടുന്ന പ്രതീതി. എന്റെ വീട്ടിൽനിന്നു കേട്ടതും സന്തോഷത്തിന്റെ ശബ്ദങ്ങളായിരുന്നു. നിന്റെ അച്ഛന്റെ ഉയർന്ന ഉദ്യോഗവും വമ്പിച്ച സ്വത്തുക്കളും കണ്ടെന്റെ വീട്ടുകാരാഹ്ലാദിച്ചു. ഞാൻ പിന്നെ നിന്റെവീട്ടിൽ പോവുന്നതു നിർത്തി. നീ വാശിപിടിച്ചു കരയുമ്പോൾ നിന്റെ അച്ഛനെ നിന്നെ എന്റടുത്തേയ്ക്കുമയച്ചിരുന്നു: എന്റെ മകൻ. ഞാൻ നിന്നെ ആഹ്ലാദത്തോടെ കണ്ടു. നിന്നെ തേച്ചുകുളിപ്പിയ്ക്കുമ്പോഴും, നിനക്കു ചോറു വാരിത്തരുമ്പോഴും, നിന്നെ പാട്ടുപാടി ഉറക്കുമ്പോഴും എന്റെ കുട്ടി! ഞാനമ്മയായിരുന്നു.

ഹോ! എന്റെ കുട്ടി! ഇത്ര ക്രൂരമായ ഒരു ദിവസം ആയുഷ്കാലത്തിലുണ്ടാകരുതെന്ന് ഞാൻ നിനച്ചിരുന്നില്ല. വിധി! ക്രൂരമായ വിധി! വിധിയ്ക്കുന്നോടസൂയയായിരുന്നു. ആ ദുർദ്ദേവത എന്റെ ഹൃദയം പിച്ചിച്ചീന്തി. എന്റെ മനസ്സിനെ ചിതയിലിട്ട

ഓ...എന്റെ ഓമനേ! ഇന്നും ഈ ആത്മാവിൽ നീയുണ്ട്. നിന്റെ കൊഞ്ചലും നിന്റെ പുഞ്ചിരിയും ഞാനിന്നും കാണുന്നു മകനേ. അന്നും ഞാനതു കാണുകയായിരുന്നു. കളിപ്പിച്ചു് ശോപിക്കുറി തൊട്ടുവിച്ചു് മടിയിൽക്കിടത്തി നിദ്രയുടെ ആലസ്യമുള്ള നിന്റെ മുഖത്തു നോക്കി ഞാൻ 'ഓമനത്തിങ്കൾക്കിടാവോ,' പാടുകയായിരുന്നു നീ ഒമ്പാടിക്കണ്ണനായി. ഞാനോ ധന്യയായ യശോദയും

മകനേ! അപ്പോൾ കേൾക്കുന്നതു് എന്റെ ഹൃദയം തകർക്കാനുള്ള വെള്ളിടികളാണെന്നു ഞാനറിഞ്ഞില്ല കുട്ടീ, ആ നിലക്കാർ നിന്റെ പടിയ്ക്കൽ വന്നു നിൽക്കുന്നതും ആരൊക്കെയോ ഇറങ്ങിപ്പോകുന്നതും ഞാൻ കണ്ടു.

നമുക്കു തമ്മിൽ അഗീകാരം തരാനുള്ള തീരുമാനങ്ങൾക്കുവേണ്ടി വന്നവർ. ഞാനതൊന്നും ചിന്തിച്ചതുമില്ല. നിന്റെ അച്ഛൻ വന്നു് എന്റെ മടിയിലുറങ്ങിക്കിടക്കുന്ന നിന്നെ എടുത്തുകൊണ്ടുപോയി. അന്നാദ്യമായി നിന്റെ അച്ഛൻ എന്നതിലും കവിഞ്ഞ ഒരു ബന്ധം ഞാനവരിൽ കണ്ടു.

എന്റെ മനസ്സിലൊരു മരവിപ്പായിരുന്നു. കുട്ടാ! അപ്പോഴൊക്കെ ഉറയ്ക്കാത്ത പാദങ്ങൾ കൊണ്ടു് നടന്നു വന്നു് നീയെനിയ്ക്കു ജീവം തന്നമായിരുന്നു.

എന്റെ ഏറ്റവും വലിയ വിജയം നീയായിരുന്നു. എന്റെ ജീവനിലെ പുതൻ ചൈതന്യം നീയായിരുന്നു. സ്വപ്നത്തിലും ജാഗ്രത്തിലും ഞാൻ നിന്നെ ഓമനിച്ചു. മാറിയിൽ എന്നെ പിരിയുന്ന നിന്നെയോർത്തു് ഞാനസഹ്യയായിരുന്നു. ജീവിതം എന്റെ മുന്നിൽ ഒരെങ്ങി നില്ലുകയായിരുന്നു. ഇലയിട്ടു് സർവ്വവിഭവങ്ങളുമൊരുക്കി. ആത്മാർത്ഥയോടെ എന്റെ നാളുകളതിലേയ്ക്കുടിവെച്ചുക്കുമ്പോൾ വിധിയുടെ കറുത്ത കൈകളവിടെ ഓടിയെത്തി. ആ ഇല പിൻവലിച്ചുമോനേ...

എന്റെ ഹൃദയം തകർന്നു. എന്റെ പ്രപഞ്ചത്തിലെ പ്രകാശകണങ്ങൾ. മക്കളില്ലാത്ത നിന്റെ വലിയച്ഛന്റെ കൂടെ നീ സിംഗപ്പൂരിലേക്കു പോകുന്നു. അതുകേട്ടു ഞാൻ തലതല്ലിച്ചുവന്നിരുന്നു. എനിയ്ക്കാരു പോലും കണ്ണീരില്ലായിരുന്നു.

ഞാനതെങ്ങനെ സഹിച്ചു? എനിയ്ക്കു ശ്വാസം പിടിയ്ക്കാത്തതെന്തേ?...! ചെറിയമ്മയുടെ— രണ്ടാനമ്മയുടെ— കൂടെ കുട്ടിയെ നിത്തരുതു്, നിന്റെ അമ്മയുടെ വീട്ടുകാരുടെ നിർബ്ബന്ധം. നിന്റെ അച്ഛന്റെ വീട്ടുകാരുടെ യോജിയ്ക്കൽ. നിന്റെ അച്ഛനും അച്ഛമ്മയും അവർ നിനക്കുവേണ്ടി ഒരു സ്വർഗ്ഗം തിരഞ്ഞെടുത്തു. വമ്പിച്ച സ്വത്തുക്കളുള്ള മക്കളില്ലാത്ത നിന്റെ വലിയച്ഛൻ. നിനക്കുമില്ലാത്തതു മുഴുവൻ നിനക്കായിക്കുന്ന നിന്റെ വലിയച്ഛനും വലിയമ്മയും.

ആ കാറിൽ നിന്നവരിറങ്ങുവോഴും എന്റെ തങ്കം! നീയെന്റെ മടിയിലായിരുന്നല്ലോ.

ഞാൻ രണ്ടാനമ്മ! നിന്നെ ദ്രോഹിയ്ക്കാനൊരുമ്പെട്ട പുതന. ചുറ്റുമൊരുങ്ങിയ തക്കംനോക്കി. എന്റെ കുട്ടി! നിന്റെ ഈ അമ്മയെ അങ്ങനെ കണ്ട കണ്ണുകളുടെ പ്രകാശം പൊട്ടുന്ന മങ്ങാത്തതെന്തേ നോനേ?

ഒരു പരീക്ഷണഘട്ടം. കെട്ടിപ്പിടിച്ചെടുത്ത സാമ്രാജ്യം അപഹരിയ്ക്കപ്പെടുന്നതും നോക്കി നില്ലുന്ന ബന്ധുതരായ മനുഷ്യന്റെ നിസ്സഹായതയോടെ ഞാനും കണ്ടു.

ആ കാറിന്റെ ഡ്രൈവിംഗ് സീറ്റിൽ മക്കളില്ലാത്ത ആ ദമ്പതികളുടെ നടുവിൽ നീയിരിയ്ക്കുന്നു. എനിയ്ക്കുള്ള മന്ത്രമൊന്നും നിനച്ചു കൊണ്ടെന്റെ മകനെ നീയോടിപ്പോയി.

ഉത്സവത്തിനൊരുങ്ങി നില്ലുന്ന അമ്പലം. പഞ്ചവാദ്യങ്ങളും നിറപറകളും ആയ ഭക്തിനിർഭരിതകളും അന്തരീക്ഷം പ്രശോഭിതമാക്കുമ്പോൾ പെട്ടെന്നൊരഗ്നിബാധയിൽ ശ്രീലകം കത്തിപ്പോയി.

ഇനിയും ഉത്സവമോ?...!

വയ്യ...വയ്യ... നീയെന്റെ മുന്നിൽ പതിയ്ക്കുന്ന ഈ നിത്യമായ അഭാവവാസിയെ ഞാനെന്നുമുമായി വാരിപ്പുണരട്ടെ!

...o...

(തുടർച്ച)

ഋഗ്വേദം എഴുതിയ കവി (കവികൾ) ജീവിതത്തെപ്പറ്റി അന്വേഷിച്ച ദുഃഖിച്ചവരാണെന്നു് ഞാൻ കരുതുന്നു. അതിൽ ഹിരണ്യഗർഭം എന്നൊരു വാക്കുണ്ടു്. സ്വർണ്ണംകൊണ്ടുള്ള അണ്ഡം എന്നാണിതിനർത്ഥം. പ്രപഞ്ചസൃഷ്ടിയെ സംബന്ധിച്ചു് സ്വതന്ത്രരീതിയിൽ അസ്വാസ്ഥ്യപ്പെട്ട ആര്യപുരാതനന്മാരുടെ ഹൃദയവ്യഥയാണു് ഞാൻ ഈ ഹിരണ്യഗർഭശബ്ദത്തിൽ കാണുന്നതു്. പ്രപഞ്ചസൃഷ്ടിയുടെ രഹസ്യത്തിലേക്കു് അവർ അന്വേഷിച്ചെത്തുകയായിരുന്നു. ഋഗ്വേദത്തിലെ പത്താം മണ്ഡലത്തിലെവിടെയോ ആണു് ഈ വാക്കു് അതെഴുതിയ കവി ഉപയോഗിച്ചിട്ടുള്ളതു്. എന്നുവച്ചാൽ ആര്യപുരാതന്മാർ സൃഷ്ടിയുടെ ഉറവിടത്തെപ്പറ്റി മനപ്രയാസത്തോടെ ചിന്തിച്ചിരുന്നു; അതെന്തെന്നു് കണ്ടെത്താൻ ആഗ്രഹിച്ചിരുന്നു.

കാലം പിന്നെയും കടന്നുപോയപ്പോൾ ജീവിതത്തേയും മരണത്തേയും, ജീവിതത്തിന്റെ വലിപ്പത്തേയും മരണത്തിന്റെ നിസ്സാരതയേയും കുറിച്ചു് അവർ ചിന്തിച്ചു എന്നാണു് എനിക്കു തോന്നിയിട്ടുള്ളതു്. ആത്മനിഷ്ഠത, വസ്തുനിഷ്ഠത എന്നീ രണ്ടു ഇനങ്ങളെപ്പറ്റി തത്വജ്ഞാനികളും സാഹിത്യകാരന്മാരും പറയാറുണ്ടല്ലോ. ഇതു രണ്ടും രണ്ടാക്കി പറയുന്നവർ പ്രപഞ്ചത്തിന്റെ അല്ല ഈ ഭൂതലത്തിന്റെ പോലും അന്തർഹിത സത്യങ്ങളെക്കുറിച്ചു നേർവഴിയിലാലോചിക്കാൻ മിനക്കെട്ടിട്ടില്ലെന്നാണു് പലപ്പോഴും തോന്നിപ്പോകുന്നതു്. ജീവിതപുസ്തകത്തിൽ ഭൗതിക അദ്ധ്യായം എന്നും ആത്മീയാദ്ധ്യായം എന്നും രണ്ടിനത്തിൽപ്പെട്ട വിഷമങ്ങളോ വിചാരങ്ങളോ എഴുതിവയ്ക്കാൻ ആർക്കെങ്കിലും കഴിഞ്ഞിട്ടുണ്ടോ? യാജ്ഞവല്ക്യനുപോലും ആരെങ്കിലും ജീവിതത്തിലേക്കു് ആഴത്തിൽ ഇറങ്ങിച്ചെന്നിട്ടുണ്ടെങ്കിൽ ആ മനുഷ്യനുപോലും അതു കഴിഞ്ഞിട്ടുണ്ടോ? വേണ്ട, ഫ്രാൻസ്വാ കാഫ്കയ്ക്കും അൽബേർട്ടു് കാമുവിനും എം. ടി. വാസുദേവൻനായർക്കും കാക്കനാടനും എം. മുകുന്ദനും അതു കഴിഞ്ഞിട്ടുണ്ടോ? ആധിഭൗതികമെന്നും ആധ്യാത്മികമെന്നും പറയുന്നതു് ബുദ്ധിയുടെ പ്രചാരണമാർഗ്ഗത്തിൽകൂടി എത്തിപ്പിടിച്ച വ്യതിരേകങ്ങൾ മാത്രമാണു്. അതുണ്ടായതു് ഗണഗോത്ര വ്യവസ്ഥ തകർന്ന ഒരു കാലഘട്ടത്തിലാണു്. സ്വന്തം സുരക്ഷിതത്വത്തെ സംബന്ധിച്ചിടത്തോളം താൻ നിസ്സഹായനായ ഒരു കാലഘട്ടത്തിൽ, അന്നത്തെ ബുദ്ധിമാന്മാർ ജീവിതത്തെ സംബന്ധിച്ചു ഉണ്ടാക്കിയ ഒരു സാന്ത്വനവാദമാണു് ആദ്ധ്യാത്മികവാദം.



ആത്മിക വാദത്തിന്റെ പുതിയ പതിപ്പല്ലേ മരണത്തെപ്പറ്റിയുള്ള അർത്ഥശൂന്യമായ ആധുനിക വിലാപം?

ഒരു വ്യവസ്ഥിതി പുഴുക്കുത്തുവീണു്, പുണ്യനാശം ഭവിച്ചു്, പുരാതനമഹിമയുടെ തറവാട്ടിലേക്കു് തകർന്നുവീഴുമ്പോൾ കരയാൻ കൊതിക്കുന്നവർ പണ്ടുമുണ്ടായിട്ടുണ്ടു്. അതിന്നവർ ധാരാളം വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ടു്—സ്വന്തം കരച്ചിലിനുള്ള വ്യാഖ്യാനങ്ങൾ. ഭാരതത്തിൽ ജീവിതത്തേയും മരണത്തേയും കുറിച്ചു ചിന്തിച്ച വൈദികകാല മഹാമതികൾ അങ്ങനെ കരയാൻ തയ്യാറായിട്ടില്ലെന്നു്, സമചിത്തതയോടുകൂടിത്തന്നെയു്, താല്ക്കാലിക സ്വന്തം ഭാര്യയുടെയുള്ള ബാഹ്യലോകത്തേയും കുറിച്ചു് അഗാധമായി ചിന്തിച്ചിട്ടുണ്ടെന്നു് ആര്യസംസ്കാര പഠനത്തിൽ കൂടി എനിക്കു തോന്നിയിട്ടുണ്ടു്. അതിനു് ഏറ്റവും നല്ല ഒരു ഉദാഹരണം ചുവടെ ചേർക്കട്ടെ.

യാജ്ഞവല്ക്യനാണു വേദോപനിഷത്തുകളിൽ കാണുന്ന ഏറ്റവും വലിയ ജ്ഞാനോപാസകൻ. അദ്ദേഹം വ്യക്തിയേയും സമൂഹത്തേയും അത്ഭുതജ്ഞാനങ്ങൾകൊണ്ടു മാത്രമല്ല ധർമ്മകാമങ്ങൾ വച്ചുകൊണ്ടും കൂടി കണ്ടെത്തുവാൻ ശ്രമിച്ചു എന്നതിനു് തെളിവായി ബൃഹദാരണ്യകോപനിഷത്തിൽനിന്നു് ഈ കഥ എടുത്തു പറഞ്ഞാൽ മതി; അതു് ഇങ്ങനെയാണു്.

അസ്തിത്വത്തിന്റെ ദുഃഖം പണ്ടും ഇന്നും

യാജ്ഞവല്ക്യനു് രണ്ടു ഭാര്യമാരുണ്ടായിരുന്നു. മൈത്രേയിയും കാത്യായനിയും. മൈത്രേയിക്കു് പ്രപഞ്ചതത്ത്വങ്ങളെപ്പറ്റി കുറെയൊക്കെ അറിവുണ്ടായിരുന്നു. പക്ഷേ, കാത്യായനിക്കു് ഒരു സാധാരണ സ്ത്രീയുടെ അറിവേ ഉണ്ടായിരുന്നുള്ളൂ. യാജ്ഞവല്ക്യൻ ഭൂമിയിലെ സത്യങ്ങളും അയഥാർത്ഥങ്ങളും അന്വേഷിച്ചിറങ്ങിത്തിരിച്ചപ്പോൾ മൈത്രേയിയോടു് താഴെ കാണുന്ന ഒരു സംഭാഷണം നടത്തി:

"മൈത്രേയീ, ഞാൻ ഈ വീടുവിട്ടുപോകുന്നു. ഞാൻ നിന്നെയും കാത്യായനിയേയും സംബന്ധിച്ചു് ഒരു തീരുമാനം ചെയ്തിട്ടു പോകട്ടെ."

മൈത്രേയി ചോദിച്ചു. "നാഥാ, ഞാൻ ഈ ഭൂമിയും അതിലെ മുഴുവൻ സമ്പത്തും സ്വന്തമാക്കിയാൽ അനശ്വരയാകുമോ?"

"ഇല്ല. യാജ്ഞവല്ക്യൻ മറുപടി പറഞ്ഞു. അപ്പോൾ നിന്റെ ജീവിതം സമ്പന്നരുടെ ജീവിതമായിരിക്കുമെന്നല്ലാതെ അനശ്വരതയുള്ള മാർഗ്ഗങ്ങളൊന്നും അടഞ്ഞിരിക്കില്ല."

അതുകേട്ടു മൈത്രേയി ഇങ്ങനെ പറഞ്ഞു: "അപ്പോൾ എനിക്കു് അനശ്വരത നൽകാത്ത സാധനങ്ങൾകൊണ്ടു് എന്തു പ്രയോജനം? എങ്കിൽ നാഥാ, അങ്ങയുടെ അറിവു് എനിക്കു പകർന്നുതരിക."

"പ്രിയതമേ—" അദ്ദേഹം മറുപടി നൽകി. "നീ യഥാർത്ഥത്തിൽ എനിക്കു പ്രിയപ്പെട്ടവളാണു്. ഇപ്പോൾ നീ കൂടുതൽ പ്രിയപ്പെട്ടവളായിരിക്കുന്നു അതുകൊണ്ടു് നിനക്കിഷ്ടമെങ്കിൽ ഞാനുപദേശിക്കാം. ശ്രദ്ധിച്ചുകേൾക്കുക. ഒരു ഭർത്താവു് പ്രിയപ്പെട്ടവനാകുന്നതു് ഭർത്താവിനോടുള്ള സ്നേഹംകൊണ്ടല്ല, അയാൾ പ്രിയപ്പെട്ടവനാകുന്നതു് തന്നോടുള്ള സ്നേഹംകൊണ്ടാണു്. അതുപോലെ ഭാര്യ, മക്കൾ, സമ്പത്തു്, കന്നുകാലികൾ, പുരോഹിതന്മാർ യോദ്ധാക്കൾ, ലോകങ്ങൾ, ദൈവങ്ങൾ, വേദങ്ങൾ എല്ലാമെല്ലാം—ഇവയിലൊന്നും തന്നെ സ്വന്തം നിലക്കു് പ്രിയപ്പെട്ടതായല്ല; പക്ഷേ, ഇവയെല്ലാം ആത്മപ്രിയനായുടെ (അവനവനെക്കുറിച്ചുള്ള സ്നേഹത്തിന്റെ) അടിസ്ഥാനത്തിൽ പ്രിയപ്പെട്ടതായിത്തീരുന്നു.

"മൈത്രേയീ, നിനക്കു് സ്വന്തം സത്യത്തെ സത്യസന്ധമായും കാണാൻ കഴിയും. കേൾക്കാൻ കഴിയും. സ്പർശിച്ചറിയാനും കഴിയും അങ്ങനെ നീ കാണുകയും കേൾക്കുകയും സ്പർശിച്ചറിയുകയും സ്വന്തം സത്യത്തെ മനസ്സിലാക്കുകയും ചെയ്യുമ്പോൾ നീ എല്ലാത്തിനേയും മനസ്സിലാക്കുന്നു."

ഇതുമാത്രമല്ല യാജ്ഞവല്ക്യൻ സ്വന്തം കുടുംബത്തിൽനിന്നു് ഇറങ്ങിപ്പോയെന്നാണു് ഉപനിഷത്തിൽ പറയുന്നതു്. (ഇതുമാത്രമല്ല അദ്ദേഹം പറഞ്ഞതു്. ആത്മനിഷ്ഠതയെക്കുറിച്ചു് വീണ്ടും ഉറപ്പിക്കത്തക്ക കൂടുതൽ കാര്യങ്ങൾ പറഞ്ഞതു് ഇവിടെ എടുത്തെഴുതേണ്ടതാവശ്യമില്ല ...)

ഈ യാജ്ഞവല്ക്യകഥയിൽകൂടി ഞാൻ

കാണുന്ന ചില കാര്യങ്ങളുണ്ട്. ജീവിതത്തെ രണ്ടുതരത്തിൽ കാണാൻ സാധ്യമല്ല എന്നതാണ് ആ വേദകാലാചാര്യൻ സമർത്ഥിച്ചുവച്ചിരിക്കുന്നത്. എല്ലാ വസ്തുക്കൾക്കും ഒരോറ്റ കാഴ്ചപ്പാടേയുള്ളൂ—വ്യക്തിയുടെ സ്വന്തം കാഴ്ചപ്പാട്. ഭാര്യ ഭർത്താവിനെ സ്നേഹിക്കാൻ തയ്യാറായാൽ അവിടെ ഭർത്താവുണ്ടാവുന്നു: അവൾ ധനത്തെ സ്നേഹിക്കാൻ തയ്യാറായാൽ ധനം എന്നതു് പ്രധാനമാവുകയും ഭർത്താവ് എന്നുള്ളതു് പിന്നിലുള്ളതുമായിത്തീരുകയും ചെയ്യുന്നു എന്നതിൽ സത്യമില്ലേ? ഉണ്ടു്:

അടുത്തകാര്യം: ജീവിതത്തിലെ ഏതു കാര്യത്തെ സംബന്ധിച്ചും ഇതു സത്യമാണെന്നു് മനസ്സിലാക്കാൻ വലിയ പ്രയാസംവേണ്ടിവരികയില്ല. ജീവിതമാണോ മരണമാണോ യാഥാർത്ഥ്യമെന്നുള്ളതു് ആത്മനിഷ്ഠമായ വികാരങ്ങളുടെ അടിസ്ഥാനത്തിൽ യാജ്ഞവല്ക്യോപകഥ നമുക്കു പറഞ്ഞുതരുന്നുണ്ടു.

GET YOURSELF

PROPERLY TRAINED AT NINANS IN AN ENGINEERING COURSE OF YOUR CHOICE AND SHAPE YOUR CAREER THE WAY YOU WOULD LIKE IT TO BE. ADMISSIONS OPEN. S. S. L. C.'s (failed) AND ABOVE (Boys & Girls) MAY APPLY. FEE CONCESSIONS, STIPENDS, SCHOLARSHIPS etc. AVAILABLE.

PROSPECTUS, APPLICATION FORM AND TECHNICAL TRAINING GUIDE AGAINST Rs 2/- IN PERSON OR Rs. 2/75 MONEY ORDER BY POST.

Principal,
NINANS TECHNICAL COLLEGE
KOTTAYAM-1.

(Phones: 2373 & 4228)
(Permanently Recognised by Govt:)

ഞാൻ പറഞ്ഞുതുടങ്ങിയിടത്തേക്കു് തിരിച്ചുപോകട്ടെ. ഭാരതീയ വേദങ്ങളോ ഉപനിഷത്സംഹിതകളോ ദർശനങ്ങളോ ജീവിതത്തെ നിഷേധിച്ചിട്ടില്ല. മരണത്തെ ചുംബിക്കാൻ അതിമോഹം കാട്ടിയിട്ടില്ല. കഴിയുംവിധം അതാതു കാലഘട്ടത്തിലെ പ്രാപ്തിക്കൊത്തവിധം ജീവിതത്തിന്റെ നാനാമുഖങ്ങളെക്കുറിച്ചു് അന്വേഷിക്കാൻ തപസ്സുചെയ്തിട്ടേയുള്ളൂ. തപസ്സു് എന്നു് വച്ചാൽ ഒറ്റക്കാലിന്മേൽ കൈകളും കൂപ്പി ഊർദ്ധ്വശ്വാസിയായി നില്ക്കുക എന്നല്ല അർത്ഥം. താപമനുഭവിക്കുക. എന്നുവച്ചാൽ അന്വേഷണത്തിന്റെ ചൂടനിറഞ്ഞ മനസ്സുമായി പഠിക്കുക, അറിയുക എന്നാണർത്ഥം.

മനുഷ്യൻ തന്നിലേക്കു് ഒതുങ്ങുന്നതു്, സമൂഹത്തിലേക്കു് വളരാൻ കഴിയാത്തപ്പോഴാണു്: അതിനുള്ള കാരണമോ, സമൂഹംതന്നെയാണതാനും. അതാണു്, ആദ്യം ഞാൻ പറഞ്ഞതു്. യാജ്ഞവൽക്യനെ ഒന്നുകൂടി ഓർമ്മിക്കുക. വ്യക്തിക്കു് ശരിയായ കാഴ്ചപ്പാടുണ്ടായാൽ, മറ്റുള്ളവർ യാഥാർത്ഥ്യങ്ങളായിത്തീരുന്നു. മറ്റുള്ളവയിലെ നന്മയും തിന്മയും വേർതിരിച്ചറിയാൻ കഴിയുന്നു.

വ്യക്തിക്കു് ആ അന്തസ്സത്ത നഷ്ടപ്പെടുമ്പോഴാണു്, ആ കാഴ്ചപ്പാടിനുള്ള കഴിവു് കൈനഷ്ടപ്പെടുമ്പോഴാണു്, തന്നിലേയ്ക്കൊതുങ്ങാൻ തോന്നുന്നതു്.

തന്നിലേക്കൊതുങ്ങിയാൽ, പിന്നെ മരണം മാത്രമല്ല, അതിനുള്ള പുറത്തേയുള്ള കാര്യങ്ങളെക്കുറിച്ചും ആലോചിച്ചുപോകും. അതാണു്, മാർക്സിന്റെ ഭാഷയിൽ ആശയവാദം. യാഥാർത്ഥ്യങ്ങളെപ്പോലും പുകപോലെയാക്കിമാറ്റുന്ന വാദം:

സമൂഹമാണു് ഇതിനുള്ള കളമൊരുക്കുന്നതു്, അക്കാര്യം അല്പം വിശദമായിത്തന്നെ പറയട്ടെ.

അപ്പോൾ അല്പനേരത്തേയ്ക്കു് കാൾമാർക്സ് ചിന്തിച്ചതിനു പിറകേ ഞാൻ ചിന്തിക്കേണ്ടിയിരിക്കുന്നു. ആശയങ്ങൾ സൃഷ്ടിക്കുന്നതിനു മനുഷ്യന്റെ ബോധമനസ്സു് പക്ഷെ ആശയങ്ങളുടെ അടിസ്ഥാനം ജീവിതമല്ലേ? ജീവിതത്തിന്റെ അടിസ്ഥാനം ഒറ്റപ്പെട്ട മനുഷ്യനല്ല. സമൂഹമാണു്. എന്നുവെച്ചാൽ ഒരുമിച്ചുകൂടി ജീവിക്കുന്ന മനുഷ്യരുടെ സംഘമാണു്. അവരുടെയിടയിൽ ഉണ്ടാകുന്ന സ്നേഹങ്ങളും സ്നേഹരാഹിത്യങ്ങളും, മോഹങ്ങളും മോഹഭംഗങ്ങളും, താല്പര്യങ്ങളും താല്പര്യവൈരുദ്ധ്യങ്ങളും, വ്യക്തികളുടെ മനസ്സിൽ പ്രതിഫലിക്കുന്നു. അതിൽനിന്നും ആശയങ്ങൾ ഉണ്ടാകുന്നു. അതിൽനിന്നും ആദർശങ്ങൾ ഉണ്ടാകുന്നു. അതിൽനിന്നും മനുഷ്യചിന്തയ്ക്കു് ഒരു ശൈലി ഉണ്ടാകുന്നു: അതിൽനിന്നും മോഹങ്ങളും മോഹഭംഗങ്ങളും ഉണ്ടാകുന്നു.

സമൂഹം സ്വന്തം താല്പര്യങ്ങളുടെ പേരിൽ മിന്നിക്കുമ്പോൾ, പരസ്പരം മത്സരിക്കുമ്പോൾ, ആ താല്പര്യങ്ങൾ, മത്സരങ്ങൾ, മനുഷ്യമനസ്സിൽ വിത്തിൽനിന്നു് നാമ്പു് മുളക്കുന്നതുപോലെ ഉദിച്ചുവരുന്നു. അവിടെയാണു് സകല ചിന്തയുടേയും, സകല ആശയങ്ങളുടേയും സകല ആദർശങ്ങളുടെയും ആവിർഭാവം കിടക്കുന്നതു്.

ഭാരതത്തിലെ ഗണഗോത്രവ്യവസ്ഥ തകരുകയും സമൂഹം സ്പഷ്ടമായ താല്പര്യസംഘട്ടനങ്ങളിലേയ്ക്കു് വളരുകയും ചെയ്തപ്പോഴാണു്, ഇവിടെ മായാവാദം (അസ്പഷ്ടവും അയഥാർത്ഥവുമായ ആശയവാദം) ഉദയം ചെയ്തതു്. ഇന്ത്യൻ സാമൂഹ്യവ്യവസ്ഥയിൽ അന്നുണ്ടായ വൈരുദ്ധ്യങ്ങൾ ഉല്പാദനത്തേയും, വിതരണത്തേയും സംബന്ധിച്ചുള്ളതായിരുന്നു. അതു് ഞാനിവിടെ വിശദീകരിക്കുന്നില്ല: ഗണഗോത്രവ്യവസ്ഥ തകരുകയും, സമൂഹം പടുകൾകടന്നു് ചാതുർവർണ്ണ്യത്തിന്റെ മഹോന്നത സന്തതിയായ ഫ്യൂഡലിസത്തിലേയ്ക്കു് നടന്നുകയറുകയും ചെയ്ത കഥ ഞാൻ ചരിത്രവിദ്യാർത്ഥികൾക്കു വിടുന്നു.

ആ വൈരുദ്ധ്യം ഇന്നും നിലനില്ക്കുന്നു. ആഹാരമാണു് ബ്രഹ്മം. ജീവിതം ബ്രഹ്മമാണു്. ആഹാരമില്ലെങ്കിൽ ജീവിതം ഉണങ്ങിവരണ്ടുപോകുന്നു: ആഹാരവും ബ്രഹ്മവും ഒന്നിച്ചുചേരുമ്പോൾ അവ രണ്ടും പരമസ്ഥാനത്തെ പ്രാപിക്കുന്നു. (ബ്രഹദാരണ്യക-) വേദങ്ങളുടെ ശിരസ്സായ ഉപനിഷത്തുകൾപോലും ഇങ്ങനെ ഉൽഘോഷിച്ച നാട്ടിൽ ഭൂമിയും സ്വത്തുക്കളും അതിനൊപ്പിച്ചു മനുഷ്യർ വീതംവച്ചു മാറുകയും, പരസ്പരം പടവെട്ടുകയും ചെയ്ത കഥ ഇരുപതാംനൂറാണ്ടിന്റെ മുതൽപകുതി കടന്നുനില്ക്കുന്ന ഈ കാലഘട്ടത്തിലും സത്യമായി അവശേഷിക്കുന്നു. (തുടരും)

കഥ

അയാൾക്കു് മുമ്പിൽ വാതിൽപാളികൾ നിശബ്ദം തുറന്നതും, മറന്നിന്റെയോ തുടക്കം കുറിച്ചുകൊണ്ടുവന്ന അവളുടെ തേങ്ങലിലെ ആദ്യവസാനൊമ്പരം മനസ്സിലേക്കാവാഹിച്ചുകൊണ്ടതും ഒപ്പമായിരുന്നു. മരുന്നേത്ത തേങ്ങലായി അവളുന്ന ദുഃഖം, അയാളുടെ ബോധാവബോധങ്ങളിൽ പടർന്നുകിടന്നിരുന്നു: പ്രത്യാഗമനം കാത്തുനിന്നിട്ടെന്നപോലെ വാതിൽപാളികൾ അവൾ—

പൊട്ടുന്നനെയായിരുന്നു, ആദ്യം മുർത്ത ഇടിപ്പായി. പിന്നെ രാത്രിയുടെ മരവിപ്പിനു് ഏകാന്തതയിലേക്കുതിരുന്ന നുറു



ശാരി

ശീതിപോലെ ഭൂമിയുടെ വരണ്ട പ്രതലങ്ങളെ ലഹരിപിടിപ്പിക്കാൻ മഞ്ഞുതിർന്നു. വാതിൽപ്പാളികൾ ചാരി നോക്കിനിന്നിരുന്ന രൂപൺകൂട്ടിയെ പിന്നിലാക്കി അയാൾ—

"നോക്കൂ. വയലിന്റെ പച്ചപ്പിനുമുകളിൽ മഞ്ഞുതുള്ളികളുടെ സംഗീതം, കേൾക്കാനെന്തുരസം....."

വീണ്ടും, കണ്ണുകളിൽ കനത്തേക്ഷത്തിന്റെ തിരിയുമ്പു് നനച്ചുകൊണ്ടുതാനവൾ മറന്നുപോയിരുന്ന അവളുടെ കൺതടങ്ങളിൽനിന്നും അവളുടെ മനസ്സിന്റെ അഗാധതയിലേക്കിറങ്ങിയ കണ്ണീർ, അയാളുടെ കരയിപ്പിക്കാൻ പോന്നതായിരുന്നു.

"നിനക്കെന്നോടൊപ്പം സന്തോഷിക്കാൻ വയ്യന്നാ? ഒരു മനുഷ്യൻ ഓർമ്മിച്ചിരുന്നു കരയുന്നതു മനസ്സിലിട്ട് താലോലിക്കാം ഇപ്പോൾ ഞാനിരിക്കുന്നതുവെന്നു—..."

വാക്കുകൾക്ക് പൂർണ്ണവിരാമമിട്ടും മുമ്പേ അവളയാളുടെ വാ പൊത്തി.

"നിത്തു—ഇതു സഹിക്കാൻ വയ്യ..."

"പറയൂ മോളേ. ഞാൻ വേദനിക്കുന്നതാണു് നിനക്കു് സന്തോഷിക്കാൻ യുഗങ്ങളോളം നിനക്കുവേണ്ടി ഞാൻ വേദനിച്ചുകഴിയാം. എന്റെ കണ്ണീരിലാണു് നിന്റെ ആഹ്ലാദത്തിന്റെ പൂർണ്ണതയെങ്കിൽ നിനക്കുവേണ്ടി ഞാൻ കരയാം..."

വിസ്മയവും, ദുഃഖവും തിളക്കം നഷ്ടപ്പെടുത്തിയ അവളുടെ കണ്ണുകളിലെ ഈറനണിക്കാനായിട്ടയാൾ തുടർന്നു.

"എനിക്കിത്തിരി സന്തോഷിക്കാൻ മാത്രമായി നിനക്കൊന്നും തരാനില്ലെങ്കിൽ വേണ്ട. നീയെന്നെ കരയിപ്പിക്കാതിരിക്കൂ..."

അവൾ, ഒരു നിശ്ചലാവസ്ഥയിലെ പിടിവള്ളികളില്ലാത്ത ദൗർബ്ബല്യത്തിൽപ്പെട്ടു. വർഷകാല കൗതുകങ്ങളിൽ ഇണയോടൊത്തിരുന്നു് വർഷമേഘദുഃഖം പങ്കിട്ടുകൊണ്ടിരുന്ന പക്ഷികളുടെ നേർത്തുയർന്ന ചിറകടി, അവളുടെ മൗനത്തിന്റെ തീവ്രതയിലെ ആർദ്രതയെന്ന വികാരത്തെ തൊട്ടുണർത്തി.

മഴക്കാലം തുടങ്ങിയിട്ടും പുതുക്കി മേഞ്ഞിട്ടില്ലാത്ത വീടിന്റെ നനച്ചുകുതിർന്നുമരുകൾ സമ്മാനിച്ച അസ്വാതന്ത്ര്യത്തിൽ കുരുങ്ങി. ദുഃസ്വപ്നത്തിലെന്നും ഉണർന്നുകിടക്കുന്നതുപോലെ ശ്രവിക്കപ്പെട്ടുപായത്തിൽ അവൾ ശുഷ്കാന്തിയോടെ മുറിയിൽമുമരിന്നോരം ചാരിയുറങ്ങുന്ന, അവളുടെയുത്തമന്റെ മാദ്ധ്യാഹ്നങ്ങളുടെ പ്രതിപ്പു് അപഹരിച്ചെടുത്ത, ദൗർബ്ബല്യത്തെ, അവൾ വെറുത്തിരുന്നു.

ഉടൻ, കാർമേൽക്കുന്നുകളുടെ താഴ്വാരങ്ങളിൽനിന്നും മഞ്ഞുകാറ്റുണർത്തിയ കളിരയവിറക്കി നിൽക്കെ അമ്പരപ്പിനു് മീതെ മറ്റൊരമ്പരപ്പു് കൂടി സൃഷ്ടിക്കാൻ, അവളുടെ നനുത്ത ചുമലിലയാളുടെ മുഖം അമർന്നു.

"എന്റെ ചിറകുകളുടെ ചൂടിൽ നിനക്കെന്നും സുരക്ഷിതത്വം നൽകാം. നിനക്കിഷ്ടമില്ലെങ്കിൽ, നിന്റെ ശരീരത്തെ സ്പർശിക്കാതെ, നിന്റെ നിശ്വാസങ്ങളിലെ ഊഷ്മാവുപോലും വീതിച്ചെടുക്കാതെ നിന്റെ മനസ്സിൽ തലോടി ഞാനുറക്കാം. കുട്ടീ ... ഒരു നൂറ്റാണ്ടൊന്നും ആക്കാം കാത്തിരിക്കാനാവില്ലല്ലോ..."

നിമിഷങ്ങളുടെ ഗ്രഹണങ്ങളിൽ, ജീവിക്കുന്ന അയാളുടെ ശബ്ദം, ഒരു തേങ്ങലിന്റെ തുമ്പിൽ അധീശത്വമേറ്റു് കിടക്കുന്നുവെന്നു് തോന്നിച്ചു. മഞ്ഞളിപ്പു് വീണ അവളുടെ കണ്ണിൽ വന്യഭീതി പടർന്നു കിടന്നിരുന്നു.

"എന്റെ ദുഃഖം വിലയ്ക്കെടുക്കാൻ നിങ്ങൾക്കാവുമോ?..."

പൊടുന്നനെ, കൺമുമ്പിൽ ചിതറിവീണ കൊട്ടപിണഞ്ഞ തുലിഴകൾപോലെ, അവളുടെ ചോദ്യത്തിലെ, ബാലിശത്വം ചിതറുന്ന കൗതുകമയാളെ വേദനിപ്പിച്ചു. അവളുടെ ദുഃഖം ... അയാൾക്കു് കരയാനോ ചിരിക്കാനോ വയ്യായിരുന്നു. അപ്പോൾ.

ഏറ്റവും ഔപചാരികമായ ഒരു മറുപടിക്കായിട്ടവൾ കാത്തു് നില്പു.

നിശബ്ദം, അയാൾ വാതിൽ ചാരി പുറത്തുകടക്കാൻ ഭാവിക്കെ, അവളയാളുടെ തണുത്തുറഞ്ഞ വിരൽത്തുമ്പിൽ തൊട്ടു.

"എന്നെത്തിരക്കി ഇനിയൊരിക്കലും വരാതിരിക്കൂ..." എന്ന പറയണമെന്നവൾക്കു് തോന്നി. ആ വാക്കുകൾ അയാളിലുണർത്തിയേക്കാവുന്ന ആഘാതത്തിലെ നിഷ്ഠുരത അവളെ തളർത്തിയിരുന്നു.

പുറത്തെ ഇരുട്ടിൽ മഞ്ഞുതുള്ളികൾ ഒരിരമ്പലായി, സീൽക്കാരമായി പെയ്തു. പൊടുന്നനെ ഉള്ളിലുപതരിച്ച അനന്തതാപത്തോടെ അവളകത്തേക്കു് കടന്നു. വാതിൽക്കൽ, ഒരു പ്രത്യായനം പോലെ പ്രതികാരംപോലെ കുതിർന്ന നിഴൽമുഖം —

ഇരുട്ടിന്റെ ഭീകരതയിൽ സുവർണ്ണമുനയായി തിളങ്ങുന്ന, ജീർണ്ണമുഖത്തിലെ ... ഉഷ്ണം പ്രസരിക്കുന്ന നോട്ടം ...അവളെ നടുക്കിക്കളഞ്ഞു.

നനഞ്ഞുകുതിർന്ന ഇരുട്ടിൽ, പുറത്തെ വരാന്തയിൽ ഒരു തേങ്ങലായി; പിന്നെ നിശ്ശബ്ദതയിൽ കുരുങ്ങിപ്പിടയുന്ന ഒരു രോദനമായി മരവിച്ചു നിന്ന ദുഃഖത്തെ അതു് ജീവിപ്പിച്ചു്, വാതിൽ കൊട്ടിയടച്ചു. നിഴലിനോടെപ്പോം നടന്നുചെന്നു് അവൾ കട്ടിലിൽ വീണു തേങ്ങി.

പിന്നെ നിഴലിന്നഭിമുഖമായി കിടന്നു് അവൾ മന്ത്രിച്ചു.

"ജീവിതത്തിലാദ്യമായി മുരളീലോലനായ നിന്നെ നിന്റെ മനസ്സിനെ വേദനിപ്പിക്കേണ്ടിവന്നതിന്റെപേരിൽ ആത്മസുഹൃത്തെ ഞാനഗാധമായി ദുഃഖിക്കുന്നു."

ആ അഭിസംബോധനയിൽ നിഴൽ അനേകം നിഴൽച്ഛായയായി", അവളെ വരിഞ്ഞുമുറുക്കി.

മഞ്ഞിന്റെ വിലോലലയങ്ങൾക്കപ്പുറത്തുനിന്നും അരിച്ചെത്തുന്ന ഗാനവീചികായി അവൾ ചെവിയോർത്തു കിടക്കുകയായിരുന്നു. ഇരുട്ടിന്റെ അധീശത്വത്തിലേക്കു്, പൊടുന്നനെ ഉതിർന്നുവീണൊരു ഗാനം... ശ്രുതികേന്ദ്രീകരിച്ചുനിൽക്കെ, വളരെപ്പെട്ടെന്നു്, ആ അംഗരാഗത്തിന്റെ താളം മുറിഞ്ഞു. ആ ഗാനത്തിലെ ആർദ്രദുഃഖങ്ങളിലൊന്നു് എങ്ങിനെയോ അവളുടെ മനസ്സിനെ കീഴ്പ്പെടുത്തിക്കളഞ്ഞിരുന്നു .....

...o...

ഗീഥായുടെ ദീപം

കേരളത്തിലെ പ്രമുഖനാടകസമിതിയായ ചങ്ങനാശേരി ഗീഥായുടെ ഈ വർഷത്തെ പുതിയ നാടകമായ "ദീപം" ആഗസ്റ്റ് രണ്ടാംവാരംമുതൽ അവതരിപ്പിച്ചുതുടങ്ങുന്നതാണു്.

സമകാലീന പ്രശ്നങ്ങളെ ഉൾക്കൊണ്ടുകൊണ്ടു് ശക്തമായ കഥാസ്പുരം നൽകിയതു് സുപ്രസിദ്ധ ഗാനരചയിതാവും കവിയുമായ ശ്രീ എ. പി. ഗോപാലനാണു്. സംഗീതം പകരുന്നതു് അർജ്ജുനനും സംവിധാനം അനുഗ്രഹീതനടനായ ചാച്ചപ്പനും നിർവ്വഹിക്കുന്നു. □

കർപ്പൂരനാളം

— എം. കെ. മേനോൻ

യശഃശരീരനായ ശ്രീ. കായിക്കരാ ജൂവിന്റെ മൂന്നാമത്തെ കൃതിയാണു് 'ജ്വാലകൾ.' ഗ്രന്ഥം പ്രസിദ്ധീകരണത്തിനു തയ്യാറായിട്ടു് രണ്ടു് കൊല്ലമായിരിക്കുന്നു. എന്നാൽ ഇപ്പോൾ രാജു മരിച്ചിട്ടു് കൊല്ലമെടുക്കുന്ന അവസരത്തിൽ– മാത്രമാണു് പുറത്തിറങ്ങുന്നതു്. ആലോചിക്കുമ്പോൾ മനസ്സിനു് അനല്പമായ വിഷമമുണ്ടു്. കാരണം, രാജു എന്റെ സ്നേഹിതനായിരുന്നു.

ഈ ചെറിയ പുസ്തകത്തെക്കുറിച്ചു് എനിക്കു വളരെക്കുറച്ചേ പറയാനുള്ളു. പറയാനുള്ളതധികവും രാജുവിനെക്കുറിച്ചാണു്. അദ്ദേഹത്തെ സ്മരിക്കുന്നതിനു് നിർബ്ബന്ധവിധേയമായ ഗ്രന്ഥം മരുപാധിയാക്കുന്നുവെന്നു മാത്രം:

മരിച്ചാലും മരിക്കാത്ത ഏതാനും മഹാന്മാരുടെ ലഘു ജീവചരിത്രങ്ങളാണു് 'ജ്വാലകളു'ടെ ഉള്ളടക്കം. ക്രിസ്തുവിനു മുമ്പു് ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സോഫോ എന്ന യവന കവിയിത്രിയിലാണു് ആരംഭിക്കുന്നതു്. മുന്നൂറ്റാണ്ടു മുമ്പു് ആത്മഹത്യ ചെയ്ത ജാപ്പാനീസു് സാഹിത്യകാരനായ കവാബത്തയിലാണു് അവസാനിക്കുന്നതു്. പ്ലിനി, ഗ്രഹാം ബോദ്‌ലെയർ, കാഫ്കാ തുടങ്ങിയവരടക്കം പല കാലങ്ങളും പലനാടുകളിലും ജീവിച്ചു, എന്നാൽ എല്ലാക്കാലത്തും എല്ലാ നാടുകളിലേയും മനുഷ്യരോടു സംസാരിച്ചുകൊണ്ടിരിക്കുന്ന മറ്റു പന്ത്രണ്ടു പേർകൂടി രാജുവിന്റെ ജ്വലികുക വിധേയരായിട്ടുണ്ടു്.

ലഘുജീവചരിത്രങ്ങൾ എന്നാണല്ലോ പറഞ്ഞതു്. അതു പറഞ്ഞാൽ പോരാ. പരാമൃഷ്ടരായ പ്രതിഭാശാലികളുടെ ജീവിതഗതിയുടെ രൂപരേഖയോടൊപ്പം അവരെഴുതിയ കൃതികളുടെ സംക്ഷിപ്തരൂപവും മർമ്മസ്പർശിയായ പഠനങ്ങളും രേഖപ്പെടുത്താൻ ശ്രദ്ധിച്ചിട്ടുണ്ടു് 'രാജു എന്റെ പാരായണപര്യടനത്തിനിടയിൽ കൌതുകകരങ്ങളായിത്തോന്നിയ ചില മഹത്തുക്കളുടെ ജീവിതങ്ങളും പ്രവർത്തനങ്ങളും എന്നിലുളവാക്കിയ പ്രതികരണങ്ങളാണു് ഈ ജ്വാലകൾ' എന്നു് ഗ്രന്ഥത്തിനെഴുതിയ മുഖവുരയിൽ രാജു പറയുന്നു. അവരെ കൂടുതലറിയാനുള്ള കൌതുകം വായനക്കാരിൽ അങ്കുരിപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. അതു സഫലമാക്കാൻ പര്യാപ്തമാണു് ഈ ലേഖനങ്ങൾ എന്നു സംശയം കൂടാതെ പറയാം.

കാലികപ്രസിദ്ധീകരണങ്ങൾക്കു വേണ്ടി അപ്പപ്പോഴായിട്ടെഴുതിയ ലേഖനങ്ങളിൽ ആഴമോ പരപ്പോ പ്രതീക്ഷിച്ചുകൂടില്ലല്ലോ; ജ്വാലകളുടെ ഉള്ളടക്കവും അപവാദമല്ല. സാഹിത്യത്തിന്റെ ഈടുവെപ്പിലേക്കു് കനപ്പെട്ട ഒരു സംഭാവനയായി ഈ ഗ്രന്ഥത്തെ പെരുപ്പിച്ചു കാണിക്കേണ്ട കാര്യമില്ല. രാജുപോലും അങ്ങനെ കണക്കാക്കിയിരുന്നില്ല. കൂടുതൽ കനപ്പെട്ട കൃതികൾ രചിക്കാനുള്ള സാധനപാഠങ്ങളായിട്ടേ തന്റെ ലേഖനങ്ങളെ അദ്ദേഹം കണക്കാക്കിയിരുന്നുള്ളു. ഇതിനു മുമ്പിൽ പ്രസിദ്ധീകരിച്ച 'മുന്തിരിച്ചാറോ കണ്ണീരോ?' എന്ന ചെറുപുസ്തകത്തെപ്പറ്റി സംസാരിക്കുന്നതിനിടയിൽ രാജു തന്നെ പറഞ്ഞതാണിതു്. തന്നിൽ കാണുന്നിനു മുമ്പെഴുതിയ ഒരു കത്തിൽ (9-1-74) അദ്ദേഹം ഈ സംഗതി വ്യക്തമാക്കിയിരുന്നു. "മുന്തിരിച്ചാറോ കണ്ണീരോ എന്ന എന്റെ പുസ്തകത്തെക്കുറിച്ചു് എനിക്കു് അത്രകാര്യമായ മതിപ്പൊന്നുമില്ല. താങ്കൾ പറഞ്ഞ അഭിപ്രായം ശരിയാണു്. ഈ സമാഹാരത്തിലെ എനിക്കിഷ്ടപ്പെട്ട ലേഖനങ്ങൾ മരണം, വാർദ്ധക്യം എന്നിവയാണു്. മറ്റു ലേഖനങ്ങൾക്കു് അത്രയൊന്നും കനവും കട്ടിയുമില്ലെന്നു് എനിക്കു തന്നെ അറിയാം. താങ്കൾ പറയുന്ന GLORIFIED JOURNALISM ത്തിൽ നിന്നും വിട്ടുപിരിയാൻ എനിക്കൊരു വൈമനസ്യവുമില്ല. കണ്ടതും കേട്ടതുമായ ചവറുകളെക്കുറിച്ചു് എഴുതി ആയുസ്സു പാഴാക്കണമെന്നു എനിക്കാഗ്രഹമില്ല..... പോലെ," (രാജു പരാമർശിച്ച വിമർശകന്റെ പേരു് ഉദ്ധരിക്കുന്നതു് മര്യാദകേടാവുമല്ലോ)

ഇതു വരെ പറച്ചിലായിരുന്നില്ല. കനപ്പെട്ട രണ്ടു കൃതികളെഴുതാൻ തയ്യാറെടുത്തുകൊണ്ടിരിക്കുമ്പോഴാണു് രാജു മരിച്ചതു്. അവയിലൊന്നു മലയാളത്തിലെ മുതിർന്ന തലമുറയിലെ പ്രമുഖനായ ഒരു സാഹിത്യകാരന്റെ വിസ്തൃതവും വിമർശനാത്മകവുമായ ഒരു ജീവചരിത്രമായിരുന്നു. അതിനു വേണ്ടുന്ന കുറിപ്പുകൾ കുറെയൊക്കെ തയ്യാറാക്കുകയും കൂടുതൽ വിവരങ്ങൾ 'കഥാനായകനി'ൽ നിന്നു നേരിട്ടു ശേഖരിക്കുകയും ചെയ്തിരുന്നു അദ്ദേഹം. മുശയിലുണ്ടായിരുന്ന മറ്റേ കൃതി ഭാഷയിലെ നോവൽ പ്രസ്ഥാനത്തിന്റെ സമഗ്രമായ ഒരു പഠനമായിരുന്നു. അതിന്റെ രൂപരേഖയും അദ്ദേഹം തയ്യാറാക്കിവെച്ചിരുന്നു. നമ്മുടെ സാഹിത്യത്തെ തീർച്ചയായും സമ്പന്നമാക്കുമായിരുന്ന ഈ രണ്ടു കൃതികളും അദ്ദേഹത്തിനെഴുതാൻ കഴിയാതെ പോയതു് വലിയൊരു നഷ്ടതന്നെയാണു്. അവസാഹിത്യചരിത്രത്തിൽ രാജുവിനുള്ള സ്ഥാനം ഭദ്രമാക്കുമായിരുന്നു.

ഇതിന്റെ അർത്ഥം മായാത്ത കാല്പാടുകളൊന്നും തന്നെ രാജു സാഹിത്യത്തിൽ പതിപ്പിച്ചിട്ടില്ല എന്നല്ല. ആ കാല്പാടുകൾ ഒരു സാഹിത്യകാരന്റെതിനേക്കാൾ സാഹിതീഭക്തനായ ഒരു പത്രാധിപരുടേതാണെന്നു മാത്രം. 'രാജുവിന്റെ മാസിക' എന്നു ശ്രീ. ടി. എൻ. ജയചന്ദ്രൻ ('ജ്വാലകളി'ലെ 'അനുസ്മരണ'ത്തിൽ) വിശേഷിപ്പിക്കുന്ന 'ശലാക', അദ്ദേഹത്തിന്റെ മരണത്തോടെ നിന്നുപോയെങ്കിലും, എന്നെന്നും അദ്ദേഹത്തിന്റെ സ്മാരകമായി നിലകൊള്ളും.

സാഹിത്യകുതുകികളായ ചുരുക്കം ചിലരല്ലാതെ അധികമാരും കണ്ടിരിക്കാനിടയില്ലാത്ത ഒരു മാസികയാണു് ശലാക. എളിയനിലയിലാണു് തുടങ്ങിയതെങ്കിലും ഒരു കൊല്ലത്തിനകംതന്നെ സാഹിത്യത്തിലെ കപടനാട്യക്കാർക്കും, കള്ളനാണയങ്ങൾക്കും, സ്വയം പൊക്കിപ്രസ്ഥാനക്കാർക്കുമൊക്കെ കണ്ണുകോടാലിയായിത്തീർന്ന അതെന്നുമുതൽ അനുതകരമായ സത്യമാണു്. പൊതുവിൽ നമ്മുടെ ബുക്സ്റ്റാളുകളിലും മറ്റും പ്രായേണ എത്താറില്ലാത്ത ഈ "ചൊറിയ വലിയ" മാസികയ്ക്കുവേണ്ടി പല സാഹിത്യകാരന്മാരും കൊടിനടക്കാറുള്ള കഥ കേഴിക്കേട്ടിട്ടുവെച്ചു് ഒരു സുഹൃത്തു് (പ്രസിദ്ധനായ ഒരു നാടകകൃത്താണു ദ്ദേഹം) പറഞ്ഞതു് ഞാനിപ്പോഴും ഓർക്കുന്നു. രാജുവിന്റെ മരണത്തെത്തുടർന്നു "ശലാക"യെപ്പറ്റി ചിലരെയെങ്കിലും പത്രമാസികകളിൽ ലേഖനങ്ങളെഴുതുകയുണ്ടായി. ദേശാടനിയായിൽ ശ്രീ. പി. ഗോവിന്ദപിള്ള "ശലാക"യെ പ്രൊഫ: മുണ്ടശ്ശേരി നടത്തിയിരുന്ന "മംഗളോദയ"ത്തോടാണു് താരതമ്യപ്പെടുത്തിയതു്. അതു ചില്ലറ ബഹുമതിയല്ലല്ലോ. ശലാകക്കു കൈവന്ന ഈ അസൂയാവഹമായ പദവി രാജുവിന്റെ വ്യക്തിപരമായ നേട്ടമായിരുന്നു. ജാതിയും മതവും കക്ഷിയും മുഖവും നോക്കാതെ അഭിപ്രായം പറയാനും അതിനുതെയ്യാറുള്ളവരെ തന്നോടൊപ്പം അണിനിരത്താനും കഴിഞ്ഞു എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ വിജയരഹസ്യം.

"ശലാക"യുടെ പ്രഥമലക്കത്തിലേക്കു് ലേഖനസഹായമഭ്യർത്ഥിച്ചുകൊണ്ടു് രാജു എനിക്കെഴുതിയതോടെയാണു് ഞങ്ങൾ തമ്മിൽ പരിചയമായതു്. പ്രഥമലക്കം "ആശാൻപതിപ്പു"യാക്കുന്നതിനെക്കുറിച്ചൊരു ലേഖനം കൂടി അതിൽ കൊള്ളാം എന്നായിരുന്നു ഉള്ളടക്കം. ആശാനെ പലപ്പോഴും നിശിതമായി വിമർശിച്ചിട്ടുണ്ടു് ഞാനെന്നതുകൊണ്ടു തന്നെയാണു് അദ്ദേഹം എഴുതിയതു്. കാരണം "ആശാൻ പതിപ്പു്" ഒരു "ആശാൻ ജയന്തി" പ്രതിപ്പാക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. രാജു എഴുതി (15 – 1 – 73):

"..... താങ്കൾക്കുടി ആശാനെക്കുറിച്ചൊരു ലേഖനം തയ്യാറാക്കി അയച്ചുതരാൻ അപേക്ഷ. ആശാനെക്കുറിച്ചുള്ള പൊതുവായ വിലയിരുത്തലായാൽക്കൊള്ളാമെന്നു തോന്നുന്നു. നമ്മുടെനാട്ടിലെ പല നിരൂപകന്മാരും, സാഹിത്യേതരമായ കാരണങ്ങളാൽ, പറയാൻ തോന്നുന്നതു് പറയാൻ കഴിയാതെ ആശാന്റെ സ്തുതിപാഠകരായിത്തീർന്നിട്ടുണ്ടെന്നു അഭിപ്രായക്കാരും

കേരളശബ്ദം

സ്വതന്ത്രരാഷ്ട്രീയ വാരിക

മുഖപ്രായയിലും ഉള്ളടക്കത്തിലും വ്യത്യസ്തമായ പ്രസരിപ്പിച്ചു കൊണ്ട് പുറത്തുവരുന്ന ഒരപൂർവ്വ പ്രസിദ്ധീകരണം:

പുറപ്പാടയുടെ കഥ കേരളശബ്ദത്തിന്റെ ഇന്നോളമുള്ള അനുഭവ വൈവിധ്യങ്ങളുടെ ചൈതന്യവത്തായ ആത്മോപാഖ്യാനമാണ്.

രാഷ്ട്രീയവാർത്തകൾക്കും, സാമൂഹ്യസംഭവവികാസങ്ങൾക്കും പുറമേ സിനിമാ നാടകരംഗങ്ങൾക്ക് പ്രത്യേക പേജുകൾ.

നിലവാരമുള്ള ഹാസ്യത്തിന്റെ പുതിയ പാതയൊട്ടിത്തെളിക്കുന്ന പ്രത്യേക പംക്തികൾ.

ജൂലായ് 20ന്റെ ആദ്യലക്കത്തിൽ

ഉറൂബ്
പി. കുഞ്ഞിരാമൻനായർ
പി. പത്മരാജൻ
ദാമു
ചെങ്ങന്നൂർ ശങ്കരവാര്യർ
ഡോ. എം. വി. പൈലി
ഡോ: ശാന്തകുമാർ

എന്നിവർ എഴുതുന്ന കൂടാതെ സ്ഥിരം പംക്തികളും.

മുപ്പത്തിയാറു പേജുകളിൽ പുതിയ രൂപഭംഗികളിൽ
ആവിഷ്കരിക്കപ്പെടുന്ന സചിത്ര പ്രസിദ്ധീകരണം:
മനോഹരമായ ബഹുവർണ്ണ കവർചിത്രം.
വില: എഴുപത്തിയഞ്ചുപൈസ

ചീഫ് എഡിറ്റർ:
കെ. എസ്. ചന്ദ്രൻ

മാനേജിംഗ് എഡിറ്റർ:
ആർ. കൃഷ്ണസ്വാമി

Telex048–265.

Phone4951–4051.

വിശദവിവരങ്ങൾക്ക്:
ജനറൽ മാനേജർ, കേരളശബ്ദം
തിരുവനന്തപുരം–8

നാണ് ഞാൻ. വസ്തുനിഷ്ഠവും സത്യസന്ധവുമായ വിലയിരുത്തലുകൾ ആശാനെക്കുറിച്ച് ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതെന്നും എനിക്കഭിപ്രായമുണ്ട്. ആശാനെക്കുറിച്ച് താങ്കളുടെ തോന്നലുകൾ ഴുതാം."

നിരൂപകനെന്നനിലയിലും പത്രാധിപനെന്നനിലയിലും രാജു പുലർത്തിയിരുന്ന ആദർശധീരത ഈ ഉദ്ധരണിയിൽ തെളിഞ്ഞുകാണാം. അവസാനംവരെയും അദ്ദേഹമതു പുലർത്തിയിരുന്നതാണ് — പല പരീക്ഷണങ്ങളിലൂടെ കടന്നുപോകേണ്ടിവന്നിട്ടും. എന്റെ ലേഖനങ്ങൾ പലപ്പോഴും അദ്ദേഹത്തിന്നു് അസൌകര്യങ്ങൾ സൃഷ്ടിച്ചിരുന്നു, വ്യക്തിപരമായ പല സൌഹൃദബന്ധങ്ങളെയും ഉലച്ചിരുന്നു, എന്നെനിക്കറിയാം. അതുകൊണ്ടൊന്നും രാജു കുലുങ്ങുകയുണ്ടായില്ല. എന്റെ അഭിപ്രായങ്ങളോടു് അദ്ദേഹമെല്ലായ്പോഴും യോജിച്ചിരുന്നുവെന്നല്ല വിവക്ഷ. കത്തുകളിലൂടെ വിയോജിപ്പു പ്രകടിപ്പിക്കാറുണ്ട്, യുക്തമായ സന്ദർഭങ്ങളിൽ ശക്തിയിൽത്തന്നെ. എങ്കിലും ലേഖനങ്ങളെ അപ്പോഴും സ്വാഗതംചെയ്യുകയാണു് പതിവു്. ഏതഭിപ്രായവും ശ്രദ്ധിക്കാനും യുക്തിഭദ്രമായി അവതരിപ്പിച്ചിട്ടുണ്ടെങ്കിൽ അതിനു ശലാകയിലൂടെ വെളിച്ചം നൽകുവാനും അദ്ദേഹം സന്നദ്ധനായിരുന്നു. ഈ തുറന്ന സമീപനമാണു്, സമയക്കുറവുണ്ടെന്നു അനുഭവപ്പെട്ടിട്ടും, ശലാകയിൽ തുടർച്ചയായി എഴുതാൻ എന്നെപ്പോലുള്ളവരെ പ്രേരിപ്പിച്ചതു്. ഞങ്ങളുടെ മൈത്രിക്കു വഴിതെളിയിച്ചതും.

എനിക്കു ധാരാളം പരിചയക്കാരുണ്ടെങ്കിലും അടുത്ത സുഹൃത്തുക്കൾ ചുരുങ്ങും. ആ ചുരുക്കം ചിലരിൽ ഒരാളായിരുന്നു ഞാൻ രാജുവിനെ കരുതിപ്പോന്നതു്. ഔദ്യോഗികതലത്തിൽ ഇതൊരത്ഭുതമാണു്. കാരണം, ഞങ്ങൾ തമ്മിൽ ഔദ്യോഗികപ്രവർത്തനത്തിന്റെ പരിചയമേ ഉണ്ടായിരുന്നുള്ളൂ. അതും സാഹിത്യകൃതികളുടെ സ്വീകരണത്തെക്കുറിച്ചുള്ള കത്തിടപാടുകളിലൂടെ. ഇടയ്ക്കു് രണ്ടുദിവസം തിരുവനന്തപുരത്തു പോകാനിടയായ സന്ദർഭത്തിൽ മാത്രമാണു് നേരിട്ടിടപഴകാൻ കഴിഞ്ഞതു്. ഇത്രയും ചുരുങ്ങിയ സമ്പർക്കംകൊണ്ടു് മറ്റാരോടുമെന്നതിനെക്കാൾ കൂടുതലൊന്നും ഞാനിദ്ദേഹത്തോടു് അടുത്തിട്ടില്ല. രാജുവിന്റെ ആത്മാർത്ഥതയും സാഹിത്യപ്രേമവുമാണതിനു കാരണമെന്നു ഞാനൂഹിക്കുന്നു.

ഈ രണ്ടു ഗുണങ്ങളും ഒരേ സമയത്തു തെളിയിക്കുന്ന ഒരു സംഭവത്തെ പരാമർശിച്ചുകൊണ്ടു് ഈ അനുസ്മരണം അവസാനിപ്പിക്കാം. 'സഹശയനം' പ്രസിദ്ധീകരിച്ച അവസരത്തിലാണു് ഞങ്ങൾ തമ്മിൽ നേരിട്ടു കണ്ടതു്. കവാടത്തയുടെ നോവൽ ഞാൻ പരിഭാഷപ്പെടുത്തിയിട്ടുണ്ടെന്നറിഞ്ഞ മുതല്ക്കേ അതിന്റെ പ്രസിദ്ധീകരണം കാത്തിരിക്കുകയായിരുന്ന രാജു സിമ്പിൾ കോപ്പി കയ്യിൽ കിട്ടിയപ്പോൾ പുറംചട്ട തൃപ്തികരമായിട്ടില്ലെന്നു തോന്നി. വിവരത്തിന്നു് ഞാൻ എം. ബി. എസ്സിലേക്കെഴുതുകയും ചെയ്തു. അതു കഴിഞ്ഞു രണ്ടാമത്തേതോ മൂന്നാമത്തേതോ ദിവസമാണു് തിരുവനന്തപുരത്തു ചെന്നതും രാജുവിനെ കണ്ടതും. ഇതിനിടെ അദ്ദേഹം സ്വമേധയാ എൻ. ബി. എസ്സുമായി ടെലിഫോണിൽ സമ്പർക്കം പുലർത്തുകയും, പുറംചട്ടയിൽ അതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തിരുന്നു; മാത്രമല്ല, സ്വന്തം ചുമതലയിൽ ഒരു കലാകാരനെക്കൊണ്ടു് രണ്ടുമൂന്നു 'ഡിസൈനു'കൾ തയ്യാറാക്കിപ്പിക്കുകയും ചെയ്തിരുന്നു. (അവയിലൊന്നാണു് ഇപ്പോൾ 'റാപ്പറി'ൽ കാണുന്നതു്.) എന്നോടുള്ള സൌഹൃദമോ, കവാടത്തയോടുള്ള ബഹുമാനമോ, സാഹിത്യത്തോടുള്ള കൂറോ അല്ലെങ്കിൽ ഇവയെല്ലാം ഒന്നിച്ചുചേർന്നതോ കൊണ്ടാവാം രാജു അങ്ങനെ ചെയ്തതു്; ഏതായാലും ഇങ്ങനെയൊരനുഭവം അതിനു മുമ്പോ പിമ്പോ ഒരു സുഹൃത്തിൽനിന്നും എനിക്കുണ്ടായിട്ടില്ല. ഇതു കറകളഞ്ഞ ആത്മാർത്ഥത അപൂർവ്വമായേ കാണാൻ കഴിയൂ എന്നാണെന്റെ വിശ്വാസം.

ജ്വാലകൾ (ലേഖനസമാഹാരം) ഗ്രന്ഥകർത്താവു്. കെ. രാജു. കായിക്കര. പ്രസാധകർ: പ്രഭാത് ബുക്ക് ഹൌസ് തിരുവനന്തപുരം. പേജു് 128. വില 4.25 രൂപ

...o...

ഓടക്കുഴലും ചട്ടമ്പിക്കല്യാണിയും ചില ചിന്തകളും

— മംഗലശ്ശേരി

സിനിമ സംവിധായകന്റെ കലയാണെന്ന് മലയാളത്തിൽ ആദ്യമായി തെളിയിച്ചതു് പി. എൻ: മേനോനാണു്. ഒളവും തീരത്തിലൂടെയാണു് ഇവിടെ പുതിയ സിനിമ ആരംഭിക്കുന്നതു്. പരാചയപ്പെട്ട ചിത്രങ്ങളിൽപ്പോലും മേനോനിലെ സംവിധായകന്റെ പ്രതിഭയുടെ അംശങ്ങൾ കണ്ടെത്താൻ പ്രയാസമില്ല. മഴക്കാറോട്ടു കൂടി മേനോൻ പ്രേക്ഷകരുടെ ഓർമ്മകളിൽനിന്നു് മാഞ്ഞുപോയി. രതഗിരി ഹിലിംസിന്റെ ഓടക്കുഴൽ പി. എൻ. മേനോനിലെ സംവിധായകൻ ജീവിച്ചിരിക്കുന്നു എന്നതിനു് മകിയായ തെളിവാകുമെന്നു ധരിച്ചു. പക്ഷേ, ചിത്രം കണ്ടിറങ്ങിയപ്പോൾ കടുത്ത നിരാശ തോന്നി. പ്രിയപ്പെട്ട മേനോൻ നിങ്ങൾക്കെന്തു പറ്റി?

മലയാളസാഹിത്യത്തിലെ പ്രശസ്തനായിരുന്ന എൻ. പി. ചെല്ലപ്പൻനായരുടെ ഒരു ചെറുകഥയാണു് രതഗിരിയുടെ ഓടക്കുഴലിനാധാരം. ഷെറീഫാണു് തിരക്കഥയും സംഭാഷണവും രചിച്ചിരിക്കുന്നതു്: ഇത്ര ദുർബലമായ ഒരു തിരക്കഥ മലയാളത്തിൽ വിരളമായിരിക്കും. വികാരതീവ്രമായ അനേകം രംഗങ്ങളെ, ശക്തിയില്ലാത്ത സംഭാഷണം മരവിപ്പിച്ചുകളഞ്ഞു. ഈ ചിത്രത്തെ ആദ്യന്തം സമൂലമായി പരിശോധിക്കാമെങ്കിൽ പരാജയംകാരണം എഴുപത്തിയഞ്ചുശതമാനവും തിരക്കഥയും സംഭാഷണവുമാണെന്നു കാണാം. മദാലസയായ, മാന്യയായ, ചഞ്ചലചിത്തയായ യുവവിധവയുമായ ഇന്ദിരയുടെ അനുപ്പിക്കുന്ന ആകർഷകമായ വ്യക്തിത്വം നേരിയ തോതിലെങ്കിലും വരച്ചുകാട്ടുവാൻ ഷെറീഫിനു കഴിഞ്ഞില്ല. ഷീലയും മേനോനും ആ അപാകത കുറേയൊക്കെ പരിഹരിക്കുന്നുണ്ടു്: അവസാനത്തെ രംഗങ്ങൾ അസൽ നാടകമാണു്. മധുലോട്ടസ് ബംഗ്ലാവിലേക്കു വരുന്നതും ധിക്കാരത്തോടെ അവിടെ കഴിയുന്നതും 'ഞാനെങ്ങും പോകുന്നില്ല' എന്നു തീർത്തു പറയുന്നതുമൊക്കെ ഒരു ശതമാനംപോലും വിശ്വസനീയമല്ല. പെൺകുട്ടികൾ കാമുകന്റെ വീട്ടുപടിക്കൽ ഗർഭസത്യാഗ്രഹം നടത്താറുണ്ടു്. പക്ഷേ, പുരുഷൻ അത്തരമൊരു സത്യാഗ്രഹം നടത്തുന്നതു് ഇതാദ്യമെന്നു തോന്നുന്നു.

മലയാളത്തിലെ ഏറ്റവും വലിയ നടിയായ ഷീലയാണു് ബഹുമുഖവ്യക്തിത്വമുള്ള ഇന്ദിരയെ അവതരിപ്പിച്ചതു്. കുട്ടംബിനിയായി സന്തോഷവതിയായി പ്രകാശിനേറെയും ലോട്ടസ് ബംഗ്ലാവിലേയും പ്രകാശമായി ഒഴുകിപ്പരന്ന ഇന്ദിരയെ, പ്രകാശിന്റെ എന്നേക്കുമുള്ള വേർപാടിൽ തകർന്നമരവിച്ചുപോയ വിധവയെ, കാലം ഓർമ്മകളെ മറവിയുടെ കൂപ്പായമിടുവിച്ചപ്പോൾ മേനോന്റെ വിവാഹാഭ്യർത്ഥനയെ പൂർണ്ണമനസ്സോടെ ഉൾക്കൊള്ളുന്ന മദാലസയും ചെറുപ്പക്കാരിയുമായ ഇന്ദിരയെ, മൈസൂറിലെ ഡാക്ക് ബംഗ്ലാവിലെ ഏകാന്തമായ മുറിയിൽ എല്ലാംമറന്നു് ദാഹാർത്തയായി ധമനീനാദത്തിൽ ലയിക്കുന്ന കാമാർത്തയായ ധനാഢ്യയെ, പാലിൽ വിഷം ചേർക്കുമ്പോഴും, മധുവിന്റെ മൃതശരീരം കാണുമ്പോഴും പോലീസുദ്യോഗസ്ഥന്മാരോടു് സംസാരിക്കുമ്പോഴും മനസ്സിനുള്ളിലെ കൊടുങ്കാറ്റുകളെ വിസ്മരിച്ചുകൊണ്ടു് മുഖത്തു് സമനില പാലിക്കാൻ ഭഗീരഥപ്രയത്നം ചെയ്യുന്ന ഹതഭാഗ്യയായ ഇന്ദിരയെ, നീതിനിഷ്ഠയേപീഠം തന്നെ വെറുത്തുവിട്ട എന്നറിഞ്ഞു് ഉന്മാദിനിയാവുന്ന ഇന്ദിരയെ, ഒടുവിൽ സത്യത്തിന്റെ മുന്നിൽ എല്ലാം ഏറ്റുപറഞ്ഞു് എന്നേക്കുമായി തളർന്നുവീഴുന്ന ഭാഗ്യംകെട്ട സ്ത്രീയായ ഇന്ദിരയെ മലയാളത്തിൽ എന്നും ജീവിക്കുന്ന ഉജ്ജ്വല കഥാപാത്രങ്ങളെ അവതരിപ്പിച്ച ഷീലയ്ക്കു് സമ്പൂർണ്ണതയോടെ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല, ഒരു സാധാരണ കാഴ്ചക്കാരനെ സംബന്ധിച്ചിടത്തോളം തൃപ്തികരമായി തോന്നാമെങ്കിലും. വാച്യമേനായ ശകുന്തളയെയാണു് പി. ജെ. ആന്റണി അവതരിപ്പിച്ചിരിക്കുന്നതു്. പി. ജെ. ആന്റണി നൂറുശതമാനം ഒരു നാടകനടനാണെന്നതാണു് എന്റെ പക്ഷം. നർമ്മാല്യത്തിൽ മാത്രമാണു് സിനിമയെ സംബന്ധിച്ചിടത്തോളം ഈ കലാകാരൻ ജീവിക്കുന്നതു്. ശകുന്തളയുടെ റോളിൽ ആന്റണി ഒരു വിജയമായില്ല; തീർച്ചയായും പരാജയമല്ലെങ്കിലും. ജോസ്പ്രകാശ്, റാണിചന്ദ്ര, ജനാർദ്ദനൻ എന്നിവർക്കു് ചെറിയ റോളുകൾ ആണെങ്കിൽക്കൂടി അവ ഭംഗിയായി അവതരിപ്പിച്ചു പ്രശംസനേടി.

സോമൻ, പി. ജെ. ആന്റണി ഓടക്കുഴലിൽ

ആലുംമൂടൻ, ബഹദൂർ, സപ്പു എന്നിവർ ചേർന്നൊരുക്കുന്ന ഹാസ്യവിരുന്നു് ദുഃഖത്തോടെയല്ലാതെ കണ്ടിരിക്കുവയ്യ. ഇത്ര വികൃതമായ കരയിപ്പിക്കുന്ന ഹാസ്യരംഗങ്ങൾ മറ്റൊരു ചിത്രത്തിലും കണ്ടിട്ടില്ല പലപ്പോഴും കഥയുടെ ഒഴുക്കിനെ ഇതു് വിഘ്നവും സൃഷ്ടിച്ചിട്ടുണ്ടു്. വയലാറിന്റെ ഗാനങ്ങൾക്കു് അർജ്ജുനനാണു് സംഗീതം നൽകിയിരിക്കുന്നതു്. പ്രത്യേകിച്ചൊരഭിപ്രായത്തിനും ഇടനൽകാത്ത ഗാനങ്ങൾ. കേട്ടിരിക്കുന്ന നിമിഷങ്ങളിലും പ്രത്യേകിച്ചൊരു മതിപ്പോ സുഖമോ തോന്നുന്നുമില്ല. സപ്പുത്തിലൂടെ എന്നും നമ്മുടെ മനസ്സിൽ വർണ്ണചിത്രങ്ങൾ നിറച്ച അശോക്കുമാറാണു് ഓടക്കുഴലിലെ ക്യാമറാമാൻ. ടൈറ്റിലുകൾ മിന്നിമാഞ്ഞുപോകുമ്പോൾ ആ പേരു കാണുന്നുവെന്നതല്ലാതെ ചിത്രത്തിലെന്തുചെയ്തുവെന്നു അശോക്കുമാറുണ്ടോ എന്നതു് സംശയമാണു്. ചിത്രസംയോജകൻ രവിയാണു്. മേനോനും ഇന്ദിരയുടെ കുടുംബവുമായുള്ള ബന്ധത്തെ ചിത്രീകരിക്കുന്ന ആദ്യഭാഗദൃശ്യങ്ങൾ രവിയുടെ കത്രിക്കലിൽ ആകെ ചലനമറ്റതുപോലെയായി.

ഓടക്കുഴൽ മലയാളത്തിലെ ഏറ്റവും മികച്ച സസ്പെൻസ് ത്രില്ലറാക്കിമാറ്റാമായിരുന്നു. എൻ. പി. യുടെ കഥയ്ക്കു് അതിനുള്ള ശക്തിയുണ്ടായിരുന്നു. ഷെറീഫ് ആ ശക്തി മുഴുവൻ തന്റെ കഴിവില്ലായ്മകൊണ്ടു നശിപ്പിച്ചു കളഞ്ഞു. ഇടയ്ക്കിടെ മേനോന്റെ പ്രത്യേക വ്യാകരണത്തിലുള്ള ചില ദൃശ്യങ്ങൾ കാണാമെങ്കിലും, മൊത്തമായെടുത്തുനോക്കുമ്പോൾ മേനോനിൽ നമുക്കുള്ള വിശ്വാസം നഷ്ടപ്പെടുന്നു. മലയാളസിനിമയ്ക്കു് മേനോൻ ചെയ്ത വിലയേറിയ സംഭാവന എക്കാലവും സ്മരിക്കേണ്ടതുതന്നെ.

മാസ്റ്റർ ശേഖറെക്കുറിച്ചു് താരങ്ങളെക്കുറിച്ചെഴുതിയപ്പോൾ സൂചിപ്പിക്കാൻ മറന്നു: എൻ. പി. യുടെ മധു എന്ന ഓടക്കുഴൽവായനക്കാരനെ അവതരിപ്പിക്കുന്നതു് പുതുമുഖമായ മാസ്റ്റർ ശേഖറാണു്. സംഭാഷണങ്ങൾ ഉച്ചരിക്കുന്ന ഭാഗത്തു് ദയനീയമായി പരാജയപ്പെടുന്നുവെങ്കിൽക്കൂടി ആകർഷകമായ മുഖമുള്ള ഈ ചെറുപ്പ

കാരണം പ്രേക്ഷകർ ശ്രദ്ധിക്കുക ഒരു വാക്കുകൂടി അതിശക്തമായ ഒരു സസ്പെൻസ് കഥയുടെ അതി ദുർബ്ബലമായ ചലച്ചിത്രാവിഷ്കരണമാണ് രതീഗിരിയുടെ കാടക്കഴൽ.

ലക്ഷ്മി, നസീർ ചട്ടമ്പിക്കല്യാണിയിൽ

"ഞാൻ ചിത്രങ്ങൾ നിർമ്മിക്കുന്നതും ഗാനങ്ങളെഴുതുന്നതും ചീപ്പ് പോപ്പുലാരിറ്റിക്കും പണത്തിനും വേണ്ടിയാണ്" ഈ ലജ്ജാകരമായ യാഥാർത്ഥ്യം വലിയൊരു സദസ്സിനുമുമ്പാകെ പറയാൻ ധൈര്യം കാണിച്ച ശ്രീകുമാരൻതമ്പിയുടെ ചിത്രമാണ് ചട്ടമ്പിക്കല്യാണി. ഉത്തമായണത്തിലെത്തിനില്ക്കുന്ന മലയാളസിനിമയുടെ ഏറ്റവും വലിയ ശാപമാണ് ഈ ചട്ടമ്പിക്കല്യാണിമാരൾപ്പെട്ട പെൺപടകൾ. ഇന്നലെ ബാൽക്കണിയിൽനിന്നുയർന്ന ചൂളമടികളും കരഘോഷങ്ങളും ഇത്തരം ചിത്രങ്ങൾ പ്രേക്ഷകരിൽ ചെലുത്തുന്ന സ്വാധീനം എത്രയെന്ന മനസ്സിലാക്കാം. ചട്ടമ്പിക്കല്യാണിയെ നിരുപണം ചെയ്യേണ്ടതില്ല. നിരുപണത്തിനർഹമായ ചിത്രവുമല്ല. ചീപ്പ് പോപ്പുലാരിറ്റിക്കും പണത്തിനും വേണ്ടിയെടുക്കുന്ന ചിത്രങ്ങളാണിവ. അതു പരസ്യമായി തുറന്നു പറയുകയും ചെയ്യുന്നു; ഒരു ജനതയുടെ സാംസ്കാരികജീവിതത്തിൽ പുഴുക്കുത്തു വീഴ്ത്തുവേണമോ പ്രിയപ്പെട്ടവരെ നിങ്ങൾക്ക് നിങ്ങളുടെ ലക്ഷ്യം നേടാൻ. ഇതിലുമധികം എളുപ്പമായ എത്രയോ മാർഗ്ഗങ്ങളുണ്ട്.

മലയാള സാഹിത്യത്തിലും സിനിമയിലും അവസ്മരണീയതയോടെ നിറഞ്ഞുനില്ക്കുന്ന ജി. വിവേകാനന്ദന്റെ കള്ളിച്ചെല്ലമ്മയെ വികൃതമായി അനുകരിച്ചതാണ് ചട്ടമ്പിക്കല്യാണി. എന്ന കഥാപാത്രം. അനശ്വരനടിയായ ഷീല ജീവൻ പകർന്ന കള്ളിച്ചെല്ലമ്മയെവിടെ?, രചനയിലും അഭിനയത്തിലും അത്യുദാത്തയോടെ അവിശ്വസനീയതയും കൂടിപ്പോയ ചട്ടമ്പിക്കല്യാണിയെവിടെ? കള്ളിച്ചെല്ലമ്മയിൽ ചെല്ലമ്മയുടെ മാത്രം ലോകമായിരുന്നു. ഈ ചിത്രത്തിൽ കല്യാണിയുള്ള കള്ളുഷാപ്പുകാക്കുണ്ട് പ്രാധാന്യം. മലയാളികളുടെ മഹത്തായ സംസ്കാരത്തിനു നേരെ കാർക്കിച്ചു തുപ്പുന്ന ഈ ചിത്രവും ഇവിടെ ജൂബിലി ആഘോഷിച്ചേക്കാം. അതാണല്ലോ അന്വർത്ഥമാക്കുന്ന നമ്മുടെ സിനിമാ ബോധം. കവലച്ചട്ടമ്പിയായ ശരീരംകട്ടപ്പൻ മാത്രമെയുള്ളൂ വ്യക്തിപരമുള്ള ഒരേ ഒരു കഥാപാത്രം. അർദ്ധനഗ്നയായി തന്റെ മികച്ച അഭിനയം കൊണ്ടു് ആ കഥാപാത്രത്തെ മികവുറ്റതാക്കുകയും ചെയ്ത തിക്കുറിശ്ശിയുടെ ദൈവമത്തായിക്കും പ്രത്യേകമായ പുതുമ അവകാശപ്പെടാനായിരുന്നു. പക്ഷേ, കൃത്രിമത്വം നിറഞ്ഞ അഭിനയം അതു സഫലീകരിച്ചില്ല. പലപ്പോഴും പ്രതിഭാധനനായ തിക്കുറിശ്ശി താൻ അഭിനയിക്കുകയാണെന്നു വിളിച്ചു പറയുന്നതുപോലെ തോന്നി.

മലയാളസിനിമ ആകെ ഒരനിശ്ചിതാവസ്ഥയിലാണിപ്പോൾ. ചട്ടമ്പിക്കല്യാണിമാരും പെൺപടകളും കൂടി ഒരു മരണനൃത്തം നടത്തുകയാണ്. ചീപ്പ് പോപ്പുലാരിറ്റിക്കും പണത്തിനുംവേണ്ടി മലയാളസിനിമാസംസ്കാരത്തെ വ്യഭിചരിക്കുന്ന മുതലാളിമാരെ ഒരു വാക്ക്, ഗൗരവമുള്ള സിനിമക്കു വേണ്ടി മോചനം കാത്തുകിടക്കുന്ന ഒരു ജനതയുണ്ടിവിടെ. ഇന്നല്ലെങ്കിൽ നാളെ അവർ തങ്ങളുടെ സിനിമാ സെൻസിബിലിറ്റിക്കു വേണ്ടി ഒന്നു ചോദിക്കുമെന്നു തീർച്ച. അതായിരിക്കും നിങ്ങളും സിനിമാരംഗത്തെ അന്ത്യവും.

★

സാഹിത്യത്തിലേതുപോലെ സിനിമയിലും നമുക്കൊരു വൈതരണ്യവത്തായ സംസ്കാരമുണ്ട്. ഭ്രഷ്ടാഭാഗം കാണികളും അതംഗീകരിക്കുകയും ചെയ്യുന്നു. നിർമ്മാല്യം ഉത്തരായണം തുടങ്ങിയുള്ള സീരിയസ് ചിത്രങ്ങൾ മാത്രം വേണമെന്നു് വാശിക്കുന്നവനല്ല ഇവിടെ എൻറർടൈനറുകൾ വേണം; എൻറർടൈനറുകളുടെ രൂപവും ഭാവവും എങ്ങിനെയാവണമെന്നുള്ളിടത്തു മാത്രമേ നമുക്ക് ചർച്ച ചെയ്യേണ്ടതുള്ളൂ, യോജിക്കേണ്ടതുള്ളൂ. ചട്ടമ്പിക്കല്യാണിയിൽ ഒരു അശ്ലീനഗ്നനൃത്തമുണ്ട്. ക്യാബറെ ഫാളിലാണെങ്കിൽ ന്യായീകരണമുണ്ട്. പക്ഷേ, ഇതു് ഒരു ഗ്രാമത്തിലെ ഒരു വൃക്ഷത്തണലിലാണ്, ഇങ്ങനെ എത്രയെത്ര ആഭാസദൃശ്യങ്ങളുണ്ടിതിൽ. മലയാളചലച്ചിത്രങ്ങളുടെ എണ്ണങ്ങളുടെ നിരയിലിടം പെടുന്ന എന്ന സത്യം ഖേദത്തോടെ ഓർക്കാനല്ലാതെ എന്തു ചെയ്യും; ഒരു പുതിയ സിനിമാ ബോധത്തിനും സംസ്കാരത്തിനുംവേണ്ടി, മലയാളസംസ്കാരത്തിന്റെ ഭാവതലങ്ങളുൾക്കൊള്ളുന്ന നല്ല സിനിമകളുണ്ടാവാൻ പ്രിയപ്പെട്ട കാഴ്ചക്കാരെ നമുക്ക് ഒന്നിച്ചു ചേരാം ശബ്ദമുയർത്താം.

...o...

വനദേവത

അഞ്ജനയുടെ ബാനറിൽ യൂസഫലി കേച്ചേരി ഈസ്റ്റ്മാൻ കളറിൽ നിർമ്മിക്കുന്ന ചിത്രമാണ് വനദേവത. നസീറിനോടൊത്തു് നായികയായി അഭിനയിക്കുന്നതു് ഉത്തരേന്ത്യൻ നടിയായ മധുശാലയാണ്. ഭൂതപ്പാക് ഘട്ടക്കിന്റെ കഥയ്ക്കു് സംഭാഷണവും ഗാനങ്ങളും രചിച്ചു് യൂസഫലിതന്നെ ചിത്രം സംവിധാനം ചെയ്യുന്നു. ഛായാഗ്രാഹകൻ മല്ലികാർജ്ജുനറാവു് സംഗീതവും ദേവരാജനും നിർവ്വഹിക്കുന്നു.

അഹല്യാമോക്ഷം

മണക്കാട്ട് രവീന്ദ്രൻ തിരക്കഥയും സംഭാഷണവും രചിച്ച അഹല്യാമോക്ഷം എന്ന ചിത്രത്തിൽ നസീർ, ജയഭാരതി, സുകുമാരി, ശ്രീലത, ഭാസി, ബഹദൂർ, ശങ്കരാടി, പട്ടം സദൻ, കുതിരവട്ടം പപ്പു തുടങ്ങിയവർ അഭിനയിക്കുന്നു. ആലപ്പുഴ എസ്. ജി. ഫിലിംസിനുവേണ്ടി ഗോപി നാഥ് നിർമ്മിക്കുന്ന ഈ ചിത്രം സ്റ്റാൻലി ജോസ് സംവിധാനം ചെയ്യുന്നു.

പുഷ്പശരം

കാമിനിക്കു ശേഷം അൻവർ–സുരേഖർ സഹോദരന്മാർ കഥയും സംഭാഷണവും തയ്യാറാക്കി നിർമ്മിക്കുന്ന പുഷ്പശരം എന്ന ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. നസീർ, ഭാസി, ബഹദൂർ, ജയഭാരതി, ശ്രീവിദ്യ, മീന, സാധന, പ്രേമ, മുത്തയ്യ, സോമൻ. എസ്. പി. പിള്ള കുതിരവട്ടം പപ്പു തുടങ്ങിയവരാണ് താരങ്ങൾ. സുരേഖറിന്റെ ഗാനങ്ങൾക്ക് ബാബുരാജ് സംഗീതം നൽകുന്നു. ശശികുമാറാണ് ചിത്രം സംവിധാനം ചെയ്യുന്നതു്.

പ്രിയേ, നിനക്കുവേണ്ടി

മല്ലികാർജ്ജുനറാവു സംവിധാനം ചെയ്യുന്ന ചിത്രമാണ് മോഡേൺ ആർട്സിന്റെ പ്രിയേ നിനക്കുവേണ്ടി. ഗോപാല

കൃഷ്ണനും ധനപാലും ജോസഫും ചേർന്ന തയ്യാറാക്കിയതാണ് കഥയും സംഭാഷണവും. ഗാനങ്ങൾ ഭരണിക്കാവു ശിവകുമാറും മങ്കൊമ്പു ഗോപാലകൃഷ്ണനും തയ്യാറാക്കിയിരിക്കുന്നു. ആർ. കെ. ശേഖരാണ് ഗാനസംവിധായകൻ. വിൻസെന്റ്, നസീർ, സുകുമാരൻ, ജോസ്പ്രകാശ്, ജയഭാരതി, ലളിത, പ്രേമ, തുടങ്ങിയവർ അഭിനയിക്കുന്നു. □

എജൻറന്മാരുടെ ശ്രദ്ധയ്ക്ക്

മലയാളനാട്ടിന് ഓണപ്പതിപ്പിനു് ഓർഡറും പണവും അയച്ചിട്ടില്ലാത്തവർ ഉടൻ തന്നെ അയച്ചുതരേണ്ടതാണ്. താമസിച്ചെത്തുന്ന ഓർഡറുകൾ സ്വീകരിക്കുന്നതല്ല.

—മാനേജർ

(8-ൽനിന്നും തുടർച്ച)

"താഴികക്കുടങ്ങൾ, പർവ്വതങ്ങൾ, പിരമിഡുകൾ, ചഷകങ്ങൾ എന്നിവയെല്ലാം, ഈ വയുടെ ആകൃതികൊണ്ടുതന്നെ വക്ഷോജങ്ങളെ അനുസ്മരിപ്പിക്കുന്നവയാണല്ലൊ. പൂഴകൾ തടാകങ്ങൾ വെള്ളപ്പൊക്കം എന്നിവ, ദ്രാവകരൂപത്തിലുള്ള പോഷകാഹാരമെന്നനിലയിൽ വക്ഷോജത്തിനു് പ്രതിരൂപമായി പ്രയോഗിക്കാവുന്നവയുമാണു്. അതുപോലെ ആപ്പിളും ഭക്ഷണപദാർത്ഥങ്ങളും പൊതുവെ വക്ഷസ്സുമായി പൊരുത്തപ്പെടാവുന്ന പ്രതിരൂപങ്ങൾ തന്നെ. മുലകുടിക്കുന്ന ശിശുവിനെ സംബന്ധിച്ചിടത്തോളം കൂടുതൽ സങ്കീർണ്ണമായ ഒരു പ്രതിരൂപമാണു് വൃക്ഷം: വസന്തത്തിൽ ഭൂമിമാതാവിൽനിന്നു് വൃക്ഷം ജലം ഊറിയെടുക്കുന്നു; വേനൽക്കാലത്തു് ഇലകളിലൂടെ ഈ ജലം ഉച്ഛ്വസിക്കുന്നു. വ്യക്തമായും സ്തന്യപാനപ്രക്രിയയുമായി ഈ പ്രതിരൂപത്തിനു് സാധർമ്മ്യമുണ്ടെന്നു് അദ്ദേഹം കരുതുന്നു. റൊമാൻറിക്കു് സാഹിത്യത്തിൽ പക്ഷികൾ സർവ്വസാധാരണമായ ഒരു പ്രതിരൂപമാണല്ലോ. ഈ പ്രതിരൂപങ്ങളുടെ പ്രാധാന്യത്തെപ്പറ്റി ബർഗ്ഗ്ളറുടെ വാക്കുകൾതന്നെ ഉദ്ധരിക്കാം. "Especially important for Poets is the fact that birds are among the few species of animals which express their emotion in compulsive song, a Valuable detail in the unconscious symbolisation of the identification word — milk."

മാനസികാപഗ്രഥനസിദ്ധാന്തവിമർശനരംഗത്തു് ഒരു പുതിയ അദ്ധ്യായം ഇവിടെ ആരംഭിക്കുന്നു എന്നതു് നിസ്സംശയമാണു്. പക്ഷെ, ഈ വിശകലനരീതിയുടെ ഔചിത്യം ചോദ്യംചെയ്യപ്പെട്ടേ തീരൂ എന്നു തോന്നുന്നു. കാവ്യങ്ങളുടെയും കലാസൃഷ്ടികളുടെയും വ്യക്തിതലം പാടേ തള്ളിക്കൊണ്ടുള്ള തീവ്രമായ സാമാന്യവൽക്കരണമാണു് ഈ സമീപനത്തിൽ അടങ്ങിയിരിക്കുന്നതു്. കലാസൃഷ്ടിയുടെ ഉത്കർഷാപകർഷങ്ങൾ നിർണ്ണയിക്കുന്നതിനു് ഗ്രന്ഥകാരോപാധിയും മാനസികാപഗ്രഥനക്കാർ സമ്മാനിക്കുന്നതല്ലാതെ; സർവ്വോപരി മാനസികാപഗ്രഥന രീതിയിലുള്ള വിശകലനം ഗ്രന്ഥവിമർശനമാവില്ല; അതുകൊണ്ടു് ഗ്രന്ഥത്തിലൂടെ ഗ്രന്ഥകാരന്റെ മാനസികാപഗ്രഥനശ്രമമാണു്. എല്ലാ കലാകാരന്മാരുടെയും മൗലികപ്രേരണയുമതുതന്നെ എങ്കിൽ — അതിനു് ഈഡിപ്പസ് കോംപ്ലക്സ് എന്നോ അഥവാ സപഷ്ടീകരണരതി എന്നോ എന്തു പേരുനൽകിയാലും — അതു് അംഗീകൃതശാസ്ത്രസത്യമെന്നു് മനഃശാസ്ത്രജ്ഞന്മാർ കരുതുന്നുണ്ടെങ്കിൽ — പിന്നെ ഈ പാഴ്വേലയ്ക്കു് തുനിയുന്നതെന്തിനു്?

മലയാളത്തിൽ മാനസികാപഗ്രഥനാടിസ്ഥാനത്തിൽ ഒരു ഒറ്റ ഗ്രന്ഥവിശകലനം മാത്രമേ ഏതെങ്കിലും ശ്രദ്ധയിൽ പെട്ടിട്ടുള്ളൂ. ബാലാമണിഅമ്മയുടെ "മുഴുവിങ്കിന്റെ കഥ" യെ പുരസ്കരിച്ചു് പ്രൊഫ: ലീലാവതി മാതൃഭൂമിയിൽ എഴുതിയിരുന്ന ലേഖനമാണു്. ഞാൻ ഉദ്ദേശിക്കുന്നതു്. പരമാർത്ഥമായിൽ പ്രൊഫ: ലീലാവതി ആരോപിക്കുന്ന ചേതോവികാരങ്ങൾ ബാലാമണിഅമ്മക്കു് അത്രകണ്ടു് ഭൂഷണമാകുമോ? ഈ വിഷയം പ്രൊഫ. ലീലാവതി ചിന്തിച്ചിരിക്കുമോ എന്തോ?

— ഒ...

Edited Printed & Published by S. K. Nair at New India Printers, Quilon